# 2023 വിവരസാങ്കേതിക വിദ്യാ നയം

## കേരള സർക്കാർ

**(ചർച്ച ചെയ്യുന്നതിനു മാത്രമുള്ള കരട്)**

**ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി**

**2023 സെപ്തംബർ**

# ഉള്ളടക്കം


| | | |
|---|---|---|
| 1 അദ്ധ്യായം I | : | ആമുഖം ........ 3 |
| 2 അദ്ധ്യായം II | : | നയരേഖാ ചട്ടക്കൂട് ........ 6 |
| 3 അദ്ധ്യായം III | : | ഇ-ഗവേണൻസും സ്മാർട്ട് ഗവേണൻസും ........ 14 |
| 4 അദ്ധ്യായം IV | : | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കലും ഐടി വ്യവസായ വികസനവും ........ 21 |
| 5 അദ്ധ്യായംV | : | നവീകരണവും സംരംഭകത്വവും സ്റ്റാർട്ടപ്പുകളും ........ 36 |
| 6 അദ്ധ്യായം VI | : | മനുഷ്യവിഭവശേഷി വികസനം ........ 44 |
| 7 അദ്ധ്യായം VII | : | പുതിയ ഡിജിറ്റൽ സാങ്കേതിക വിദ്യകളും ഉത്തരവാദിത്ത പ്രയോഗവും ........ 49 |
| 8 അദ്ധ്യായം VIII | : | ഡിജിറ്റൽ പൗരത്വവും ജീവിതശൈലിയും ഡിജിറ്റൽ പരിവർത്തന ദൗത്യം ........ 51 |
| 9 അദ്ധ്യായം IX | : | കെഎസ്പിഎസിഇ പ്രത്യേക പ്രോത്സാഹനങ്ങൾ ........ 56 |
| 10 അദ്ധ്യായം X | : | നടപ്പിലാക്കുന്ന ഏജൻസികൾ ........ 60 |

# അദ്ധ്യായം I: ആമുഖം

## 1.1 പശ്ചാത്തലം

ഏറ്റവും ഉയർന്ന മാനവ വികസന സൂചികയുള്ള ഇന്ത്യൻ സംസ്ഥാനമായ കേരളം രാജ്യത്ത് ഇലക്ട്രോണിക്സിന്റെയും ഇൻഫർമേഷൻ ടെക്നോളജിയുടെയും വ്യവസായത്തിന്റെ വികസനത്തിലെ മുൻഗാമികളിൽ ഒന്നാണ്. സംസ്ഥാനം വളരെ മുമ്പ്, 1990-ൽ രാജ്യത്തെ ഏറ്റവും വലുതും ആദ്യത്തേതുമായ വിവരസാങ്കേതിക ഇടം-ടെക്നോപാർക്ക്-സ്ഥാപിക്കുകയുണ്ടായി. കേരള സംസ്ഥാന വിവരസാങ്കേതിക ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനോട് ചേർന്നു (കെഎസ്ഐറ്റിഐഎൽ) ഇൻഫ്രാ പാർക്കിന്റേയും സൈബർ പാർക്കിന്റേയും നിർമ്മാണം വിവരസാങ്കേതിക നൈപുണ്യവും തൊഴിലവസരങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ കൂടുതൽ ഉത്തേജകമായി. സമഗ്രമായ ഒരു വിവരസാങ്കേതിക ആവാസ വ്യവസ്ഥ വികസിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനം കേരള സംസ്ഥാന ഐടി മിഷൻ & സി-ഡിറ്റിന്റെ കീഴിൽ അനേകം ഇ-ഗവേണൻസ് സംരംഭങ്ങൾ ആരംഭിക്കുകയും അവയിൽ പലതും പിന്നീട് പൗരകേന്ദ്രീകൃതമായി സർക്കാർ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ദേശീയ മാതൃകകളായി മാറുകയും ചെയ്തു. കേരളം, കേരള സ്റ്റേറ്റ് സ്റ്റാർട്ട്അപ് മിഷന്റെ (KSUM) കീഴിൽ സ്റ്റാർട്ട്അപ്പുകൾക്കും അഭിവൃദ്ധിക്കായുള്ള ഒരു നയം വികസിപ്പിക്കുന്ന ആദ്യത്തെ സംസ്ഥാനവും, അതിന്റെ ഫലമായി ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ സ്റ്റാർട്ട്അപ് വികസനത്തിലുള്ള മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന ഒരു സംസ്ഥാനമായി സ്ഥിരമായി റാങ്ക് ചെയ്യപ്പെട്ടു. കേരളം സ്ഥിരീകരിച്ചതും IT@ സ്കൂൾ പ്രോഗ്രാം (ഇപ്പോൾ കേരളാ ഇൻപ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) ഉൾപ്പെടെയുള്ള വിവിധ വിജ്ഞാന സൊസൈറ്റികൾ/സമൂഹങ്ങളുടെ നേതൃത്വത്തിൽ പ്രചരിപ്പിച്ചതും പിന്നീട് ഫ്രീ ആന്റ് ഓപ്പൺ സോഫ്റ്റ് വെയറിന്റെ ദേശീയ കേന്ദ്രം (ICFoss) സ്വീകരിച്ചതുമായ ഫ്രീ ആന്റ് ഓപ്പൺ സോഫ്റ്റ്വെയർ (Foss) ഊർജ്ജസ്വലമായ ഒരു ഫോസ് (Foss) സമൂഹത്തിന്റെ വികസനത്തിനും നിർണ്ണായകമായ പ്രയോഗങ്ങളിൽ ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ വ്യാപകമായി സ്വീകരിക്കുന്നതിനും കാരണമായി. വിവരസാങ്കേതിക പ്രതിഭ വികസന ഇടങ്ങളിലും, IIITNK, കേരള ഡിജിറ്റൽ സർവ്വകലാശാല, കേരള ഐസിറ്റി അക്കാഡമി തുടങ്ങിയവ പോലുള്ള പ്രത്യേക സ്ഥാപനങ്ങൾ സ്ഥാപിച്ചുകൊണ്ട് സംസ്ഥാനം കാര്യമായ പുരോഗതി ഉണ്ടാക്കി. സമീപകാലത്ത് ആരംഭിച്ച കെ-ഫോൺ പ്രോജക്ട് സംസ്ഥാനത്തിന്റെ വിവരസാങ്കേതിക വികസനത്തിന് വലിയ തോതിലുള്ള ഉത്തേജനം നൽകും. കേരള സ്പേസ്പാർക്ക് പദ്ധതികൾ കേരളത്തിന്റെ വിവരസാങ്കേതിക ഇടങ്ങൾക്ക് ഒരു പുതിയ മാനം നൽകുന്നു. മുമ്പ് 1998-ൽ ആരംഭിച്ചതു മുതൽ കേരളത്തിന് നയപരിപാടികളിലൂടെ ഇൻഫർമേഷൻ ടെക്നോളജിയുടെ വ്യാപകമായ ഉപയോഗത്തിനുള്ള സമഗ്രമായ ഒരു ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിന് കഴിഞ്ഞു.

സമൂഹത്തിന്റെ മൊത്തത്തിലുള്ള ക്ഷേമത്തിന് വേണ്ടി ഐറ്റിയുടെ പ്രഭാവ ശക്തി പ്രയോജനപ്പെടുത്താൻ കേരളത്തിനു കഴിഞ്ഞപ്പോൾ രാജ്യത്ത് കുതിച്ചുയരുന്ന ഐടിയുടെയും ഇലക്ട്രോണിക്സിന്റെയും വ്യവസായത്തിന്മേൽ സാമ്പത്തികമായി മുതലെടുക്കുവാൻ അധികം സാധിച്ചിട്ടില്ല. ഇന്ന് ഐടി ഇലക്ട്രോണിക്സ് വ്യവസായ ഉൽപാദനത്തിൽ വളരെക്കുറിച്ച് മാത്രം സംഭാവന ചെയ്യുന്ന സംസ്ഥാനത്തെ സംബന്ധിച്ച് സ്പെയ്സ്ടെക് മേഖലകൾ പോലുള്ള ഈ

മേഖലകളിൽ ഉയർന്നു വരുന്ന അവസരങ്ങൾ കണക്കിലെടുത്ത് ഈ മേഖലയെ അടിമുടി അഴിച്ചു പണിയുന്നതിന്റെ ആവശ്യകതയുണ്ട്. കേരളത്തിന് ഡിജിറ്റൽ വിപ്ലവത്തിന്റെ ഉയർന്നുവരുന്ന ലോകഗതിയിൽ ഒരു നേതൃത്വം കൈവരിക്കുന്നതിനുവേണ്ടി ജീവിതത്തിന്റെ എല്ലാ തുറകളിലും 'ഡിജിറ്റൽ' മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് അതിരുകൾ കൂടുതൽ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. ഇത്, ഈ മേഖലയിൽ ദേശീയതലത്തിലും ആഗോളതലത്തിലും വന്നിട്ടുള്ള മൗലികമായ മാറ്റങ്ങൾ കണക്കിലെടുത്ത്, ഒരു പുതിയ നയപരമായ ചട്ടക്കൂടിന്റെ രൂപീകരണം അനിവാര്യമാക്കുന്നു. ഈ സാഹചര്യത്തിൽ അടുത്ത 5 വർഷത്തിൽ കേരളത്തിന് ഒരു വലിയ പരിവർത്തനം പ്രദാനം ചെയ്യുന്നതിനു വേണ്ടിയാണ് 2023 ഐറ്റി നയം നിർദ്ദേശിക്കുന്നത്.

### 1.1.1. 2023 ഐറ്റി നയത്തിന്റെ ലക്ഷ്യം സാങ്കേതികവിദ്യയുടെ വളർച്ചാ പ്രവണതകൾ പ്രയോജനപ്പെടുത്തൽ.

ഇൻഫർമേഷൻ ടെക്നോളജി, ഇന്ത്യയുടെ പ്രധാന മേഖലയായി തുടർന്നുവരുന്നു. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (GDP) ഏകദേശം 10% സംഭാവന ചെയ്തുവരുന്ന ഈ മേഖല ഏതാണ്ട് 5 മില്ല്യൻ ആളുകൾക്ക് തൊഴിൽ നൽകികൊണ്ട് 8% സംയുക്ത വളർച്ചാനിരക്കിനു (CAGR) സാക്ഷ്യം വഹിക്കുന്നു. ഏകദേശം 55% ത്തോളം ആഗോള ഓഹരിയുള്ള ഇന്ത്യൻ ഐറ്റി ബിപിഎം മേഖല ലോകത്തിന് മാർഗ്ഗ ദർശിയും കൂടാതെ ഇന്ത്യൻ കമ്പനികൾ 80+ രാജ്യങ്ങളിലായി 1000-ത്തിൽ പരം ആഗോള വിതരണകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുമുണ്ട്. കോവിഡാനന്തര ലോകത്തിൽ നൂതനമായ സാങ്കേതിക വിദ്യകളുടെ ക്രമാതീതമായ വളർച്ചയുടെ പ്രേരണയിൽ ലോകം ഒരു ഡിജിറ്റൽ പരിവർത്തനത്തിനു അതിവേഗ വിധേയമായിക്കൊണ്ടിരിക്കുന്ന കാരണത്താൽ ഐടി മേഖലയുടെ വളർച്ച ഇനിയും തുടരും എന്ന് പ്രതീക്ഷിക്കുന്നു. സമ്പദ് വ്യവസ്ഥയിൽ പൊതുവിലുള്ള മാന്ദ്യപ്രവണതകളുടെ മദ്ധ്യത്തിലും അതിവേഗം മുന്നേറുന്ന മേഖലകളിലൊന്നാക്കി മാറ്റികൊണ്ട് ഇന്ത്യൻ ഐറ്റി മേഖല അതിന്റെ ഔട്ട് പുട്ട് ഇപ്പോഴുള്ള 245 ബില്യൻ ഡോളർ (2022-23) എന്ന നിലവാരത്തിൽ നിന്ന് 2030 തോടെ USD 500 ബില്യനിലേക്ക് ഇരട്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി നിരവധി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഡിജിറ്റൽ വ്യവസായത്തിന്റെ ഹാർഡ്‌വെയർ മേഖലയിലും സമാനമായ ഒരു പ്രവണത ദൃശ്യമാണ്. ഇന്ത്യയ്ക്ക് ഇലക്ട്രോണിക്സിൽ USD 134 ബില്യൻ എന്ന ഇപ്പോഴുള്ള നിലയിൽ നിന്ന് 2026-ഓടെ ഏകദേശം USD 500 ബില്യൻ അടുത്തുള്ള വിപണി ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. സ്വാശ്രയത്വം വർദ്ധിപ്പിക്കുന്നതിനായി ഇലക്ട്രോണിക്സ് ഉത്പാദനത്തിൽ ഇന്ത്യാഗവൺമെന്റിന്റെ അതിശക്തമായ നയത്തിന്റെ പ്രേരണ മൂലം നിലവിലെ വിപണിയുടെ 50% വരുന്ന ഇറക്കുമതി അപ്പോഴേക്ക് 30% ആയി കുറയുമെന്നു പ്രതീക്ഷിക്കുന്നു.

ഇലക്ട്രോണിക്സ് വ്യവസായം നിലവിൽ ജിഡിപിയുടെ 3.3% സംഭാവന ചെയ്യുകയും CAGR 14%ത്തിലേക്ക് വളരുകയും ചെയ്യുന്നു. ആയത് പ്രസ്തുത വ്യവസായത്തെ സമ്പദ്‌വ്യവസ്ഥയുടെ മുഖ്യവളർച്ചാ ചാലകമാക്കി മാറ്റുകയും ചെയ്യുന്നു. 70-കളുടെ അവസാനത്തിൽ കേരളം വികസനത്തിന്റെ സവിശേഷമായ വികേന്ദ്രീകൃത മാതൃകയായി രൂപപ്പെടുത്തിയ M/s കെൽട്രോൺ എന്ന മാതൃകാ പൊതുമേഖലാ സ്ഥാപനം സ്ഥാപിച്ചുകൊണ്ട് ഇലക്ട്രോണിക്സ് വ്യവസായത്തിൽ ആദ്യകാല മുന്നേറ്റം നടത്തിയെങ്കിലും 1990-കളിലും 2000-ങ്ങളിലും ഈ മേഖലയുടെ അതിദ്രുതമായ വളർച്ചയോടൊപ്പം സംസ്ഥാനത്തിന് പിടിച്ചുനിൽക്കാനായില്ല കെഎസ്ആർഒ, സിഡിഎസി, കൊച്ചിൻ ഷിപ്പയാർഡ്, ബ്രഹ്മോസ് തുടങ്ങിയ ദേശീയ ഏജൻസികളുടെ സാന്നിധ്യവും ബഹിരാകാശം, ഇലക്ട്രിക് മൊബിലിറ്റി തുടങ്ങിയ മേഖലകളിൽ ഡിമാന്റ് ഉയർന്നുവന്നതും കാരണം

സമീപഭാവിയിൽ സംസ്ഥാനത്ത് നിന്നുള്ള ഇലക്ട്രോണികസ് വ്യവസായത്തിന്റെ വികസനത്തിന് വലിയ സാധ്യതകളുണ്ട്.

അതേ സമയം ലോകമെമ്പാടും ഐടി ഇലക്ട്രോണിക്സ് ബഹിരാകാശ മേഖലകൾ കാര്യമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ, ഫിസിക്കൽ, ബയോളജിക്കൽ മേഖലകളുടെ സംയോഗത്താൽ സവിശേഷമാക്കപ്പെട്ട നാലാം വ്യാവസായിക വിപ്ലവത്തിന്റെ ആവിർഭാവത്തോടുകൂടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡേറ്റാ അനലറ്റിക്സ്, ബ്ലോക്ക് ചെയിൻസ് ക്ലൗസ് കമ്പ്യൂട്ടിംഗ്, ക്വാണ്ടം കമ്പ്യൂട്ടിംഗ് തുടങ്ങിയവ പോലുള്ള ഒരു കൂട്ടം നൂതന സാങ്കേതിക വിദ്യകളാൽ നയിക്കപ്പെടുന്ന ഒരു ഡിജിറ്റൽ വിപ്ലവത്തിനാണ് ലോകം സാക്ഷ്യം വഹിക്കുന്നത്. ഈ ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ പ്രധാന സവിശേഷത അവയുടെ സർവ്വവ്യാപിയായ സ്വഭാവവും സമൂഹത്തിന്റെ വിവിധ മേഖലകളിൽ അവയ്ക്കുള്ള വ്യാപകമായ സ്വാധീനവുമാണ്. ഈ സാങ്കേതിക വിദ്യകൾ ഉചിതമാംവണ്ണം ഉപയോഗിക്കുകയാണെങ്കിൽ നിലവിൽ മാനവ വികസനത്തിന് പ്രതിബന്ധമാകുന്ന നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് സമൂഹത്തിൽ ആത്യന്തികമായി അനുകൂല പരിവർത്തനമുണ്ടാക്കാൻ സാധിക്കുന്നതാണ്. ഈ സാങ്കേതിക വിദ്യകൾക്ക് സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ സാധിക്കുന്നതും ഏറ്റവും ഉയർന്ന മാനവ വികസന സൂചികയുള്ള സംസ്ഥാനമെന്ന നിലയിൽ സാമൂഹിക നന്മയ്ക്കായി ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തിന് അഗ്രഗാമിയാകാൻ സാധിക്കുന്നതാണ്.

മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാം കേരളത്തിന്, അതിന്റെ വികസനത്തിന്റേയും വളർച്ചയുടേയും അടുത്ത ഘട്ടത്തിൽ വളരെയേറെ ഗുണം ചെയ്തേക്കാം. 2023 ഐടി നയത്തിന്റെ ലക്ഷ്യങ്ങൾക്ക് രണ്ട് വശങ്ങളുണ്ടായിരിക്കും. ഒരു വശത്ത് സംസ്ഥാനം ഉത്പാദനവും തൊഴിലവസരങ്ങളും അടിസ്ഥാനമാക്കി ഐടി, ഇലക്ട്രോണിക്സ്, ബഹിരാകാശ മേഖലകളിൽ വളർന്നു വരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുള്ളപ്പോൾ, മറുവശത്ത് കൂടുതൽ പക്ഷപാതരഹിതമായ സമഗ്ര വളർച്ച കൊണ്ടുവരുന്നതിന് വിവിധ മേഖലകളിലെ സാങ്കേതികവിദ്യകൾ സംസ്ഥാനം സ്വീകരിക്കേണ്ടതുമാണ്. അറിവ് മാനവക്ഷേമത്തിനായി ഉപയോഗിക്കുന്നിടം ഒരു പക്ഷപാതരഹിതവും ജനാധിപത്യപരവുമായ സമൂഹമെന്ന് യുനെസ്ക്കോ (2005) നിർവ്വചിച്ചിട്ടുള്ള പ്രകാരം ഒരു യഥാർത്ഥ വിജ്ഞാനസമൂഹമായി പരിണമിക്കുന്നതിലേക്കുള്ള സംസ്ഥാനത്തിന്റെ മുന്നേറ്റത്തെ ത്വരതിപ്പെടുത്തും.

# അദ്ധ്യായം II:നയരേഖാ ചട്ടക്കൂട്

## 2.1. 2023 ഐറ്റി നയം-വളർച്ചയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

കേരളത്തിനുള്ള പുതിയ ഐറ്റി നയത്തിന്റെ പ്രാഥമിക ലക്ഷ്യം, ഉചിതമായ ഡിജിറ്റൽ സാങ്കേതിക വിദ്യകൾ സ്വീകരിക്കുകയും വിന്യസിക്കുകയും ചെയ്യുന്നതിലൂടെ സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമം വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് സംസ്ഥാനത്തിനു വേണ്ടി ഒരു രൂപരേഖ തയ്യാറാക്കുക എന്നതാണ്. എന്നാൽ, കേരള സമ്പദ് വ്യവസ്ഥയുടെ എല്ലാ ഉത്പാദന മേഖലകളേയും നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള അടിത്തറയില്ലാതെ മുന്നോട്ടുള്ള ഈ പുരോഗതി നിലനിറുത്തുന്നതിന് സാധ്യമല്ല. ഇത് വളർച്ചയുടെ അടുത്ത ദശകത്തിലേക്കുള്ള അജണ്ടയാണ്. മാനവവികസന സൂചികകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ പ്രകടനം മൂല്യശൃംഖലയിലെ സ്ഥിതി മെച്ചപ്പെടുത്തികൊണ്ട് മേഖലയിലെ സാമ്പത്തിക വളർച്ചയ്ക്ക് വേണ്ടി പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഭരണം മെച്ചപ്പെടുത്തുന്നതിനും പൗരന്മാർക്ക് സേവനങ്ങൾ നൽകുന്നതിനുമുള്ള സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഒരു പ്രധാന പരിഗണനയാണ്. ഇത് കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ പുതിയ 2023 ഐറ്റി നയം യഥാക്രമം സാമ്പത്തിക വികസനത്തിലും സാമൂഹിക വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് രണ്ടായി വിഭജിച്ചിരിക്കുന്നു. ഇത് ചിത്രം 1-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ചുവടെയുള്ള ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ സാമ്പത്തിക വളർച്ച നിശ്ചിതമായിരിക്കുമ്പോൾ, സാമൂഹിക വളർച്ച, സാങ്കേതിക വിദ്യയെ പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് ഡിജിറ്റൽ പരിവർത്തനത്തിലൂടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇത് നേടുന്നതിന്, അടിസ്ഥാന സൗകര്യങ്ങൾ ഭൗതികവും മാനുഷികവും ആയവ വർദ്ധിപ്പിക്കേണ്ടതിന്റേയും ആധുനീകരണവും സംരംഭകത്വവും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആവാസ വ്യവസ്തകൾ സൃഷ്ടിക്കേണ്ടതിന്റേയും, സ്മാർട്ട് ഭരണതത്വങ്ങൾ ഏറ്റെടുത്തു കൊണ്ട് ഭരണം മെച്ചപ്പെടുത്തേണ്ടതിന്റേയും ആവശ്യമുണ്ട്. ഈ നിർവ്വാഹകരെ ശക്തിപ്പെടുത്തുന്നതിന് സർക്കാരിന്റെ പ്രത്യേക നയ ഇടപെടലുകളും അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപങ്ങളും നടത്തേണ്ടതുണ്ട്. കൂടാതെ, നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വത്തെ സഹായിക്കുന്നതിനും സാമൂഹിക നന്മയ്ക്കായി ഡിജിറ്റൽ പരിവർത്തനം സുഗമമാക്കുന്നതിനും കാലാകാലങ്ങളിൽ സാമ്പത്തികമായ പ്രോത്സാഹനങ്ങൾ ക്രമീകരിക്കേണ്ടതായി വന്നേക്കാം. ഇവയെല്ലാം പുതിയ 2023 ഐറ്റി നയത്തിന്റെ ഘടകങ്ങളാണ്.

| | | |
|---|---|---|
| ലക്ഷ്യങ്ങൾ | സാമ്പത്തിക വളർച്ച അടുത്ത അഞ്ച് വർഷത്തിൽ ഇന്ത്യയുടെ ഐടി & ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ 10% കേരളം സംഭാവന ചെയ്യുന്നതിന് | സാമൂഹിക വളർച്ച ഡിജിറ്റൽ സാങ്കേതിക വിദ്യകളിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക |
| നിർവ്വാഹകർ | ഈ-ഗവേണൻസും സ്മാർട്ട് ഗവൺമെന്റും | |
| | അടിസ്ഥാന സൗകര്യവികസനം/വർദ്ധിപ്പിക്കൽ | |
| | മാനവ വിഭവശേഷി വികസനം | |
| | നവീകരണവും സ്റ്റാർട്ടപ്പുകളും സംരംഭകത്വം ആവാസവ്യവസ്ഥയും | |

| | |
|---|---|
| | പുതിയ സാങ്കേതിക വിദ്യകളും ഡേറ്റാ മാനേജ്മെന്റും |

ചിത്രം 1. 2023 ഐറ്റി നയത്തിന്റെ ആശയപരമായ മാതൃക

## 2.2. 2023 ഐ.ടി നയം:- പ്രതീക്ഷിക്കുന്ന ഫലങ്ങൾ

2023–ഐറ്റി നയത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ഡിജിറ്റൽ നയത്തിന്റെ മൊത്തത്തിലുള്ള ഫലം കേരളത്തെ ഒരു സമഗ്ര വിജ്ഞാനസമൂഹമായി പരിവർത്തനം ചെയ്യുക എന്നതാണ്. ഇത് കൈവരിക്കുന്നതിന്, സംസ്ഥാനം സാമൂഹികവും, സാമ്പത്തികവുമായ തലങ്ങളിൽ വികസിക്കേണ്ടതുണ്ട്. 1–ാം അധ്യായത്തിൽ പ്രതിപാദിച്ചതുപോലെ രാജ്യത്തെ വിവരസാങ്കേതിക വ്യവസായ വളർച്ചയിൽ നിന്ന് കേരളത്തിന് കാര്യമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല, മാത്രമല്ല തൊട്ടടുത്ത അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വ്യവസായത്തിൽ സംസ്ഥാനത്തിന്റെ പങ്ക് വളരെ കുറവുമാണ്. അടുത്ത ദശകത്തിലേക്കുള്ള പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഇത് പരിഹരിക്കുക എന്നതാണ്. കേന്ദ്രീകൃത പാർക്കുകൾ കേന്ദ്രീകരിച്ചുള്ള വളർച്ചക്കെതിരായി ഐറ്റിയിലെ വികേന്ദ്രീകൃത വികസനത്തിലേയ്ക്കുള്ള പ്രവണത, നല്ല സിവിൽ സൗകര്യങ്ങളോടുകൂടി സംസ്ഥാനത്തുടനീളം നഗരതുടർച്ചയുള്ള സംസ്ഥാനത്തിന് ഒരു പ്രധാന നേട്ടമാകാം. ഇത് കണക്കിലെടുത്ത് അടുത്ത 5 വർഷത്തിൽ രാജ്യത്തിന്റെ ഐടി വിപണി വിഹിതത്തിന്റെ 10% നേടുന്നതിന് കേരളം ലക്ഷ്യമിടേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

ഐടി മേഖല ഏകദേശം 500 ബില്യൺ ഡോലറിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. ആയത് 2030 ആകുമ്പോഴേക്കും ഏകദേശം 50 ബില്യൺ ഡോളറായി മാറും. ഇത് ഇപ്പോൾ നിലവിലുള്ള ഏകദേശം 4 ബില്യൺ ഡോളറിനടുത്തുള്ള വളർച്ചയുടെ 10 മടങ്ങിൽ കൂടുതലാണ്. 2040–തോടെ ബഹിരാകാശ സമ്പദ്‌വ്യവസ്ഥ നിലവിലെ 500 ബില്യൺ ഡോളറിൽ നിന്ന് 1 ട്രില്യൺ ഡോളറിലേക്ക് വളരുമെന്ന് പ്രവചിച്ചിട്ടുള്ളതും ഇന്ത്യാ ഗവൺമെന്റ് 10% വിഹിതം കൈവരിക്കുക എന്ന മിതമായ ലക്ഷ്യം തയ്യാറാക്കിയിട്ടുമുണ്ട്, അതായത് 100 ബില്യൺ ഡോളർ. ബഹിരാകാശ പദ്ധതിയുടെ കളിത്തൊട്ടിലും ഐഎസ്ആർഒയുടെ മൂന്നു പ്രധാന കേന്ദ്രങ്ങൾക്കും ഏക ബഹിരാകാശ സാങ്കേതിക സ്ഥാപനത്തിനും (ഐഐഎസ്ടി) ആതിഥ്യം നൽകുകയും ചെയ്യുന്ന കേരളം 2030 തോടെ 10,000 കോടിയിൽ എത്തേണ്ടതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇലക്ട്രോണിക് വ്യവസായത്തിനുവേണ്ടിയും സമാനമായ വളർച്ച ലക്ഷ്യമിടാവുന്നതാണ്.

അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തെ നോളജ് എക്കോണമിയാക്കി മാറ്റുക എന്നതാണ് ഇപ്പോഴത്തെ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്ന്. കേരളത്തെ ഒരു യഥാർത്ഥ വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനും ഐറ്റി, ഇലക്ട്രോണിക്സ്, ബഹിരാകാശ വ്യവസായം എന്നിവയുടെ സാമ്പത്തിക വളർച്ചക്കുള്ള സുനിശ്ചിതമായ ലക്ഷ്യത്തെ, മൊത്തത്തിലുള്ള സാമൂഹിക വളർച്ചയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ശക്തിയിൽ ഊന്നൽ നൽകിക്കൊണ്ട്, പരിപോഷിപ്പിക്കേണ്ടതുണ്ട്. ഇതിൽ മനുഷ്യവികസനത്തെ ബാധിക്കുന്ന നിരവധി അടിസ്ഥാനമേഖലകളുടെ ദ്രുതഗതിയിലുള്ള പരിവർത്തനത്തിനായി ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതും ഉൾപ്പെടുന്നു. സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വിവിധ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്ഡിജി-കൾ) കൈവരിക്കുന്നത് ഈ ദിശയിൽ മുന്നോട്ടുള്ള ഒരു നല്ല മാർഗ്ഗമായിരിക്കും. പാഴായി പോകുന്നത് കുറയ്ക്കുന്നതിനും വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും വളർച്ചയുടെ നിരവധി സമഗ്രമായ മാതൃകകൾ സുഗമമാക്കുന്നതിനും സാങ്കേതിക വിദ്യ ഉപയോഗിക്കാവുന്നതാണ്. ഇതിനായി പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തുന്നത്, സംസ്ഥാനത്തിനായുള്ള പുതിയ 2023 ഐടി നയത്തിൽ നിന്ന് പ്രതീക്ഷിക്കുന്ന ഫലത്തിന്റെ മറ്റൊരു വശമായി രൂപം കൊള്ളുന്നു.

## 2.3 നിർവ്വാഹകർ

കേരളത്തിനായുള്ള പുതിയ 2023 ഐടി പോളിസി അതിന്റെ നിലവിലുള്ള ശക്തി വർദ്ധിപ്പിക്കേണ്ടതാണ്. സംസ്ഥാനത്തെ ഐറ്റി മേഖലയുടെ അടുത്ത ഘട്ട വളർച്ചയുടെ അടിസ്ഥാനമാകുന്ന ചില ഘടകങ്ങൾ താഴെ ചേർക്കുന്നു.

### 2.3.1. അടിസ്ഥാന സൗകര്യങ്ങൾ

അടിസ്ഥാനസൗകര്യങ്ങൾ ഏതൊരു വ്യവസായത്തിന്റേയും വികസനത്തിന്റെ മുഖ്യഘടകമാണ്. സംസ്ഥാനത്ത് അടുത്തഘട്ട വളർച്ചയെ സഹായിക്കുന്ന പ്രധാനപ്പെട്ട നാല് അടിസ്ഥാന സൗകര്യഘടകങ്ങൾ ഉണ്ട്.

#### 2.3.1.1. ഐറ്റി പാർക്കുകളും തൊഴിലിടങ്ങളും

1992-ൽ തിരുവനന്തപുരത്ത് ടെക്നോപാർക്ക് സ്ഥാപിതമായതോടെ, രാജ്യത്ത് ഐറ്റി യൂണിറ്റുകൾക്കായി കേന്ദ്രീകൃത തൊഴിലിടങ്ങൾ സൃഷ്ടിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം. പിന്നീട്, ഐടി വ്യവസായങ്ങളുടെ വളർച്ചക്ക് സഹായകമായി കൊച്ചി ഇൻഫോപാർക്കും, കോഴിക്കോട് സൈബർ പാർക്കും, കൊല്ലം, ചേർത്തല, കൊരട്ടി എന്നിവിടങ്ങളിൽ സാറ്റലൈറ്റ് സൗകര്യങ്ങളും ഉണ്ടാക്കി. വളർച്ചയുടെ അടുത്ത ഘട്ടത്തിൽ, ഈ അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതിന് സ്വകാര്യമേഖലയുടെ സജീവ പങ്കാളിത്തത്തോടെ ഐറ്റി ഇടനാഴികളായി കൂടുതൽ ഇടങ്ങൾ വികസിപ്പിക്കുന്നതാണ്. പ്രാരംഭഘട്ട കമ്പനികളെ സഹായിക്കുന്നതിനുള്ള പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ സ്റ്റാർട്ടപ്പ് കമ്പനികളുടെ വളർച്ചയ്ക്കുള്ള പ്രധാന നിർവ്വാഹകരാണെന്നു തെളിയിക്കുന്നു. സ്വകാര്യ ഐടി പാർക്കുകൾ സ്ഥാപിക്കാൻ സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുകയും നിലവിൽ ഐടി പാർക്കുകൾക്കുള്ള പ്രോത്സാഹനങ്ങൾ അംഗീകരണം മുഖേന ഇവയിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്. സംസ്ഥാനത്ത് ഐടി പാർക്കുകൾ സ്ഥാപിക്കുന്നത് സുഗമമാക്കുന്നതിന് ആവശ്യമെങ്കിൽ, ഭൂനിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നതാണ്.

#### 2.3.1.2. കമ്മ്യൂണിക്കേഷൻ ഇൻഫ്രാസ്ട്രക്ചർ:

കേരളം, ഈ-ഗവേണൻസ് പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനായി എല്ലാ സർക്കാർ ഓഫീസുകളെയും ബന്ധിപ്പിച്ചുകൊണ്ടും ഒരു വൈഡ് ഏരിയ നെറ്റ്‌വർക്കും (KSWAN) പൊതുജനങ്ങളുടെ ഉപയോഗത്തിനായി പൊതുസ്ഥലങ്ങളിൽ സൗജന്യ വൈ-ഫൈ സൗകര്യങ്ങളും സൃഷ്ടിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ്. 30,000 ത്തിലധികം സർക്കാർ ഓഫീസുകളിലേക്ക് ഉയർന്ന നിലവാരമുള്ള ബാൻഡ് വിഡ്ത്ത് കണക്ടിവിറ്റിയും, വീടുകളിലേക്ക് വാണിജ്യ കണക്ഷനുകളും ലഭ്യമാക്കാൻ വിഭാവന ചെയ്യുന്ന സംസ്ഥാനവ്യാപകമായ ഹൈ സ്പീഡ് ഗിഗാഫൈബർ ഇൻഫ്രാസ്ട്രക്ചർ, കേരള ഫൈബർ ഓപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ പദ്ധതി) പോലുള്ള നൂതന സംരംഭങ്ങൾ പിന്നീടും സംസ്ഥാനം തുടർന്നുപോരുന്നു. ഓരോ പൗരനും ഇന്റർനെറ്റ് ഒരു അടിസ്ഥാന ആവശ്യമാക്കുക എന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നയം തിരിച്ചറിഞ്ഞുകൊണ്ട് ഈ പദ്ധതി സമീപഭാവിയിൽ ഏകദേശം 2 ദശലക്ഷം കുടുംബങ്ങൾക്ക് സബ്സിഡി/സൗജന്യ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതാണ്. വിവിധ ISP-കൾ തമ്മിലുള്ള മത്സരം ഉറപ്പാക്കുകയും പൗരന്മാർക്ക് ന്യായമായ ചിലവിൽ നല്ല ഇന്റർനെറ്റ് കണക്ഷൻ

ഉറപ്പാക്കുകയും ചെയ്തു കൊണ്ട് കെ-ഫോൺ സംസ്ഥാനത്തെ ഐടി വളർച്ചയുടെ അടുത്ത ഘട്ടത്തിലെ ഒരു സുപ്രധാന നിർവ്വാഹകരായിരിക്കും.

### 2.3.1.3. ബൗദ്ധിക അടിസ്ഥാന സൗകര്യം

ഭൗതിക അടിസ്ഥാന സൗകര്യങ്ങൾക്കു പുറമേ, സംസ്ഥാനത്ത് സാങ്കേതികവിദ്യാ വ്യവസായങ്ങളുടെ വൻതോതിലുള്ള വളർച്ചയ്ക്ക് സഹായകമായി ബൗദ്ധിക അടിസ്ഥാന സൗകര്യങ്ങളുടെ ശക്തമായ അടിസ്ഥാനമുണ്ടാക്കുന്നതിനായി സംസ്ഥാനം ഇതിനകം തന്നെ നിക്ഷേപം നടത്തിയിട്ടുണ്ട്. ഐടി മേഖലയ്ക്ക് പ്രാവീണ്യം നൽകുന്ന നിരവധിയായിട്ടുള്ള സാങ്കേതിക സ്ഥാപനങ്ങൾക്കു പുറമേ ഡിജിറ്റൽ ലോകത്തിനായി സർക്കാർ ഒരു പ്രതിഷ്ഠിതമായ സർവ്വകലാശാല-രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാലയും ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. കേരള ഡിജിറ്റൽ സർവ്വകലാശാല നിർദ്ദിഷ്ഠ ഡിജിറ്റൽ സയൻസ് പാർക്കിനോടൊപ്പം കേരളത്തിൽ നിന്നുള്ള ഐപി അധിഷ്ഠിത സാങ്കേതിക ഉൽപ്പന്ന കമ്പനികളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 100-ലധികം സാങ്കേതിക സ്ഥാപനങ്ങൾ അടങ്ങുന്ന ഒരു സംസ്ഥാനതല പരിശീലന അടിസ്ഥാന സൗകര്യം-സ്കിൽ ഡലിവറി പ്ലാറ്റ് ഫോം കേരള (SDPK)-ഐടി കപ്പാസിറ്റി ബിൽഡിംഗിലെ ഒരു പൊതു-സ്വകാര്യ പങ്കാളിത്തമായ KSITIL & കേരള ICT അക്കാഡമിയുടെ സഹായത്തോടെ സാങ്കേതികവിദ്യയുടെ ഉയർന്നുവരുന്ന മേഖലകളിൽ കഴിവുകൾ വികസിപ്പിക്കുവാൻ സഹായിക്കുന്നു.

### 2.3.1.4. ഹൈടെക് വ്യവസായങ്ങൾക്കുള്ള പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്തിന്, ഹാർഡ് വെയർ സോഫ്റ്റ്വെയർ മേഖലകളിലെ ഉന്നത സാങ്കേതിക വ്യവസായങ്ങളുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും. പ്രതിഭകളുടെ ലഭ്യതയും, VSSC, LPSC, IIST തുടങ്ങിയ അന്താരാഷ്ട്ര പ്രശസ്തമായ ബഹിരാകാശ ഗവേഷണ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും കണക്കിലെടുത്ത് ബഹിരാകാശ, ശൂന്യാകാശ മേഖലകളിൽ പ്രതീക്ഷിക്കുന്ന വൻതോതിലുള്ള വളർച്ചയെ സഹായിക്കുന്ന വ്യവസായങ്ങളുടെ വികസനം കേരളത്തിന് പ്രധാനപ്പെട്ട ഒരു മുൻഗണന ആയിരിക്കും. ഇതിനായി ബഹിരാകാശ വ്യവസായത്തിനുള്ള ഒരു പ്രത്യേക പാർക്ക് KSPACE, വികസിപ്പിക്കും. KSPACE, ബഹിരാകാശ മേഖലയുമായി ബന്ധപ്പെട്ട ഹൈടെക് വ്യവസായങ്ങളിലും ശൂന്യാകാശം, പ്രതിരോധം എന്നിവയിലെ അനുബന്ധ മണ്ഡലങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കും. സാങ്കേതിക വിദ്യയുടെ മേഖലകളായി വികസിക്കുന്ന ഇടങ്ങളിൽ വ്യവസായങ്ങൾ സൃഷ്ടിക്കുന്നതിന് കാലക്രമേണ സമാനമായ പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കപ്പെടും പ്രത്യേക അടിസ്ഥാന സൗകര്യങ്ങളിൽ, സോഫ്റ്റ്വെയർ ബാങ്ക്, മെക്ക് ഇലക്ട്രോണിക്, പ്രോട്ടോ ടൈപ്പ് ഡവലപ്പിംഗ് സൗകര്യം പ്രാരംഭ ഉത്പാദനം ഡിജിറ്റൽ ഫാബ്രിക്കേഷൻ, പരിശോധനയ്ക്കും സാക്ഷ്യപ്പെടുത്തലിനുമുള്ള സൗകര്യങ്ങൾ, ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു.

### 2.3.1.5. സാമൂഹികവും സ്വകാര്യവുമായ അടിസ്ഥാന സൗകര്യങ്ങൾ

KITE പ്രോഗ്രാമിന് കീഴിൽ 16000 സ്കൂളുകളിൽ 4.5 ലക്ഷം ICT ഉപകരണങ്ങൾ വിന്യസിച്ചുകൊണ്ട് വിദ്യാഭ്യാസത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ ആയ ആദ്യ സംസ്ഥാനമായി കേരളം

പ്രഖ്യാപിക്കപ്പെട്ടു. 2000-ത്തിലധികം സ്കൂളുകളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബുകൾ രാജ്യത്തെ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ICT ശൃംഖലയും ഇതുവരെ 3.75 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് പ്രയോജനമായിട്ടുമുണ്ട്. ലിറ്റിൽ KITES വിദ്യാർത്ഥികൾ അവരുടെ കൂടെയുള്ളവർക്കും അതുപോലെ തന്നെ പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നു. 24/7-ഉം പ്രവർത്തന ക്ഷമമായ KITE VICTERS വിദ്യാഭ്യാസ ചാനൽ കോവിഡ് 19 മഹാമാരിക്കാലത്ത് 4.5 ദശലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ഏക സ്രോതസ്സായിരുന്നു, ഇത് സംസ്ഥാനത്തെ അതുല്യ മാതൃകയാണ്.

### 2.3.2. സ്റ്റാർട്ടപ്പുകളും സർക്കാർ വകുപ്പുകളും മുഖേന നൂതനാശയങ്ങൾക്ക് ഊന്നൽ നൽകുക

വിവിധ പദ്ധതികൾ (സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും) സ്ഥാപിക്കുന്നതിന് സഹായകമാകുന്ന സ്റ്റാർട്ടപ്പ് പോളിസി വികസിപ്പിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇത് പിന്നീട് സർക്കാർ വിപണിയിലേക്ക് വ്യാപിക്കുകയും സർക്കാർ വകുപ്പുകളിൽ മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്തു. 2017 ഐടി പോളിസിയുടെ നയസംരംഭങ്ങൾ, രാജ്യത്തെ 10% ത്തിൽ കൂടുതൽ വരുന്ന സ്റ്റാർട്ടപ്പുകൾക്കു വേണ്ടി ചലനാത്മകമായ ഒരു സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ വികസിപ്പിക്കുന്നതിന് സംസ്ഥാനത്തെ പ്രാപ്തമാക്കും. ഐറ്റി ഉത്പന്ന മേഖലയിൽ വൻതോതിലുള്ള വളർച്ചയ്ക്ക് രാജ്യം സജ്ജമായതിനാൽ, ഈ പ്രാരംഭ നേട്ടം കേരളത്തിന് പ്രയോജനപ്പെടുത്താനാകും.

### 2.3.3. ഇ-ഗവേണൻസിലെ പുരോഗതി

ഇ-ഗവേണൻസിൽ രാജ്യത്തെ മുൻനിര നിർവ്വാഹകരിൽ ഒന്നാണ് കേരളം. എല്ലാ സർക്കാർ സേവനങ്ങളും ഡിജിറ്റൽ മാർഗ്ഗത്തിലൂടെ പൗരന്മാർക്ക് എത്തിച്ചു വരുന്നതിലൂടെ 2023 മേയ് മാസത്തിൽ സംസ്ഥാനം പൂർണമായും ഇ-ഗവേണൻസ് സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. 1997-ൽ സർക്കാർ രൂപീകരിച്ച ഉന്നത സ്ഥാപനമായ കേരള സംസ്ഥാന വിവരസാങ്കേതിക മിഷൻ സർക്കാർ വകുപ്പുകളിൽ ഇ-ഗവേണൻസ് പ്രയോഗിക്കുന്നതിനുള്ള നയപദ്ധതിക്ക് രൂപം നൽകിയിരുന്നു. 1999 മുതൽ, കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിനും, അതുപോലെ തന്നെ സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികളായി പ്രവർത്തിക്കുന്നതിനും നിരവധി പൊതു സ്വകാര്യമേഖലയിലെ സംഘടനകളെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർമാരായി അംഗീകരിച്ചു. വ്യത്യസ്ത വകുപ്പുകൾക്കായി വിവിധ അടിസ്ഥാന സൗകര്യങ്ങളും സോഫ്റ്റ് വെയർ വികസന പദ്ധതികളും ഏറ്റെടുത്ത NIC, CDAC, KELTRON, C-DIT മുതലായവ ഉൾപ്പെടുന്നു. 1999-ൽ സ്ഥാപിതമായ ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാനത്തെ 1200 ലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഒരു സമഗ്ര കമ്പ്യൂട്ടർവൽക്കരണ പരിപാടിക്ക് നേതൃത്വം നൽകി. വളരെ മുമ്പ് 2002-ൽ സ്ഥാപിതമായ അക്ഷയകേന്ദ്രങ്ങളിലൂടെ പൗരന്മാർക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്ന അതുല്യ മാതൃക, സർക്കാർ-അനുബന്ധ പ്രവർത്തനങ്ങൾക്കായുള്ള ഒരു പൊതുസേവന കേന്ദ്രത്തിന്റെ ആഗോള മാനദണ്ഡമാണ്. അതുപോലെ, ദശലക്ഷക്കണക്കിന് സ്കൂൾ കുട്ടികൾക്ക് ഐടി അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനുള്ള അവാർഡ് നേടിയ KITE പദ്ധതി (മുമ്പ് ഐടി@ സ്കൂൾ) സംസ്ഥാനത്തെ ബഹുജനങ്ങൾക്കിടയിൽ ഐടി സാക്ഷരതയും കഴിവും വികസിപ്പിക്കുന്നതിനുള്ള മികച്ച സംരംഭമാണ്. പൊതുസേവനം പ്രദാനം ചെയ്യുന്നതിൽ ഓപ്പൺ സോഫ്റ്റ് വെയർ ഉപയോഗത്തിന്റെ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന് 2009 ൽ ഇന്റർനാഷണൽ

സെൻ്റർ ഫോർ ഫ്രീ ആൻ്റ് ഓപ്പൺ സോഫ്റ്റ്‌വെയർ (ICFOSS) സ്ഥാപിച്ചത്, വരും വർഷങ്ങളിൽ സമഗ്രമായ ഐറ്റി ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് പ്രയോജനപ്പെടുത്താവുന്ന മറ്റൊരു പ്രധാന സഹായിയാണ്. സാധാരണ പൗരന്മാരെ സഹായിക്കുന്നതിന് വേണ്ടി സവിശേഷമായ ഇ-ഗവേണൻസ് സൊല്യൂഷൻസ് ഉറപ്പാക്കുന്നതിനായി മുമ്പ് വിവിധ നയസംരംഭങ്ങളിലൂടെ കേരള സംസ്ഥാന ഐടി മിഷൻ, ഇ-ഗവേണൻസിനുള്ള നോഡൽ ഏജൻസി, C-DIT, ഡിജിറ്റൽ സർവ്വകലാശാല, ഐസിറ്റി അക്കാഡമി പോലുള്ള പ്രത്യേക ഏജൻസികൾ രൂപീകരിച്ചിരുന്നു. ഐടി മിഷൻ സർക്കാരിന്റെ വിവിധ വകുപ്പുകളെ അവരുടെ ഡിജിറ്റൽ പരിവർത്തനത്തിനായി സഹായിക്കുമ്പോൾ ICFOSS, ICT അക്കാഡമിയോടൊപ്പം സിഡിറ്റ് & ഡിജിറ്റൽ സർവ്വകലാശാലയും ആയതിനുവേണ്ടിയുള്ള പ്രധാന ടെക്നോളജി സൊല്യൂഷനുകൾ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ആപ്ലിക്കേഷനുകളിൽ സ്വതന്ത്ര ഓപ്പൺ-സോഴ്സ് സോഫ്റ്റ്‌വെയർ ഉപയോഗത്തെ ICFOSS ശുപാർശ ചെയ്തു വരുന്നതിന്റെ ഫലമയി കേരളത്തിൽ അവയുടെ പ്രയോഗം വ്യാപകമായി.

## 2.4. പുതിയ നയ ചട്ടക്കൂട്

2023 ഐടി നയം, മുൻനയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് തിരിച്ചറിയാൻ സാധിക്കുന്ന വിവിധ നിർവ്വാഹകരെ പ്രയോജനപ്പെടുത്തി സെക്ഷൻ 2.2-ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം സാമ്പത്തിക വളർച്ചയുടെയും സാമൂഹ്യ വികസനത്തിന്റേയും ഇരട്ട ഫലങ്ങൾ കൈവരിക്കുന്നതിനുള്ള ഒരു ചട്ടക്കൂട് നിർദ്ദേശിക്കുന്നു. ചിത്രം 1-ൽ കാണിച്ചിരിക്കുന്നതുപോലെ ചട്ടക്കൂടിന് നയനടപടികളിലൂടെയോ ധനപരമായ പ്രോത്സാഹനത്തിലൂടെയോ അല്ലെങ്കിൽ നേരിട്ടുള്ള നിക്ഷേപം വഴിയോ വികസിപ്പിക്കുകയോ/വളർത്തുകയോ ചെയ്യേണ്ടതായ നാല് പ്രത്യേക ഘടകങ്ങളുണ്ട്.

1. സമഗ്ര വിജ്ഞാനസമൂഹത്തിനായി ഇ-ഗവേണൻസും സ്മാർട്ട് ഗവേണൻസും
2. വിജ്ഞാന സമ്പദ്‌വ്യവസ്ഥക്കായി ഐറ്റിയുടെയും ഹൈടെക് വ്യവസായങ്ങളുടെയും വളർച്ചയ്ക്കുള്ള അടിസ്ഥാന സൗകര്യവികസനം
3. നവീകരണവും സ്റ്റാർട്ടപ്പുകളും സംരംഭകത്വ ആവാസ വ്യവസ്ഥയും
4. മാനവിഭവ വികസനം (കഴിവ് വർദ്ധിപ്പിക്കൽ പരിപാടിയിലൂടെ)
5. പുതിയ സാങ്കേതിക വിദ്യകളുടെയും ഡാറ്റാ മാനേജ്മെന്റിന്റേയും ഉത്തരവാദിത്വ സ്വീകാരം

ഇവയിൽ ഓരോന്നിന്റേയും പ്രത്യേക വശങ്ങൾ തുടർന്നുള്ള അധ്യായങ്ങളിൽ വിശദീകരിച്ചിട്ടുള്ളതും അതുപോലെ വികസന/വർദ്ധനയുള്ള നടപടികൾ വിശദമായി പ്രതിപാദിക്കുകയും ചെയ്യുന്നു.

കേന്ദ്രസർക്കാർ തലത്തിൽ നടപ്പിലാക്കിയ മാറ്റങ്ങൾക്കനുസൃതമായി ഒരു പ്രത്യേക സൈബർ സുരക്ഷയും ഡാറ്റാ പോളിസിയും പ്രസിദ്ധപ്പെടുത്തും.

ഈ നയരേഖ നിലവിലെ പരിസ്ഥിതിക്ക് പ്രാധാന്യമുള്ള പുതിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും അതിനാൽ ഇതിനകം തന്നെ നടപ്പിലാക്കിയ/നടന്നുകൊണ്ടിരിക്കുന്ന മേഖലകൾ 2018-ലെ ഐടി നയത്തിനനുസൃമായിരിക്കുന്നതും, ആയത് ഇവിടെ ആവർത്തിക്കുന്നതുമല്ല.

## 2.5 നയ ലക്ഷ്യങ്ങൾ

സെക്ഷൻ 2.2-ൽ വിശദീകരിച്ചിരിക്കുന്ന വിശാലമായ രണ്ട് പരിണതഫലങ്ങൾ നേടുക എന്ന ലക്ഷ്യത്തോടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇനിപ്പറയുന്ന നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് 2023 ഐടി നയം രൂപ കൽപ്പന ചെയ്തിട്ടുള്ളത്.

1. രാജ്യത്തു നിന്നുള്ള ഐടി വ്യവസായ കയറ്റുമതിയുടെ കുറഞ്ഞത് 10% വിഹിതമെങ്കിലും നേടുക.

2. സ്വകാര്യ പങ്കാളിത്തത്തിലൂടെയും വികേന്ദ്രീകൃത വളർച്ചയിലൂടെയും സംസ്ഥാനത്ത് IT യും അനുബന്ധ വ്യവസായങ്ങളും സ്ഥാപിക്കുന്നതിനുള്ള സ്ഥല ലഭ്യത മൂന്നിരട്ടിയാക്കുക.

3. രാജ്യത്തെ ഐപി അധിഷ്ഠിത സ്റ്റാർട്ടപ്പുകളിൽ കുറഞ്ഞത് 20% വരുന്ന ഒരു ഐപി അധിഷ്ഠിത വിജ്ഞാന വ്യവസായ ആവാസവ്യവസ്ഥ സൃഷ്ടിക്കുക

4. കേരളത്തിൽ, ഐടിയിലും അനുബന്ധമേഖലകളിലുമായി കുറഞ്ഞത് 500,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

5. ബഹിരാകാശം, ശൂന്യാകാശം, പ്രതിരോധം, ഇലക്ട്രോണിക്സ് തുടങ്ങിയ ഉയർന്ന സാങ്കേതിക മേഖലകളിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ 5-10% വിഹിതം നേടുക, അതുവഴി സംസ്ഥാനത്തെ അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് ഉയർന്ന അവസരങ്ങൾ സൃഷ്ടിക്കുക.

6. കേരളത്തിന് പുറത്ത് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം 20,000 ആയി ഉയർത്തുക.

7. ഫൈബർ ഓപ്റ്റിക് കണക്ടിവിറ്റി നൽകികൊണ്ട് സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് ലഭ്യത 100% ഉറപ്പാക്കുക.

8. സംസ്ഥാനത്തെ എല്ലാ വ്യവസായ ഇടങ്ങളും 5ജി സജ്ജമാക്കുക.

9. സർക്കാർ ഇ-സേവനങ്ങൾക്കായി എന്റർപ്രൈസ് ആർക്കിടെക്ചർ പ്രയോഗിക്കുന്നതിലൂടെ സംസ്ഥാനത്തെ എല്ലാ പൗരകേന്ദ്രീകൃത സേവനങ്ങളിലേക്കും എളുപ്പത്തിൽ സമീപിക്കുന്നതിനായി ഏക ഉപയോക്തൃ ഇന്റർഫേസ് ലഭ്യമാക്കുക.

10. എല്ലാ സർക്കാർ വകുപ്പുകളിലൂടെയും പ്രവചനാത്മകവും നിർദ്ദേശാത്മകവുമായ ഭരണസേവനങ്ങൾ നൽകുക.

11. എല്ലാ സർക്കാർ ഓഫീസുകളിലും 100% ഇ-ഓഫീസ് അല്ലെങ്കിൽ ഡിജിറ്റൽ വർക്ക് ഫ്ളോ മാനേജ്മെന്റ് പ്രയോഗിച്ചുകൊണ്ട് സർക്കാരിന്റെ എല്ലാ ആശയവിനിമയങ്ങളും ഡിജിറ്റൽ ആക്കുക.

12. ഡാറ്റയുടെയും പുതിയ സാങ്കേതികവിദ്യകളുടെയും ഉത്തരവാദിത്വ ഉപയോഗത്തിനായി ഒരു ചട്ടക്കൂട് നടപ്പിലാക്കുക.

13. ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുടെ 30% എങ്കിലും ക്ലൗഡ് അധിഷ്ഠിത സേവനങ്ങളിലേക്ക് മാറ്റുക.

14. ഡാറ്റാധിഷ്ഠിത സൊല്യൂഷൻ കമ്പനികൾ വികസിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യമായി സംസ്ഥാന നിയന്ത്രണത്തിലുള്ള ഡാറ്റാ സങ്കേതങ്ങൾ സൃഷ്ടിക്കുക.

15. എല്ലാ ഇ-ഗവൺമെന്റ് സൊല്യൂഷനുകളിലും ഫോസ്സ് അധിഷ്ഠിത സൊല്യൂഷനുകൾ പ്രയോഗിക്കുന്നത് ശക്തിപ്പെടുത്തുന്നതിനും നിലവിൽ പൊതു ഫണ്ടുകൾ വഴി സംഭരിക്കുന്ന ഉയർന്ന മൂല്യമുള്ള സോഫ്റ്റ്‌വെയറിന്റെ 30% എങ്കിലും ഫോസ്സ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുന്നതിനും.

16. സ്വതന്ത്രമായ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും ഹാർഡ് വെയറും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സമൂഹ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.

17. പദ്ധതിയേതര ഫണ്ട് ചെലവുകൾ വർദ്ധിപ്പിക്കാതെ ലാഭകരമായ ഉൽപ്പന്നത്തിൽ 25% വർദ്ധനവ് വരുത്തുന്നതിന് സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ സർക്കാർ നടപടികൾ മെച്ചപ്പെട്ടതാക്കുക.

18. വളർന്നു വരുന്ന സാങ്കേതിക വിദ്യകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ച് നിർമ്മിത ബുദ്ധി (A1) ബ്ലോക്ചെയിൻ, ഡാറ്റാ അനലറ്റിക്സ് പോലുള്ള പുതിയ സാങ്കേതികവിദ്യകളിൽ ഒരു നൈപുണ്യ അടിത്തറ സൃഷ്ടിക്കുക.

19. 100% ഡിജിറ്റൽ സാക്ഷരത കൈവരിക്കുക

20. സമഗ്രമായ ഒരു സൈബർ സുരക്ഷാ നിയമം സ്ഥാപിക്കുക.

21. സംസ്ഥാനത്തെ എല്ലാ ഐടി/ഐടിഇഎസ്/ഇലക്ട്രോണിക്സ്, ഹൈടെക് വ്യവസായ സ്ഥാപനങ്ങൾക്കും തൊഴിലിൽ ലിംഗസമത്വം പ്രോത്സാഹിപ്പിക്കുക.

22. സംസ്ഥാനത്തെ ഐടി/ഐടിഇഎസ്/ഇലക്ട്രോണിക്സ് ഹൈടെക് വ്യവസായങ്ങൾ എന്നിവയെ പിന്തുണയ്ക്കുന്ന അദ്ധ്വാന സമൂഹത്തിൽ സമഗ്രത (സ്ത്രീകൾ, വികലാംഗർ, ട്രാൻസ്ജൻഡറുകൾ) പ്രോത്സാഹിപ്പിക്കുക.

23. പൗരൻ/ഉപഭോക്താവ്/തൊഴിലുടമ/ജീവനക്കാരുടെ ഡാറ്റയുടെ സ്വകാര്യത ഉറപ്പാക്കുന്ന സംവിധാനങ്ങളും നിയമചട്ടക്കൂടുകളും സൃഷ്ടിക്കുക.

24. സൈബർ സുരക്ഷയും ഡിജിറ്റൽ മീഡിയ സാക്ഷരതയും പോലുള്ള നവയുഗ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന 1 മുതൽ 10 വരെ ക്ലാസ്സുകൾക്കുള്ള പുതിയ ICT പാഠപുസ്തകങ്ങൾ വികസിപ്പിച്ചു കൊണ്ട് പുതിയ കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.

25. ചങ്ങാതിക്കൂട്ട പഠനങ്ങളിലൂടെ 60,000 ലിറ്റിൽ കൈറ്റ്സ് ഐടി അംഗങ്ങൾ വഴി റോബോട്ടിക്സ്, ഐഒറ്റി (ഇന്റർനെറ്റ് ഓഫ് തിംഗ്സ്) നിർമ്മിതബുദ്ധി (A1) പോലുള്ള മേഖലകളിൽ അടുത്ത 5 വർഷത്തിനുള്ളിൽ 25 ലക്ഷം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുക.

26. സ്കൂൾ വിദ്യാഭ്യാസത്തിലെ സമാനമായ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഉന്നതവിദ്യാഭ്യാസമേഖലയെ ഫോസ്സ്-നുവേണ്ടിയുള്ള ഒരു ഹബ് ആക്കി മാറ്റുക.

# അദ്ധ്യായം III: ഇ-ഗവേണൻസും സ്മാർട്ട് ഗവേണൻസും

## 3.1. ആമുഖം

2017 ഐടി നയം അനുസരിച്ച് സർക്കാരിന്റെ കാഴ്ചപ്പാട് എല്ലാവർക്കും 'ഏക സർക്കാർ' അനുഭവം പ്രദാനം ചെയ്യുന്നതിനായി ICT അടിസ്ഥാന സൗകര്യങ്ങളുടെയും പ്രയോഗങ്ങളുടെയും മെച്ചപ്പെട്ട വിനിയോഗത്തോടുകൂടി അത്യുത്തമമായ ആർക്കിടെക്ചറൽ ഗവേണൻസ് പ്രക്രിയകൾ, സമ്പ്രദായങ്ങൾ എന്നിവ സ്ഥാപിക്കുക എന്നതായിരുന്നു. പ്രധാന ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ, അതിന്റെ പൗരന്മാർക്ക് ഇലക്ട്രോണിക്സ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ആന്തരികമായ ഉത്തേജനത്താൽ ജൈവിക ഊർജ്ജം പകർന്ന് ശേഖരങ്ങളായി വികസിപ്പിച്ചത്, ഇ-സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് വ്യത്യസ്ത മാനദണ്ഡങ്ങളും സാങ്കേതികവിദ്യകളും വാസ്തുവിദ്യകളും രീതിശാസ്ത്രങ്ങളും പ്രയോഗിക്കുന്ന വകുപ്പുകളിലേക്ക് നയിക്കുന്ന മൾട്ടി വെണ്ടർ ഇടപെടലുകൾക്ക് കാരണമായി. യോജിച്ച സമീപനത്തിന്റെ അഭാവവും മാനദണ്ഡങ്ങളുടെയും പരസ്പര പ്രവർത്തനക്ഷമതയുടെയും അഭാവവും 'ഏകസർക്കാർ' എന്ന കാഴ്ചപ്പാട് കൈവരിക്കുന്നതിൽ വലിയ തടസ്സമായി മാറിയിരിക്കുന്നു. അതിനാൽ സംസ്ഥാനത്തെ ഡിജിറ്റൽ സേവനങ്ങൾക്കായി മാനദണ്ഡങ്ങളും അർക്കിടെക്ചറൽ ചട്ടകൂടുകളും സജ്ജീകരിക്കേണ്ടത് പരമ പ്രധാനമാണ്. ചട്ടക്കൂട് സജ്ജീകരിച്ചുകഴിഞ്ഞാൽ ആപ്പുകളുടെ എല്ലാ തുടർവികസനവും ഈ മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കും.

## 3.2. മുന്നോട്ടുള്ള പാത 2023 ഐടി നയം

സർക്കാർ സേവനങ്ങൾ മുഴുവനും അതിന്റെ പൂർണ്ണവ്യാപ്തിയിൽ സംയോജിപ്പിക്കുന്നതിന്, G2C/G2B/G2E/G2G സേവനങ്ങളുടെ മുഴുവൻ ശ്രേണിയും ഉൾക്കൊള്ളുന്നതും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടുന്നതുമായ, ഒരു കേന്ദ്രീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ സർക്കാർ അതിന്റെ എല്ലാ സേവനങ്ങളും നൽകുന്നതാണ്.

പുതിയ സേവനങ്ങൾക്കായി, ഒരു അംഗീകൃത നടപ്പിലാക്കൽ സംവിധാനം വഴി വർദ്ധിപ്പിച്ച ബിസിനസ്സ് ആർക്കിടെക്ചർ, ആപ്ലിക്കേഷൻ ആർക്കിടെക്ചർ, പരസ്പര പ്രവർത്തന ക്ഷമത, ഡാറ്റാ ബേസ് ഡാറ്റാ, സൈബർ സുരക്ഷ മുതലായവയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഏജൻസികളിലും പ്രവർത്തിക്കുന്ന പൊതുവായ മാനദണ്ഡങ്ങൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ട് കൈവരിക്കാനാകും. അതിനനുസൃതമായി കോർ കേരള സംസ്ഥാന ഐടി മിഷൻ പദ്ധതി ഉൾപ്പെടെയുള്ള സർക്കാരിന്റെ വിവിധ വിഭാഗങ്ങളുടെ നിലവിലുള്ള സേവനങ്ങളും നവീകരിക്കും.

നിലവിലുള്ള ഇ-സേവനം പോർട്ടൽ, പ്രാപ്യതാസൗകര്യത്തിനായി ഒരു ഏക ബിന്ദുവിലേക്ക് സംയോജിപ്പിച്ച വിവിധ വകുപ്പുകളുടെ യുആർഎൽ-കൾ വഴി എല്ലാ സർക്കാർ സേവനങ്ങളും ഒരു സ്ഥലത്ത് ലഭ്യമാക്കുകയും കൂടാതെ 'സേവനത്തിലെ' എല്ലാ മൊബൈൽ റസ്പോൺസീവ് സർവ്വീസുകളുടെയും യുആർഎൽ-കൾ ലഭ്യമാകുന്ന ഒരു അഗ്രഗേറ്റർ പ്ലാറ്റ്ഫോമായി M-സേവനം

ആപ്പ് പ്രവർത്തിക്കുകയും ചെയ്യുന്നു. G2C ട്രാക്കിന്റെ ഭാഗമായി KSITM നിർമ്മിക്കുന്ന ഒരു 'ഏകീകൃത സേവന ഡലിവറി പ്ലാറ്റ് ഫോം', ഓരോ വകുപ്പുകളുടെയും വെബ്സൈറ്റുകൾ പ്രത്യേകം സന്ദർശിക്കാതെ തന്നെ കേരള സർക്കാർ സേവനങ്ങൾ ഡിജിറ്റലായി ലഭ്യമാക്കുന്നതിന് പൗരന്മാർക്ക് ഒരു ഏകജാലക സംവിധാനം നൽകും. ഇത് സേവന വിതരണത്തിന്റെയും പൗരന്മാരുടെ പരാതികളുടെയും കേന്ദ്രീകൃത അന്വേഷണത്തിനും നിരീക്ഷണത്തിനുമുള്ള സവിശേഷതകൾ ലഭ്യമാക്കും.

എൻഡ് ടു എൻഡ് സർവ്വീസ് ഡലിവറി സംവിധാനം കൈവരിക്കുന്നതിനായി നിലവിലുള്ള സർവ്വീസ് പോർട്ടൽ (service kerala.gov.in) പരിഷ്കരിച്ചുകൊണ്ട് ഡിജിറ്റൽ കേരള ആർക്കിടെക്ചറിന്റെ G2C ട്രാക്ക് നേടുന്നതായിരിക്കും. വെബ്, മൊബൈൽ തുടങ്ങിയ ഒന്നിലധികം ചാനലുകൾ വഴി ഏതെങ്കിലും G2C സേവനങ്ങൾ ഡിജിറ്റലായി ലഭ്യമാക്കുന്നതിന് പുതിയ പ്ലാറ്റ് ഫോം പൗരന്മാർക്കുള്ള ഒരു ഏകീകൃത ഗേറ്റ്‌വേ ആയി പ്രവർത്തിക്കുകയും, അവരുടെ അപേക്ഷയുടെ തൽസ്ഥിതി അന്വേഷിക്കുന്നതിനും ആശങ്കയുള്ള സംഗതികളിൽ ഒരു പരാതി ഫയൽ ചെയ്യുന്നതിനും സാധിക്കും. ഇത് സേവനത്തിനുള്ള അപേക്ഷകൾ നിറവേറ്റുന്നതിനായി വകുപ്പ്തല സംവിധാനങ്ങളെ ആശ്രയിക്കുന്ന ഒരു ലഘുവായ പ്ലാറ്റ്ഫോം ആയിരിക്കും. പൊതുവായും എല്ലാ വകുപ്പുകളിലും ഉപയോഗിക്കാൻ സാധിക്കുന്ന പൗരന്മാരെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ മാത്രമേ പ്ലാറ്റ്ഫോം പിടിച്ചെടുക്കുകയുള്ളൂ. നിലവിലുള്ള എല്ലാ ആപ്ലിക്കേഷനുകളും സംയോജനത്തിന് ആവശ്യമായ API-കൾ നൽകുകയും പുതിയ ആപ്ലിക്കേഷനുകൾ, അംഗീകരിക്കപ്പെട്ട ആർക്കിടെക്ചറുകൾക്കും നിർദ്ദിഷ്ഠമാനദണ്ഡങ്ങൾക്കും അനുയോജ്യമായ രീതിയിൽ നിർമ്മിക്കുകയും ചെയ്യാവുന്നതാണ്.

കേന്ദ്രീകൃതമായ ആധാർ ശേഖരം നിലവിൽ വരുന്നതോടെ സംസ്ഥാനസർക്കാരിന്റെ വകുപ്പുകളിലുടനീളം ആധാർ നമ്പറുകളുടെ അടയാളങ്ങൾ കുറയുകയും അതിനാൽ അനധികൃത പ്രവേശനത്തിന്റെ സാധ്യത കുറയുകയും ചെയ്യും. ആധാർ നമ്പർ ഉപയോഗിക്കുന്ന ആപ്ലിക്കേഷനുകളിൽ നിന്ന് സ്വതന്ത്രവും വേർപ്പെടുത്തിയതും വളരെ സുരക്ഷിതവുമായ ആധാർ ഡാറ്റാ മാനേജ്മെന്റ് സൊല്യൂഷനാണ് ആധാർ വാൾട്ട്. ഇത്, സാമൂഹ്യ സുരക്ഷാ സ്കീം മാനേജ്മെന്റും അതുപോലെ ആധാർ നിർബന്ധമാക്കിയിട്ടുള്ള സ്കീമുകളും സംബന്ധിച്ചുള്ള ആധാർ-നിർദ്ദിഷ്ഠ അനുമതികൾ കൈകാര്യം ചെയ്യുന്നതിനും അതുപോലെ ആധാർ നിർബന്ധമാക്കിയിട്ടുള്ള പദ്ധതികൾക്കും വേണ്ടി സ്ഥാപിക്കപ്പെട്ടതാണ്. ആധാർ നമ്പറുകൾ എൻക്രിപ്റ്റഡ് ഫോമിലോ മാസ്ക് ചെയ്ത രൂപത്തിലോ ഏതെങ്കിലും വകുപ്പുതല ഡാറ്റാ ബേസുകളിൽ സൂക്ഷിക്കാൻ പാടില്ലാത്തതിനാൽ, ഓരോ ഗുണഭോക്താവിനും ആധാർ നമ്പരുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു തനത് ഐഡി (ആധാർ റഫറൻസ് നമ്പർ) നൽകും. ആധാർ റഫറൻസ് നമ്പർ-ആധാർ നമ്പർ ജോഡി ഹാർഡ് വെയർ സെക്യൂരിറ്റി മോഡ്യൂൾ (HSM) ഉപയോഗിച്ച് ഒരു കീ മാനേജ്മെന്റ് സിസ്റ്റത്തോടൊപ്പം എൻക്രിപ്റ്റഡ് ഫോമിൽ ആധാർ വാൾട്ടിൽ സൂക്ഷിക്കുകയും രണ്ടും അനുയോജ്യമായ പ്രോട്ടോകോളുകളാൽ സുരക്ഷിതമാക്കുകയും ചെയ്യും.

ഗുണഭോക്താവിനെ തിരിച്ചറിയുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള ഒരു കേന്ദ്രീകൃത പൊതു പ്ലാറ്റ്ഫോം സ്ഥാപിക്കുകയും ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുകയും, ഡാറ്റായുടെ ഏകീകരണവും ഇരട്ടിപ്പ് രഹിതമാക്കുകയും, ദുരന്തങ്ങളുടെ ആഘാതം തടയുന്നതിനും ലഘൂകരിക്കുന്നതിനും പ്രകൃതി ദുരന്തങ്ങളുടെ ആഘാതത്തെ നേരിടുന്നതിനും, ദുരന്തങ്ങളിൽ നിന്നുള്ള ഒരു സുരക്ഷാ വല

നൽകുകയും ചെയ്യുന്നതിലൂടെ കേരളത്തിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഫലപ്രാപ്തിയും കാര്യക്ഷമതയും മെച്ചപ്പെടുത്തുകയും ചെയ്യുക.

ഇത്, 'ആർക്ക് എന്ത് ലഭിച്ചു' പദ്ധതികളുടെ നടത്തിപ്പും വിതരണവും ഫലപ്രദമായി നിരീക്ഷിക്കുന്നതിന് സഹായകമായ ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനും തെരഞ്ഞെടുക്കുന്നതിനുമുള്ള കേന്ദ്രീകൃത പൊതു പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിലൂടെ കൈവരിക്കേണ്ടതാണ്. അത്തരമൊരു പ്ലാറ്റ്ഫോമിൽ നിന്ന് ലഭിക്കുന്ന ഡാറ്റാ ഗുണഭോക്തൃ പ്രൊഫൈലുകളുടെ 'സത്യത്തിന്റെ ഏക ഉറവിടമായി' പ്രവർത്തിക്കുന്നതും കൂടാതെ ലഭിച്ച ഡാറ്റാ അനലറ്റിക്സ് സാമൂഹ്യ സംരക്ഷണ പരിപാടികളുടെ മികച്ച ആസൂത്രണത്തിനും ഏകോപനത്തിനും ഉപയോഗിക്കാൻ സാധിക്കുന്നതുമാണ്.

## 3.3. സ്മാർട്ട് ഗവേണൻസ്-ഒരു ഡാറ്റാ നയത്തിന്റെ ആവശ്യകത

കേരള സർക്കാരിന്റെ സ്ഥാപനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടതും നിലവിലുള്ളതുമായ വലിയ അളവിലുള്ള ഡാറ്റാ പങ്കിടുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള സൗകര്യമൊരുക്കേണ്ടതായ ഒരു പൊതു ആവശ്യകതയുണ്ട്. ഇത് വ്യത്യസ്ത ഡാറ്റാ ആസ്തികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു നയം ആവശ്യപ്പെടുകയും ചെയ്യുന്നു. നിലവിലെ ഡാറ്റാ മാനേജ്മെന്റിന്റെ നിയന്ത്രണം സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഡാറ്റാ സർക്കാരിന്റെ മറ്റ് ശാഖകളുമായി പൊതുവിൽ പങ്ക് വയ്ക്കുന്നത് സാധ്യമാക്കുകയോ ഡാറ്റാ ഉടമകളിൽ ലഭ്യമായ പങ്കിടാവുന്ന ഡാറ്റായുടെ നിർബന്ധപൂർവ്വമായ വിതരണം അത് പ്രതീക്ഷിക്കുകയോ ചെയ്യുന്നില്ല. ഇത്തരം നിയന്ത്രണങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിനും ഡാറ്റാ മാനദണ്ഡങ്ങൾക്കും പരസ്പരം പ്രവർത്തിക്കാവുന്ന സംവിധാനങ്ങൾക്കും വേണ്ടി ഡാറ്റാ ഉടമകൾക്കിടയിലും സർക്കാർ ഏജൻസികൾ തമ്മിലും സർക്കാർ ഏജൻസികൾക്കകത്തും പൊതു ആവശ്യങ്ങൾക്കും വേണ്ടി ഡാറ്റായുടെ കാര്യക്ഷമമായ പങ്കിടലിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലുള്ള അദ്ധ്വാനം ഇരട്ടിക്കുന്നതിനും കാര്യക്ഷമത നഷ്ടപ്പെടുന്നതിനും ഇടയാക്കും. അതിനാൽ കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ/സംഘടനകൾ എന്നിവയിൽ ലഭ്യമായ ഡാറ്റായിലേക്ക് നിർബന്ധമായതും പൊതുവിലുള്ളതുമായ പ്രവേശനം ലഭ്യമാക്കുന്നതിന് അധികാരപ്പെടുത്തുന്ന ഒരു വ്യവസ്ഥയും പ്ലാറ്റ്ഫോമും നൽകുന്നതിന് കേരള സംസ്ഥാന ഡാറ്റാ നയം ലക്ഷ്യമിടുന്നു. സംസ്ഥാന ഡാറ്റാ നയത്തിന്റെ കരട് 8-ാം അദ്ധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

### 3.4 വിവര സുരക്ഷ

കേരള സംസ്ഥാന സർക്കാർ, വിവരസാങ്കേതിക വിദ്യയെ, ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ മുറിച്ച് കടക്കുന്ന അസംഖ്യം ബിസിനസ്സ് അവസരങ്ങൾ മുന്നോട്ട് വയ്ക്കുന്ന സാമൂഹ്യ-സാമ്പത്തിക പുരോഗതിയുടെ ഒരു സഹായിയായിട്ടാണ് കാണുന്നത്. സർക്കാർ മേഖലയിലും അതുപോലെ സ്വകാര്യ മേഖലയിലും ഐടിയുടെ പ്രയോഗം സൗകര്യപ്പെടുത്തുന്ന ഒരു പ്രാപ്തകന്റെ റോൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സർക്കാർ തൊഴിൽസമൂഹത്തിൽ പൊതുവായ മാനസികവസ്ഥയിൽ മാറ്റം വന്നിട്ടുള്ളതും ദൈനംദിന ജീവിതത്തിൽ ഐടി അറ്റ് ജോബ് സ്വീകരിക്കാൻ തയ്യാറായതും മിക്ക സ്ഥാപനങ്ങളിലുടനീളം ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കാൻ സർക്കാരിനെ സഹായിച്ചു. ഐടി പ്രയോഗം വർദ്ധിച്ചതോടെ വിവരസുരക്ഷയുടെ അപകടസാധ്യതകളും ആനുപാതികമായി ഉയർന്നുവന്നു. ഐടി ആസ്തികളും ഡാറ്റാകളും ഹാനികരമായ ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നത് സർക്കാരിന് നിർണ്ണായകമായി മാറി. വിവര അനുരഞ്ജനം, മോഷണം അല്ലെങ്കിൽ ചാരവൃത്തി എന്നിവയിൽ നിന്നും വലിയ നേട്ടങ്ങൾ കൊയ്യാൻ കുറ്റവാളികളേയും സംസ്ഥാന അഭിനേതാക്കളേയും, ഹാക്ടിവിസ്റ്റുകളേയും

സഹായിക്കുന്ന വിവരങ്ങൾക്കുള്ള ഭീഷണി കൂടുതൽ സംഘടിതവും ആസൂത്രിതവുമാണ്. നിർണ്ണായക വിവരസംവിധാനങ്ങൾ ഏറ്റവും ഉയർന്ന മുൻഗണനയോടെ സുരക്ഷിതമാക്കേണ്ടതും പരിരക്ഷിക്കേണ്ടതുമാണ്, അല്ലാത്തപക്ഷം ദേശീയ സൈബർ പ്രതിസന്ധികൾക്കു പോലും കാരണമാകുന്ന സൈബർ ആക്രമണങ്ങൾക്ക് അത് ഇരയാകുന്നതാണ്.

കേരള സർക്കാരിൽ സൈബർ സുരക്ഷ ഉറപ്പാക്കുന്നതിലേക്കുള്ള ആദ്യപടി സർക്കാർ സ്ഥാപനങ്ങളിൽ ഐറ്റി സംവിധാനങ്ങൾ സുരക്ഷിതമാക്കുന്നതിന് നിലനിർത്തുകയും പാലിക്കുകയും ചെയ്യേണ്ട നയങ്ങളും മാനദണ്ഡങ്ങളും നിർവ്വചിക്കുന്ന സംസ്ഥാന വിവരസുരക്ഷാ നയം ഉണ്ടായിരിക്കുക എന്നതാണ്. ഈ നയത്തിന്റെ ഉദ്ദേശ്യം, സംസ്ഥാന സ്ഥാപനങ്ങൾ പിന്തുടരേണ്ട കേരള സംസ്ഥാനത്തിന്റെ വിവരസുരക്ഷാനയം സ്ഥാപിക്കുക എന്നതാണ്. ഇത്, കേരള സംസ്ഥാനത്തിനകത്ത്, സംസ്ഥാന ഡാറ്റാകളും ഐടി സംവിധാനങ്ങളും സംരക്ഷിക്കുന്നതിന്, എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട വിവരസുരക്ഷാ ആവശ്യകതകളുടെ ഏറ്റവും കുറഞ്ഞ ഒരു രൂപം നിർവ്വചിക്കുന്നു. ഭരണ വകുപ്പുകൾ, ഫീൽഡ് വകുപ്പുകൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സൊസൈറ്റികൾ, ബോർഡുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ സംസ്ഥാന സ്ഥാപനങ്ങൾക്കും ഈ നയം ബാധകമാണ്. സംസ്ഥാന സ്ഥാപനത്തിനുവേണ്ടി മൂന്നാം കക്ഷികൾ സംരക്ഷിക്കുന്നതോ ഹോസ്റ്റ് ചെയ്യുന്നതോ ആയ സംവിധാനങ്ങൾ ഉൾപ്പെടെ സംസ്ഥാന സ്ഥാപനത്തിന് ഭരണചുമതലയുള്ള എല്ലാ സംവിധാനങ്ങളേയും (സിസ്റ്റം) ഇത് ഉൾപ്പെടുത്തുന്നു. ഇത് സംസ്ഥാന സ്ഥാപനങ്ങളുടെ ബിസിനസ്സ് പ്രവർത്തനങ്ങൾക്കു സഹായകമായി സൃഷ്ടിച്ചതോ ഉപയോഗിക്കുന്നതോ ആയ എല്ലാ വിവരങ്ങളേയും അതിന്റെ ഫാറമോ രൂപഘടനയോ കണക്കാക്കാതെ സംബോധന ചെയ്യുന്നു.

## 3.5. ഇ-ഗവേണൻസ് അടിസ്ഥാന സൗകര്യം-പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ

സംസ്ഥാന ഡാറ്റാ സെന്ററുകൾ, അവരുടെ വിവിധങ്ങളായ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ കേന്ദ്രീകൃതവും സുരക്ഷിതവുമായ രീതിയിൽ ഹോസ്റ്റ് ചെയ്യുന്നതിന് സർക്കാർ വകുപ്പുകൾക്ക് കൊ-ലൊക്കേഷൻ, കൊ-ഹോസ്റ്റിംഗ്, ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ എന്നിവ ലഭ്യമാക്കുന്നു. സംസ്ഥാനത്തിന്റെ വർദ്ധിച്ച ആവശ്യകതകൾ നിറവേറ്റുന്നതിനായി സർക്കാർ മൈറ്റി എംപാനൽഡ് ക്ലൗഡ് സർവ്വീസ് പ്രൊവേഡേഴ്സിൽ (CSP) നിന്നുള്ള സേവനം പ്രയോജനപ്പെടുത്തുകയും ഒരു മൾട്ടി ക്ലൗഡ് ആർക്കിടെക്ച്ചർ നടപ്പിലാക്കുകയും ചെയ്യും. ഇത് പബ്ലിക് ക്ലൗഡുകളും സംസ്ഥാന-ഉടമസ്ഥതയിലുള്ള ഡാറ്റാ സെന്ററുകളും അടങ്ങുന്ന സർക്കാർ ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്യുന്നതിനുള്ള ഉയർന്ന തോതിലുള്ളതും കാര്യക്ഷമമായതും പ്രതിരോധശേഷിയുള്ളതും സുരക്ഷിതവുമായ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതാണ്.

മൈക്രോ സർവ്വീസ് ആർക്കിടെക്ചർ ഉപയോഗിച്ച് പൈതൃക ആപ്ലിക്കേഷനുകൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഡാറ്റാ സെന്ററുകളിൽ ക്യുബർനെറ്റിസ് അടിസ്ഥാനമാക്കിയുള്ള കണ്ടെയിനർ പ്ലാറ്റ്ഫോം നടപ്പിലാക്കും.

## 3.6. Foss സ്വീകരിക്കൽ

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ മിക്കതും ക്ലൗസിലേക്ക് മാറ്റപ്പെട്ടു. ഭാവിയിലുള്ള എല്ലാ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളും പ്ലാറ്റ്ഫോം സ്വതന്ത്രമായും എല്ലാവർക്കും പ്രാപ്യമാകുന്ന രീതിയിലും രൂപകല്പന ചെയ്യേണ്ടതാണ്. ഫോസ്സ് ഓപ്പറേറ്റിംഗ്

സംവിധാനങ്ങളും ആപ്ലിക്കേഷനുകളും സ്വീകരിക്കുന്നത് സർക്കാരിന്റെ മൂലധനചെലവും ആവർത്തിച്ചുള്ള ചെലവും ഗണ്യമായി കുറയ്ക്കും. എല്ലാ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുടെയും വികസനത്തിനും വിന്യാസത്തിനുമായി ഫോസ്സ് സാങ്കേതിക വിദ്യകളെ ഈ നയം പ്രോത്സാഹിപ്പിക്കുന്നു. ഭാവിയിൽ ആർജ്ജിക്കുന്ന എല്ലാം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഫോസ്സ്-ന് അനുയോജ്യമായിരിക്കേണ്ടതാണ്. എല്ലാ സർക്കാർ വകുപ്പുകളും, അവരുടെ കമ്പ്യൂട്ടറുകളിൽ ഫോസ്സ് ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഗവേഷണ വികസനസ്ഥാപനങ്ങൾക്കും അതുപോലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കുത്തക ഉപകരണങ്ങൾ മാറ്റി ഫോസ്സ് ബദലുകൾ സ്ഥാപിക്കുന്നതിന്റെ സാധ്യത ആരായുന്നതിനുള്ള പ്രോത്സാഹനം നൽകുന്നു.

## 3.7. ഡിജിറ്റൽ അംഗീകരണം

വിദൂര പഠനം, ടെലിഹെൽത്ത് സേവനങ്ങൾ, വിദൂര തൊഴിൽ, വെർച്വൽ ആശയവിനിമയം തുടങ്ങിയ പുതിയ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതിന് ഡിജിറ്റൽ അംഗീകരണനയത്തിന്റെ ലക്ഷ്യം ആനുകാലികമാക്കേണ്ട ആവശ്യകതയുണ്ടാകാം.

**ഡിജിറ്റൽ ഉറവിടങ്ങളിലേക്കുള്ള പ്രാപ്യത**: വർദ്ധിപ്പിക്കുക, ഡിജിറ്റൽ ഉറവിടങ്ങളിലേക്കുള്ള പ്രാപ്യത വർദ്ധിപ്പിക്കുന്നതിനുള്ള യന്ത്രങ്ങൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

**സാങ്കേതിക യോഗ്യത പ്രാപ്തമാക്കൽ**: ഡിജിറ്റൽ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനവും വിഭവങ്ങളും സാമൂഹികസാമ്പത്തിക സ്ഥിതിയോ കഴിവോ കണക്കിലെടുക്കാതെ ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക

**സമഗ്രത ഉറപ്പാക്കുക:** കഴിവുകലും ബലഹീനതകളും കണക്കിലെടുക്കാതെയും എല്ലാവർക്കും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും സേവനങ്ങളും ഡിജിറ്റൽ ഉൾപ്പെടുത്തലും പ്രാപ്യതയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള, പ്രത്യേകിച്ച് വേണ്ടത്ര സേവനം ലഭിക്കാത്തവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സമൂഹങ്ങൾക്കിടയിൽ, ഉപയോക്തൃ കേന്ദ്രീകൃതമായ രൂപകല്പനയും സമൂഹഇടപെടലുകളും ഉറപ്പുവരുത്തുന്നതിന് സഹായകമായ സാങ്കേതികവിദ്യയും ഡിസൈൻ തത്വങ്ങളും ഉൾപ്പെടുത്തുക.

# ഫോക്കസ് ഏരിയകൾ

### 3.7.1. പ്രാപ്യത

ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചറിലേക്കുള്ള പ്രാപ്യത ഉറപ്പാക്കുന്നത്, പ്രത്യേകിച്ച്, വിദൂര തൊഴിൽ, ഓൺലൈൻ വിദ്യാഭ്യാസം, ടെലിഹെൽത്ത് കെയർ, ഓൺലൈൻ സാമൂഹ്യ ഇടപെടൽ എന്നിവ കൂടുതൽ വ്യാപകമായി മാറിയ പോസ്റ്റ് പാൻഡമിക് ലോകത്ത്, അത്യന്താപേക്ഷിതമാണ്. ഇതിൽ പരിമിതമായ ഇന്റർനെറ്റ് പ്രാപ്യതയുള്ള പ്രദേശങ്ങളിൽ പൊതു വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നതും താഴ്ന്ന വരുമാനക്കാരായ വ്യക്തികൾക്ക് ഇന്റർനെറ്റ് പ്രാപ്യതയും ഉപകരണങ്ങളും വാങ്ങുന്നതിന് സബ്സിഡികൾ നൽകുന്നതും ഉൾപ്പെടുന്നു.

**3.7.2. സാങ്കേതിക വിദ്യാ യോഗ്യതകൾ**: വ്യക്തികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ആവശ്യമായ വൈദഗ്ധ്യവും അറിവും നൽകുക എന്നതിലാണ് ഡിജിറ്റൽ അപ്സ്കില്ലിംഗിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ കേന്ദ്രങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, ആശയവിനിമയം എന്നിവ ഉൾപ്പെടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട്, ഡിജിറ്റൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനത്തിനും വിഭവങ്ങൾക്കുമുള്ള അഭിഗമ്യത

വാഗ്ദാനം ചെയ്യുന്നു. ഡിജിറ്റൽ സാക്ഷരതയിലുള്ള അപ്സ്കില്ലിംഗ് പ്രോത്സാഹിപ്പിക്കുന്നതുവഴി, വ്യക്തികൾക്ക് ഡിജിറ്റൽ ലോകത്ത് പൂർണ്ണമായ പങ്കാളിത്തം തുടരുന്നതിനും ഡിജിറ്റൽ സാങ്കേതിക വിദ്യകളിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങളോടൊപ്പം നീങ്ങുന്നതിനും അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയോ ഭൂമിശാസ്ത്രപരമായ സ്ഥാനമോ കഴിവോ കണക്കിലെടുക്കാതെ അവരുടെ വ്യക്തിപരവും തൊഴിൽപരവുമായ വളർച്ചയ്ക്ക് സംഭാവന ചെയ്യുന്നു. ഓരോ പഞ്ചായത്തിലും കുഞ്ഞത് ഒരു കേന്ദ്രമെന്ന നിലയിൽ കേരളത്തിലുടനീളം 2,500-ലധികം അക്ഷയകേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട്, തിരഞ്ഞെടുത്ത കേന്ദ്രങ്ങൾക്ക് പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ സാമ്പത്തിക സഹായം നൽകികൊണ്ട് അവയെ ഡിജിറ്റൽ അപ്സ്കില്ലിംഗ് കേന്ദ്രങ്ങളായി മാറ്റുന്നതിന് സാധിക്കും.

### 3.7.3. സമഗ്രത

ഡിജിറ്റൽ സമഗ്രത, വംശമോ, ലിംഗമോ, പ്രായമോ കഴിവുകളോ കണക്കിലെടുക്കാതെ എല്ലാവർക്കും ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്കുള്ള തുല്യപ്രാപ്യത ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, സാർവ്വത്രിക സ്വീകാര്യത പ്രോത്സാഹിപ്പിക്കൽ (UA) വെബ്സൈറ്റുകളിലെ ബഹുഭാഷാവാദം, നിർമ്മിത ബുദ്ധിയുടെ (AI) ഉത്തരവാദിത്വപരമായ ഉപയോഗം എന്നിവ പോലുള്ള വിവിധ തന്ത്രങ്ങൾ പ്രയോഗിക്കേണ്ടതുണ്ട്.

ലോകമെമ്പാടുമുള്ള ഉപയോക്താക്കൾക്ക്, അവർ ഉപയോഗിക്കുന്ന ലിപികൾ, പ്രതീകങ്ങൾ, ഭാഷകൾ എന്നിവ കണക്കിലെടുക്കാതെ ഇന്റർനെറ്റ് കൂടുതൽ പ്രാപ്യമാക്കിക്കൊണ്ട് UA ഇടപെടുന്നു. ഇതിനർത്ഥം എല്ലാ ഡൊമെയ്ൻ നാമങ്ങൾക്കും ഇമെയിൽ വിലാസങ്ങൾക്കും മറ്റ് ഇന്റർനെറ്റ് ഉറവിടങ്ങൾക്കും ഏത് ഭാഷയും അല്ലെങ്കിൽ പ്രതീക ഗണവും സ്വീകരിക്കുന്നതിനും സാധൂകരിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും സാധ്യമാകണം, എന്നാണ്. സാർവ്വത്രിക സ്വീകാര്യത, വൈവിധ്യമാർന്ന ഭാഷാ പശ്ചാത്തലമുള്ള ആളുകൾക്ക് തടസ്സങ്ങളില്ലാതെ ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രാപ്യമാകുന്നതിനും ഉപയോഗിക്കുന്നതിനും സാധിക്കും എന്ന് ഉറപ്പ് വരുത്തുന്നതിലൂടെ സമഗ്രത പ്രോത്സാഹിപ്പിക്കുന്നു.

വെബ്സൈറ്റുകളിലെയും മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെയും ബഹുഭാഷാവാദം സമഗ്രതയുടെ മറ്റൊരു നിർണ്ണായക വശമാണ്. നിലവിൽ, ഞങ്ങൾക്ക് ദ്വിഭാഷാ വെബ്സൈറ്റുകൾ ഉണ്ട്. എന്നാൽ ബഹുഭാഷകളെ പിൻതാങ്ങുന്ന വെബ്സൈറ്റുകൾക്ക്, വെബ്സൈറ്റിന്റെ പ്രാഥമികമോ ദ്വിതീയമോ ആയ ഭാഷയിൽ പ്രാവീണ്യമില്ലാത്ത ആളുകളെ, അവർക്ക് ആവശ്യമായ വിവരങ്ങളോ സേവനങ്ങളോ പ്രാപ്യമാക്കുന്നതിന് സഹായിക്കാൻ സാധിക്കും. അതിർത്തികളുടെ പരിഗണനയില്ലാതെ, ലോകം ഒരൊറ്റ ആഗോളഇടമായി വളരുന്നതിനാൽ ബഹുഭാഷകളെ പിൻതാങ്ങുന്നത് വർദ്ധിച്ച പ്രാധാന്യമർഹിക്കുന്നു.

### ഡിജിറ്റൽ സമഗ്രത പ്രോത്സാഹിപ്പിക്കുന്നതിന് നിർമ്മിത ബുദ്ധിയുടെ (AI) സാങ്കേതിക വിദ്യകളുടെ ഉപയോഗം:

നിർമ്മിതബുദ്ധിക്ക് (AI) ശാരീരിക വൈകല്യമുള്ള ആളുകൾക്ക് ഡിജിറ്റൽ സേവനങ്ങൾ പ്രാപ്യമാക്കാൻ ഉതകുന്ന സഹായസാങ്കേതിക വിദ്യകളുടെ വികസനത്തെ സഹായിക്കാൻ കഴിയും. നിർമ്മിതബുദ്ധിയുടെ ഊർജ്ജം നൽകുന്ന ശബ്ദസഹായികൾക്കും ചാറ്റ്ബോട്ടുകൾക്കും, കാഴ്ച വൈകല്യമോ, ചാലനവൈകല്യമോ ഉള്ള ആളുകൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നത് എളുപ്പമാക്കാൻ കഴിയും. കൂടാതെ, വൈജ്ഞാനിക വൈകല്യമുള്ള ആളുകൾക്ക് ഡിജിറ്റൽ ഉള്ളടക്കം കൂടുതൽ എളുപ്പത്തിൽ നാവിഗേറ്റ് ചെയ്യാൻ സഹായിക്കുന്നതിനും

നിർമ്മിതബുദ്ധി (AI) ഉപയോഗിക്കാൻ സാധിക്കും. അതും കൂടാതെ, ഡിജിറ്റൽ നൈപുണ്യവിടവ് തിരിച്ചറിയുന്നതിനും കൂടുതൽ പ്രാപ്യവും ഫലപ്രദവുമായ പഠനാനുഭവങ്ങൾ നൽകുന്നതിനും നിർമ്മിതബുദ്ധി ഉപയോഗിക്കാൻ സാധിക്കും. ശാരീരിക വൈകല്യം ഉള്ളവർ ഉൾപ്പെടെ എല്ലാവർക്കും വെബ്സൈറ്റുകൾ പ്രാപ്യമാണെന്നത് ഉറപ്പാക്കാൻ WCAG-യുടെ (വെബ് കണ്ടന്റ് ആക്സസ്സിബിലിറ്റി ഗൈഡ് ലൈൻസ്) ഏറ്റവും പുതിയ പതിപ്പ് അനുസരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ കാഴ്ച, കേൾവി, ശാരീരിക, സംസാര വൈജ്ഞാനിക, നാഡീസംബന്ധമായ വൈകല്യമുള്ളവർ ഉൾപ്പെടെ എല്ലാ ഉപയോക്താക്കൾക്കും വേണ്ടി അവരുടെ കഴിവുകൾ കണക്കിലെടുക്കാതെ തന്നെ വെബ് ഉള്ളടക്കം കൂടുതൽ സമഗ്രവും മെച്ചപ്പെട്ടതുമായ ഉപയോക്തൃ അനുഭവം ഉള്ളതുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നു. വെബ്സൈറ്റുകൾ കൂടുതൽ പ്രാപ്യവും സമഗ്രവും ആക്കുന്നതിന് പ്രാപ്യതാ നിയന്ത്രണങ്ങളും നിയമങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

# അദ്ധ്യായം IV:
# അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കലും ഐടി വ്യവസായ വികസനവും

## 4.1. ആമുഖം

അടിസ്ഥാന സൗകര്യങ്ങൾ, സംസ്ഥാനത്തെ ഐടി വ്യവസായങ്ങളുടെ വികസനത്തെ സഹായിക്കുന്നതിന് പ്രാപ്തമാക്കുന്ന പ്രധാന ഘടകമാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ ചർച്ച ചെയ്തതുപോലെ, ഐടി വ്യവസായ യൂണിറ്റുകളുടെ വളർച്ചയെ സഹായിക്കുന്ന, ഭൗതിക അടിസ്ഥാനസൗകര്യം, ആശയവിനിമയ അടിസ്ഥാന സൗകര്യം, ബൗദ്ധിക അടിസ്ഥാന സൗകര്യം എന്നിങ്ങനെ മൂന്നുതരം അടിസ്ഥാനസൗകര്യങ്ങളുണ്ട്. ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നത് ഭൗതികമായതും ആശയവിനിമയത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നയനിർദ്ദേശങ്ങളാണ്. ഐടിമേഖലയ്ക്കുള്ള കപ്പാസിറ്റി ബിൽഡിംഗ് കൈകാര്യം ചെയ്യുന്ന V-ാം അദ്ധ്യായത്തിൽ ബൗദ്ധിക അടിസ്ഥാന സൗകര്യവികസനം ചർച്ച ചെയ്യുന്നു.

## 4.2. ഭൗതിക അടിസ്ഥാന സൗകര്യം

ഐടി യൂണിറ്റുകളുടെ വളർച്ചയ്ക്ക് സൗകര്യമൊരുക്കുന്ന ഭൗതിക അടിസ്ഥാന സൗകര്യങ്ങളെ ഇനിപ്പറയുന്ന രീതിയിൽ തരംതിരിക്കാം.

1. ഐടി പാർക്കുകൾക്കുള്ളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഇടങ്ങൾ
2. ഐടി പാർക്കുകൾക്കുള്ളിൽ സ്വകാര്യ കൊ-ഡവലപ്പറുടെ ഉടമസ്ഥതയിലുള്ള ഇടങ്ങൾ
3. ഐടി പാർക്കുകൾക്ക് പുറത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഇടങ്ങൾ.
4. ഐടി പാർക്കുകളുടെ പുറത്ത് സ്വകാര്യ ഉടമസ്ഥതയിലുള്ള ഇടങ്ങൾ

നിലവിൽ സംസ്ഥാനത്തെ മിക്ക ഐടി കമ്പനികളും ഐടി പാർക്കുകൾക്കുള്ളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഇടങ്ങളിൽ നിന്നാണ് പ്രവർത്തിക്കുന്നത്. ഇത് ഐടി കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള പ്ലഗ് ആന്റ് പ്ലേ ഇടങ്ങളോ റോഷെൽ ഇടങ്ങളോ ആകാം. ഐടി പാർക്കുകൾക്കുള്ളിൽ പ്രവർത്തിക്കുന്ന കമ്പനികൾ നിർവ്വഹണത്തിലും നിയന്ത്രണത്തിലും ഒരു കൂട്ടം ആനുകൂല്യങ്ങൾ അനുഭവിക്കുന്നു. ഇത് ഐടി കമ്പനികൾക്കുള്ള ഒരു ആനുകൂല ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നു.

സ്വകാര്യ സഹ-വികസന മോഡൽ, ഇൻഫോ പാർക്കിലും ഒരു പരിധിവരെ ടെക്നോപാർക്കിലും വിജയകരമായി തെളിയിച്ചിരിക്കുന്നു. ഈ മാതൃകയുടെ കീഴിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൊ-ഡവലപ്പർമാർക്ക് ഒരു വിലയ്ക്ക് പാട്ടത്തിനു നൽകുകയും അവർ മുഴുവൻ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. കൊ-ഡവലപ്പർ ഇടങ്ങളിൽ നിന്നു പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകളും ഐടി പാർക്കുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഇടങ്ങളിൽ നിന്ന് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുന്നു.

മൂന്നാമത്തെ വിഭാഗം, ഐടി പാർക്കിനുവെളിയിൽ കമ്പനികളുടെയോ ഡവലപ്പർമാരുടെയോ ഉടമസ്ഥതയിലോ അല്ലെങ്കിൽ പാട്ടത്തിനെടുത്തതോ ആയ സ്വകാര്യ ഇടങ്ങളാണ്. ഇത്

ബിൽഡർമാരുടെയോ ഡവലപ്പർമാരുടെയോ സ്വകാര്യ ഐടി പാർക്കുകളോ അല്ലെങ്കിൽ കൊ-പ്രവർത്തന ഇടങ്ങളോ ആയ 10 മുതൽ 1000 ആളുകൾ വരെ ഉൾക്കൊള്ളുന്ന പ്രത്യേക യൂണിറ്റുകളോ ആകാം.

ഐടി വ്യവസായവും നിക്ഷേപ പ്രോത്സാഹനവും വികസിപ്പിക്കുന്നതിന് കേരള ഐടി പാർക്കുകളുടെ പങ്ക് ഉപവിഭാഗം 4.7 ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

ഐടിയുടെ വികേന്ദ്രീകൃത മാതൃകയും അടുത്ത വർഷങ്ങളിൽ സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നതും കാരണം മുകളിൽ വിവരിച്ച നാലു മാതൃകകളും ബാധകമായിടത്തെല്ലാം നയപരമായ പിന്തുണയും സാമ്പത്തിക പ്രോത്സാഹനവും നൽകുന്നതിലൂടെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇത് അടുത്ത വിഭാഗത്തിൽ നൽകിയിട്ടുണ്ട്.

## 4.3. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നയം

ഐടി, ഐടിഇഎസ്, ഇലക്ട്രോണിക്സ്, ഹൈ-ടെക് യൂണിറ്റുകൾ എന്നിവയെ പിന്തുണയ്ക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്, ഇനിപ്പറയുന്ന നയപരമായ നടപടികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്.

1. സർക്കാർ, ഐടി യൂണിറ്റുകളുടെ വികസനം വർദ്ധിപ്പിക്കുന്നതിന് കുറഞ്ഞത് നാല് ഐടി വികസന ഇടനാഴികളെങ്കിലും കണ്ടെത്തും. ഈ ഇടനാഴികകളിൽ 1000 അല്ലെങ്കിൽ അതിൽ കൂടുതലോ ഐറ്റി സീറ്റിംഗ് കപ്പാസിറ്റിയുള്ള ഏതൊരു സ്വകാര്യ കെട്ടിടവും ഒരു സ്വകാര്യ ഐടി പാർക്കായി കണക്കാക്കുകയും, സർക്കാർ ഐടി പാർക്കിലുള്ള യൂണിറ്റുകൾക്ക് ലഭ്യമായ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുകയും ചെയ്യാവുന്നതാണ്.

2. സർക്കാർ, അതിന്റെ റോഡ് ഷോകളിലും മറ്റ് മാർക്കറ്റിംഗ് കാമ്പെയിനുകളിലും ലഭ്യമായതും സഹ-ഡവലപ്പർമാരും സ്വകാര്യ സംരംഭകരും വികസിപ്പിച്ചതുമായ ഇടങ്ങൾ മാർക്കറ്റ് ചെയ്യുന്നത് സുഗമമാക്കും.

3. സർക്കാർ, അയൽ പട്ടണങ്ങളിൽ, ചെറിയ രീതിയിലുള്ള സഹ-തൊഴിൽ ഇടങ്ങൾ (വീട്ടിനടുത്ത് തൊഴിൽ) സജ്ജീകരിക്കുകയും, ഫോസ്റ്ററാ പദ്ധതിയിലൂടെ ഐടി ഇടങ്ങൾ സ്ഥാപിക്കുന്നതിന് സ്റ്റാർട്ടപ്പുകളുടെയും ചെറുകിട സംരംഭകരുടെയും വികസനത്തിന് പിന്തുണ നൽകുകയും ചെയ്യും. ഇത്തരം എല്ലാ സൗകര്യങ്ങൾക്കും പ്ലഗ് ആന്റ് പ്ലേ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതും, ഈ സൗകര്യങ്ങളിൽ നിന്ന് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് സർക്കാർ ഐടി പാർക്കുകളിൽ നിന്നു പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കു ബാധകമായ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുഭവിക്കാവുന്നതുമാണ് (വിഭാഗം 4.6-ൽ നൽകിയിട്ടുണ്ട്).

4. ഐടി പാർക്കുകൾക്കുള്ളിലോ സർക്കാർ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലോ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനായി വൻകിട കൊ-ഡവലപ്പർമാരെ സഹായിക്കുന്നതിന് സർക്കാർ സെക്ഷൻ ഭാഗം 4.4 ൽ പറഞ്ഞിട്ടുള്ള പ്രകാരം സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഘട്ടം ഘട്ടമായി പണം കൊടുക്കുന്നതിനുള്ള ഓപ്ഷനോടു കൂടി ബാധ്യതാരഹിത ഭൂമി നൽകുന്നതാണ്.

5. സംരംഭകർക്കും ബിൽഡർമാർക്കും അവരുടെ വളപ്പിൽ ഐടി സൗകര്യം വികസിപ്പിക്കുന്നതിന് പിൻബലം നൽകാനായി സർക്കാർ ഒരു പ്രധാന സഹായിയായി പ്രവർത്തിക്കുന്നതായിരിക്കും. ആയതിനുള്ള നയപരമായ പിന്തുണ സെക്ഷൻ 4.5 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

## 4.4. സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിലെ സഹ-വികസനത്തിനെ പിന്തുണയ്ക്കുന്നതിനുള്ള നയം.

ഐടി പാർക്കുകൾക്കുള്ളിൽ സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് വൻകിട കൊ-ഡവലപ്പർമാരെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി പാട്ടത്തിനെടുക്കുന്നതിന് ഘട്ടം ഘട്ടമായി പണമടയ്ക്കുന്നതിന് സർക്കാർ വിവിധ ഓപ്ഷനുകൾ നൽകുന്നതായിരിക്കും.

നിർദ്ദേശിച്ചിട്ടുള്ള വിവിധ പ്രവർത്തന മാതൃകകൾ:

1. ഭൂമി പാട്ടം 99 വർഷക്കാലത്തേക്കായിരിക്കുന്നതാണ്.

2. സർക്കാർ ഭൂമി ലഭ്യത ബാധ്യതാരഹിതമായിരിക്കും (നിർദ്ദിഷ്ട ബിസിനസ്സ് സ്ഥാപിക്കുന്നതിനുള്ള എല്ലാ നിർബന്ധിത അനുമതിയോടും കൂടി).

3. നിക്ഷേപകൻ മുൻകൂറായി പാട്ടത്തുകയുടെ 25% മാത്രം അടയ്ക്കുന്നതിനും ശേഷിക്കുന്ന 75% പാട്ടത്തുക 10 തുല്യവാർഷിക ഗഡുക്കളായി പലിശ സഹിതം അടയ്ക്കുന്നതിനുള്ള ഓപ്ഷൻ സർക്കാരിന് നൽകാവുന്നതാണ്.

4. നിക്ഷേപകൻ മുൻകൂറായി പാട്ടത്തുകയുടെ 25% മാത്രം അടയ്ക്കുന്നതിനും ശേഷിക്കുന്ന 75% ഭൂവുടമയ്ക്ക് ഇക്വിറ്റി രൂപത്തിലാക്കാനുമുള്ള ഓപ്ഷൻ സർക്കാരിനു നൽകാവുന്നതാണ്. എന്നിരുന്നാലും പാട്ടക്കാരൻ ഭൂവുടമയ്ക്കു നൽകുന്ന ഇക്വിറ്റി, നിക്ഷേപകൻ കാലാനുസൃതമായി പണമടയ്ക്കുമ്പോൾ, 3 വർഷത്തിനുശേഷവും പാട്ടത്തിനു നൽകിയ വർഷം മുതൽ 10 വർഷത്തിനകവും പരിഷ്കരിക്കേണ്ടതാണ്.

5. മറ്റൊരു ഓപ്ഷൻ, ഒരു പ്രാരംഭ പണമടയ്ക്കലിനുശേഷം പണമടയ്ക്കൽ മാറ്റിവയ്ക്കാനുള്ള സാധ്യതയോടുകൂടി ഒരു നിശ്ചിത കാലയളവിൽ സൃഷ്ടിക്കപ്പെട്ട നിക്ഷേപത്തിന്റെയും തൊഴിലിന്റെയും നിലവാരത്തെ ആധാരമാക്കി അടയ്ക്കാനുള്ള തുക നിർണ്ണയിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.

| ക്രമ നം. | വിഭാഗം | നിക്ഷേപ വിഭാഗം (₹കോടിയിൽ) | ഏറ്റവും കുറഞ്ഞ നേരിട്ടുള്ള തൊഴിൽ സൃഷ്ടിക്കൽ | പ്രോത്സാഹനങ്ങൾ |
|---|---|---|---|---|
| 1 | മൈക്രോ | 50–100 | 500 | നിക്ഷേപകൻ ഭൂമി പാട്ടത്തുകയുടെ 50% മാത്രം മുൻകൂറായി അടയ്ക്കുന്നതിനുള്ള ഒരു ഓപ്ഷൻ സർക്കാരിനു നൽകാവുന്നതാണ്. ശേഷിക്കുന്ന 50% പാട്ടത്തുക 10 വർഷത്തെ മോറട്ടോറിയം കാലയളവിനുശേഷം തുല്യാ വാർഷിക ഗഡുക്കളായി തിരിച്ചു പിടിക്കാം. |
| 2 | സ്മാൾ | 101–250 | 1,000 | നിക്ഷേപകൻ, ഭൂമി പാട്ടത്തുക മുൻകൂറിന്റെ 50% മാത്രം അടയ്ക്കുന്നതിനുള്ള ഓപ്ഷൻ പ്രവർത്തനം ആരംഭിച്ച് 5 വർഷത്തിനുള്ളിൽ നിക്ഷേപത്തിന്റെയും തൊഴിൽ സൃഷ്ടിക്കൽ മാനദണ്ഡങ്ങളുടെയും നേട്ടത്തെ അടിസ്ഥാനപ്പെടുത്തി മുൻകൂർ ഭൂമി പാട്ടത്തുകയുടെ ശേഷിക്കുന്ന തുക ഒഴിവാക്കുന്നതാണ്. |
| 3 | ലാർജ്ജ് | 251–500 | 2000 | നിക്ഷേപകൻ, മുൻകൂർ ഭൂമി പാട്ടത്തുകയുടെ 25% മാത്രം അടയ്ക്കുന്നതിനുള്ള ഓപ്ഷൻ പ്രവർത്തനം ആരംഭിച്ച് 5 |

| | | | | |
|---|---|---|---|---|
| | | | | വർഷത്തിനുള്ളിൽ നിക്ഷേപം, തൊഴിൽ സൃഷ്ടിക്കൽ മാനദണ്ഡങ്ങൾ എന്നിവയുടെ നേട്ടത്തെ അടിസ്ഥാനപ്പെടുത്തി മുൻകൂർ ഭൂമി പാട്ടത്തുകയുടെ ശേഷിക്കുന്ന തുക ഒഴിവാക്കുന്നതാണ് |
| 4 | മെ ഗാ | 501-1000 | 3000 | നിക്ഷേപകന്, മുൻകൂർ ഭൂമി പാട്ടത്തുകയുടെ 75% ഒഴിവാക്കുന്നു. പ്രവർത്തം ആരംഭിച്ച് 5 വർഷത്തിനുള്ളിൽ, നിക്ഷേപം, തൊഴിൽ സൃഷ്ടിക്കൽ മാനദണ്ഡങ്ങൾ എന്നിവയുടെ നേട്ടത്തെ അടിസ്ഥാനമാക്കി ഭൂമി പാട്ടത്തുക ഒഴിവാക്കുന്നതാണ്. |
| 5 | അ ൾട്രാ മെഗാ | 71000 | 5,000 | നിക്ഷേപകന് ഭൂമി പാട്ടത്തുക മുൻകൂർ 100% ഒഴിവാക്കുന്നു. പ്രവർത്തനം ആരംഭിച്ച് 5 വർഷത്തിനുള്ളിൽ നിക്ഷേപം, തൊഴിൽ സൃഷ്ടിക്കൽ മാനദണ്ഡങ്ങൾ എന്നിവയുടെ നേട്ടത്തെ അടിസ്ഥാനപ്പെടുത്തി ഭൂമി പാട്ടത്തുക ഒഴിവാക്കുന്നതാണ്.* |

* ഒരു നിശ്ചിത കാലത്തേക്കുള്ള ഇടവേളയിൽ നിക്ഷേപകന് മുകളിൽ പറഞ്ഞ നിക്ഷേപവും തൊഴിൽ മാനദണ്ഡങ്ങളും പൂർത്തീകരിക്കാനായില്ലെങ്കിൽ മുഴുവൻ ഭൂമി പാട്ടത്തുകയും ബാധകമായ പലിശ സഹിതം സർക്കാരിന് നൽകേണ്ടതാണ്.

## 4.5. സ്വകാര്യ ഭൂമിയിലെ ഐടി ഇടങ്ങളുടെ വികസനത്തെ പിന്തുണയ്ക്കുന്നതിനുള്ള നയം

ഒരു സ്വകാര്യ നിക്ഷേപകന് അവരുടെ ഭൂമിയിലോ അല്ലെങ്കിൽ പാട്ടഭൂമിയിലോ/ഒരു മൂന്നാം കക്ഷിയിൽ നിന്ന് അവർ ഏറ്റെടുത്തതോ ആയ ഭൂമിയിലോ ഐടി ഇടങ്ങളുടെ വികസനം നടത്താൻ സാധിക്കുന്നതാണ്.

### 4.5.1. ഒരു സ്വകാര്യ നിക്ഷേപകൻ മുഖേനയുള്ള വികസനം

ഈ മാതൃകയിൽ, സർക്കാർ തുണ്ടുഭൂമികൾ കണ്ടെത്തുന്നതിനും ഭൂമി സ്വകാര്യ നിക്ഷേപകർക്ക് വിപണനം ചെയ്യുന്നതിനും പിന്തുണ നൽകുകയും അതിനുശേഷം അവരുടെ ആവശ്യകതകളുടെ അടിസ്ഥാനത്തിൽ അതേ ഭൂമി വാങ്ങാൻ തീരുമാനിക്കാവുന്നതുമാണ്.

1. റോഡ് ഷോകളിലൂടെയും മറ്റ് വിപണന സംരംഭങ്ങളിലൂടെയും തുണ്ട് ഭൂമികൾ ബ്രാന്റിംഗ്/മാർക്കറ്റിംഗ് ചെയ്യുക

2. നിക്ഷേപകൻ അപേക്ഷ സമർപ്പിച്ച 30 ദിവസത്തിനകം ഏകജാലക ക്ലിയറൻസ് സംവിധാനം വഴി അനുമതികൾ/അംഗീകരണങ്ങൾ നൽകുക.

3. സർക്കാർ ഐടി പാർക്കുകളിലെ സ്വകാര്യ നിക്ഷേപകർക്ക് ബാധകമായ പ്രോത്സാഹനങ്ങളും നികുതി അവധികളും നൽകുക.

4. അൾട്രാ-ലോ ലേറ്റൻസി കണക്ടിവിറ്റിയെ പിന്തുണയ്ക്കുന്നതിനായി കാമ്പസിനുവേണ്ടി 5ജി സ്ട്രീറ്റ് ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം (ബിസിനസ്സ് മാതൃകയുടെ അഭ്യർത്ഥനയിലും വിലയിരുത്തലിലും).

## 4.5.2. സ്വകാര്യ നിക്ഷേപകരും സർക്കാരും മുഖേനയുള്ള സംയുക്ത വികസനം

ഈ മാതൃകയിൽ സാധ്യതയുള്ള പ്രദേശങ്ങളിലെ തുണ്ടു ഭൂമികൾ സർക്കാർ വേർതിരിക്കും, ഭൂമിയുടെ ഉടമസ്ഥാവകാശം സ്വകാര്യ ഭൂവുടമകളിൽ നിക്ഷിപ്തമായിരിക്കും. എന്നാൽ ഐടി പാർക്കിന്റെ വികസനത്തിനായി വരുമാനം പങ്കുവയ്ക്കൽ അടിസ്ഥാനത്തിൽ റോഡുകൾ, ചുറ്റുമതിലുകൾ, ജലവിതരണം, വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ പൊതുസൗകര്യങ്ങളുടെ വികസനത്തിനായി സർക്കാർ നിക്ഷേപം നടത്തുന്നതായിരിക്കും. ഈ മാതൃകയിൽ, സർക്കാർ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

1. ഐടി പാർക്കുകളുടെ ബ്രാഡിംഗ്/വിപണനം
2. നിക്ഷേപകൻ അപേക്ഷ സമർപ്പിച്ച് 15 ദിവസത്തിനുള്ളിൽ, ഏകജാലക ക്ലിയറൻസ് സംവിധാനം വഴിയുള്ള അനുമതികൾ/അംഗീകരണങ്ങൾ.
3. സർക്കാർ ഐടി പാർക്കുകളിലെ സ്വകാര്യ നിക്ഷേപകർക്ക് ബാധകമായ പ്രോത്സാഹനങ്ങളും നികുതി അവധിയും നൽകും.
4. പാർക്കിനുള്ളിലും ചുറ്റുമായി പൊതുവായ സൗകര്യങ്ങളുടെ വികസനത്തിന് ആവശ്യമായ നിക്ഷേപം.
5. അപ്രോച്ച് റോഡുകൾക്കും മറ്റുമായി സ്ഥലം ഏറ്റെടുക്കൽ.
6. റോഡുകളുടെ വികസനം
7. യൂട്ടിലിറ്റികൾക്കു വേണ്ടിയുള്ള പൈപ്പ്ലൈനുകൾ
8. അൾട്രാ ലോ ലേറ്റൻസി കണക്ടിവിറ്റിയുടെ പിൻബലത്തിനായി കാമ്പസിനായുള്ള 5ജി സ്ട്രീറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം (ബിസിനസ് മോഡലിന്റെ അപേക്ഷയിലും വിലയിരുത്തലിലും)

## 4.5.3. ഐടി പാർക്കുകൾ സൃഷ്ടിക്കുന്നതിനുള്ള ലാന്റ് പൂളിംഗ് സംവിധാനം

വ്യാവസായികവും സാമ്പത്തികവുമായ വികസനത്തിന് പരമ്പരാഗതമായ ഭൂമി ഏറ്റെടുക്കലിനുള്ള നൂതനുമായ സമീപനമാണ്. ലാന്റ് പൂളിംഗ് ലാന്റ് പൂളിംഗ് സംവിധാനത്തിൽ, ഭൂവുടമകളുടെ ഗ്രൂപ്പുകൾ അവരുടെ ഭൂമി പൂൾ ചെയ്യുകയും അടിസ്ഥാന സൗകര്യ പദ്ധതികളുടെ വികസനത്തിനുവേണ്ടി സ്വകാര്യ നിക്ഷേപകർക്ക് പാട്ടത്തിനു നൽകുന്നതിനായി സർക്കാർ ഏജൻസിക്ക് കൈമാറുകയും ചെയ്യുന്നു. ഭൂമിയുടെ വികസനത്തിനുശേഷം, അടിസ്ഥാന സൗകര്യങ്ങളുടെ ചെലവിലേക്കും വികസന ചെലവിലേക്കുമുള്ള നഷ്ടപരിഹാരമായി കുറച്ചു ഭാഗം കുറവ് വരുത്തിയതിനുശേഷം ഭൂവുടമകൾക്കായി ഏജൻസി വീണ്ടും ഭാഗം വയ്ക്കുന്നു. ലാൻഡ് പൂളിംഗ് നയത്തിന്റെ പ്രാഥമിക നേട്ടം, ഉടമസ്ഥാവകാശം യഥാർത്ഥ ഉടമസ്ഥന്റെ പക്കൽ തന്നെ തുടരുന്നു എന്നതാണ്. ഇത് നിയമപരമായ തർക്കങ്ങളുടേയും നഷ്ടപരിഹാര വിതരണത്തിനുമുള്ള സാധ്യതകൾ കുറയ്ക്കുന്നു. എന്നിരുന്നാലും ലാൻഡ് പൂളിംഗ് നയം, നടപടി ക്രമങ്ങൾക്കായി എല്ലാ ഭൂവുടമകളുടേയും സമ്മതം ആവശ്യപ്പെടുന്നു. പരമ്പരാഗത ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിൽ ഓരോ പ്രവർത്തനത്തിനും ഏറ്റവും കുറഞ്ഞ സമയം നിശ്ചയിച്ചിട്ടുള്ള നിരവധി ഘട്ടങ്ങൾ അടങ്ങുന്നതിനാൽ അതിന് വളരെയധികം സമയമെടുക്കും. എന്നിരുന്നാലും 19(1) വിജ്ഞാപനത്തിനുശേഷം, വാങ്ങുന്ന ആൾക്ക് ഭൂവുടമകളുമായി നേരിട്ടുള്ള വിലപേശലിൽ ഏർപ്പെടുന്നതിന് സാധിക്കുന്നതാണ്.

ഈ മാതൃകയിൽ ബന്ധപ്പെട്ട സർക്കാർ ഏജൻസി ഇനിപ്പറയുന്നവ ലഭ്യമാക്കേണ്ടതാണ്.

1. ഭൂമിയുടെ ബ്രാൻഡിംഗും വിപണനവും

2. നിക്ഷേപകൻ അപേക്ഷ സമർപ്പിച്ചതിനുശേഷം 30 ദിവസത്തിനകം, ഏകജാലക ക്ലിയറൻസ് സംവിധാനത്തിലൂടെയുള്ള അനുമതികൾ/അംഗീകരണങ്ങൾ

3. സർക്കാർ ഐടി പാർക്കുകളിലെ സ്വകാര്യ നിക്ഷേപകർക്ക് ബാധകമായ പ്രോത്സാഹനങ്ങൾ നികുതി അവധികൾ തുടങ്ങിയവ പോലുള്ള ആനുകൂല്യങ്ങൾ നൽകുക

4. അൾട്രലോ ലേറ്റൻസി കണക്ടിവിറ്റിയെ പിന്തുണയ്ക്കുന്നതിനായി കാമ്പസിനുവേണ്ടിയുള്ള 5ജി സ്ട്രീറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം (ബിസിനസ് മാതൃകയുടെ അഭ്യർത്ഥനയിലും വിലയിരുത്തലിലും)

സർക്കാർ ലാൻഡ് പൂളിംഗിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും യഥാസമയം വികസിപ്പിക്കുകയും അത്തരം മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട സർക്കാർ ഏജൻസി നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

## 4.6. ഐടി പാർക്കുകൾക്കും കൽപിത ഐടി പാർക്കുകൾക്കും സ്വകാര്യ ഡവലപ്പർമാർക്കുമുള്ള പ്രോത്സാഹനങ്ങൾ

നേരത്തേ ചർച്ച ചെയ്തതുപോലെ, എല്ലാ അംഗീകൃത ഐടി ഇടങ്ങളും അവ പാർക്കിനുള്ളിലോ പുറത്തോ പ്രവർത്തിക്കുന്നതോ സർക്കാരിന്റെയോ സ്വകാര്യകക്ഷിയുടെയോ ഉടമസ്ഥതയിലോ ആയാലും ചുവടെ ലിസ്റ്റ് ചെയ്തിരിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും പ്രത്യേക അവകാശങ്ങൾക്കും തുല്യമായി പരിഗണിക്കപ്പെടും. ഈ ആവശ്യത്തിനായി അംഗീകൃതമായ എല്ലാ ഐടി ഇടങ്ങളും കല്പിത ഐടി പാർക്കുകളായി പരിഗണിക്കുന്നതാണ്. താഴെപ്പറയുന്ന പ്രോത്സാഹനങ്ങൾ ലഭ്യമാണ്.

### 4.6.1. ഏകജാലക സംവിധാനം

ഐടി പാർക്കുകളിൽ നിന്ന് പ്രവർത്തിക്കുന്ന എല്ലാ കമ്പനികൾക്കും അതാത് പാർക്ക് കേന്ദ്രം ടച്ച് പോയിന്റ് ആയിട്ടുള്ള ഒരു ഏകജാലക ക്ലിയറൻസ് ഉണ്ടായിരിക്കേണ്ടതാണ്. ഇനിപ്പറയുന്നതുപോലുള്ള ബാഹ്യ ഏജൻസികളുമായുള്ള എല്ലാ ഇടപെടലുകളും ഈ കേന്ദ്രസംവിധാനം വഴി നടത്തുന്നതാണ്. ഇത്, എല്ലാ അംഗീകൃത ഐടി ഇടങ്ങളിൽ നിന്ന് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കു വ്യാപിപ്പിച്ചിട്ടുണ്ട്.

- സംസ്ഥാന കേന്ദ്ര തൊഴിൽവകുപ്പ്
- ഇഎസ്ഐ
- ഫയൽ ആന്റ് റസ്ക്യൂ വകുപ്പ്
- മലിനീകരണ നിയന്ത്രണ ബോർഡ്
- ഷോപ്പുകളും കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റും
- തൊഴിലാളികളുടെ ക്ഷേമനിധി/തൊഴിലാളി ക്ഷേമനിധി
- തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ കോർപ്പറേഷൻ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ
- ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ്
- പ്രോവിഡന്റ് ഫണ്ട് വകുപ്പ്

- സാമൂഹ്യനീതി വകുപ്പ്
- വനിതാ ശിശു വികസന വകുപ്പ്
- ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

### 4.6.2. സർക്കാരിന്റെ കൈവശത്തിലുള്ള ഐടി യൂണിറ്റുകൾക്കുള്ള പിന്തുണ

2017 ഐടി നയത്തിൽ ഇതിനകം തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ള കേരളത്തിൽ ആസ്ഥാനമായിട്ടുള്ള പ്രൈസ് പ്രിഫറൻസ് കമ്പനികൾക്ക് പുറമേ, അംഗീകൃത ഐടി ഇടങ്ങളിൽ നിന്ന് പ്രവർത്തിക്കുന്ന എല്ലാ കമ്പനികൾക്കും കേരള സർക്കാരോ, പൊതുമേഖലാ സ്ഥാപനങ്ങളോ അല്ലെങ്കിൽ സർക്കാർ സ്ഥാപനങ്ങളോ കൈവശത്തിലെടുക്കുന്നതിന്മേൽ നിശ്ചിത വിറ്റുവരവിലും ഏറ്റവും കുറഞ്ഞ അനുഭവ പരിചയത്തിലും ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ സംഗതിയിൽ ഐടി വകുപ്പ് വിശദമായ മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

### 4.6.3 വിപണന പിന്തുണ

സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന കമ്പനികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി ഐടി വകുപ്പിന്റെ സഹായത്തോടെ എല്ലാ പാർക്കുകളും ഒരു വാർഷിക പരിപാടിയായി ഒരു ഐടി/ഐടിഇഎസ് സാങ്കേതിക എക്സ്പോയും ബഹിരാകാശ എക്സ്പോയും നടത്തുന്നതാണ്.

ഇത്, എക്സ്പോയിൽ പങ്കെടുക്കുന്ന വൻകിട കോർപ്പറേറ്റുകളുമായി ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും ഒപ്പം നമ്മുടെ ആവാസവ്യവസ്ഥയിലുള്ള കമ്പനികൾക്കിടയിൽ സഹപ്രവർത്തനത്തിനുള്ള അവസരങ്ങൾ കണ്ടെത്തുന്നതിന് സഹായിക്കും.

### 4.6.4. തൊഴിൽ നിയമങ്ങൾ ലളിതമാക്കൽ

പതിവായി ജീവനക്കാർ സ്വമേധയാ കൊഴിഞ്ഞു പോകുന്നതും പ്രത്യേകിച്ച് വലിയ ഐടി കമ്പനികളിൽ നിന്നും സംസ്ഥാനത്തിനു പുറത്തേക്കുള്ള സ്ഥലംമാറ്റവും കൊണ്ട് ശ്രദ്ധേയമായ ഐടി വ്യവസായത്തിന്റെ അസാധാരണമായ സ്വഭാവം കണക്കിലെടുത്ത് ഐടി വകുപ്പിനു കീഴിൽ ഐടി/ഐടിഇഎസ്/ഇലക്ട്രോണിക്സ്/ഹൈ-ടെക് കമ്പനികൾക്കുവേണ്ടി ഒരു ക്ഷേമ നിയമവും ഫണ്ടുകളും രൂപീകരിക്കുന്നതിന് തുടക്കമിടുന്നതാണ്.

### 4.6.5. വസ്തുകരം

ഐടി പാർക്കിനുള്ളിലും പുറത്തും സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ പാട്ടത്തിനെടുത്ത കെട്ടിടം/വസ്തുകരം സർക്കാർ ഇതിനകം അടച്ചിട്ടുണ്ട്. കൂടുതൽ സ്വകാര്യ ഡവലപ്പർമാരേയും നിക്ഷേപകരേയും പ്രോത്സാഹിപ്പിക്കുന്നതിന് സ്വകാര്യ ഐടി പാർക്കുകൾക്കും കൊ-ഡവലപ്പർമാർക്കും 5 വർഷകാലയളവിലേക്ക് ഭൂനികുതിയുടെ 50% വരെയുള്ള റീഇംബേഴ്സ്മെന്റ് സർക്കാർ ലഭ്യമാക്കുന്നതാണ്.

മുൻഗണനാ മേഖലകളിലുള്ള ചില പാർക്കുകളിൽ, ഐടി പാർക്കുകളെ വ്യാവസായിക മേഖലകൾക്ക് സമാനമായി പരിഗണിച്ച്, ഐടി പാർക്കുകളിലുള്ള ഐടി കമ്പനികൾക്ക് പരിമിതമായ കാലത്തേക്ക് വസ്തുകരം ഇളവ് ലഭ്യമാകാവുന്നതാണ്.

### 4.6.6. കമ്പനികൾക്കും ജീവനക്കാർക്കും വേണ്ടിയുള്ള സൗകര്യപ്പെടുത്തൽ സംവിധാനങ്ങൾ

രാജ്യത്തെ മറ്റു ഭാഗങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്ന് ഇന്ത്യയിലേക്കുമുള്ള ജീവനക്കാരുടെ എളുപ്പത്തിലുള്ള കുടിയേറ്റത്തിന് അനുകൂലമായ ആവാസവ്യവസ്ഥ

സൃഷ്ടിക്കുന്നതിന് പാർക്കിനുള്ളിൽ ജീവനക്കാരുടെ ആവശ്യങ്ങൾ സുഗമമാക്കുന്നതിനുള്ള ഏകജാലക സംവിധാനങ്ങൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. സുഗമമാക്കൽ സംവിധാനത്തിൽ വിവിധ നിയന്ത്രണങ്ങൾ നടപ്പിലാക്കൽ, വിദ്യാഭ്യാസം, പരിശീലനം, വിനോദം എന്നിവയെ സംബോധന ചെയ്യുന്നതിനുള്ള പിന്തുണയും ഉൾപ്പെടുന്നു. പാർക്കുകളിൽ തൊഴിലെടുക്കുന്ന വ്യക്തികളുടെ സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതുമാണ്.

## 4.6.7. സ്വകാര്യ ലാൻഡ് ഡവലപ്പർമാരുടെ പ്രോത്സാഹനങ്ങൾ

ചുവടെയുള്ള പട്ടികയിൽ നൽകിയിട്ടുള്ള വിഭാഗത്തെ അടിസ്ഥാനപ്പെടുത്തി സ്വകാര്യ ലാൻഡ് ഡവലപ്പർമാർക്കും നിക്ഷേപകർക്കും പ്രത്യേക പ്രോത്സാഹനങ്ങൾ ലഭ്യമാക്കുന്നതാണ്.

| ക്രമ നം. | വിഭാഗം | നിക്ഷേപ വിഭാഗം (₹) കോടിയിൽ | ഏറ്റവും കുറഞ്ഞ നേരിട്ടുള്ള തൊഴിൽ സൃഷ്ടിക്കൽ | തൊഴിൽ സൃഷ്ടിക്കുന്നതിൽ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കുള്ള മുൻഗണന |
|---|---|---|---|---|
| 1 | ചെറുത് | 100-250 | 1000 | 50% |
| 2 | വലുത് | 250-500 | 2000 | 50% |
| 3 | മെഗാ | 500 | 3000 | 50% |
| 4 | അൾട്രാ മെഗാ | 1000 | 5000 | 50% |

പ്രോത്സാഹനത്തിൽ ഇവ ഉൾപ്പെടുന്നു-

### 4.6.7.1. മൂലധന സബ്സിഡി

കേരളത്തിലെ പുതിയതോ വിപുലീകരിച്ചതോ ആയ ഐടി/ഐടിഇഎസ്/ബിപിഒ യൂണിറ്റുകൾക്കുള്ള നിക്ഷേപത്തിന്റെ വ്യാപ്തിയും സ്ഥലവും അടിസ്ഥാനപ്പെടുത്തി കേരള സർക്കാർ മൂലധന സബ്സിഡികൾ ലഭ്യമാക്കുന്നതാണ്.

| കാറ്റഗറി അനുസരിച്ചുള്ള പ്രോത്സാഹനം (നിക്ഷേപം (₹) കോടിയിൽ | മൂലധന സബ്സിഡി (ഇഎഫ്എയുടെ ശതമാനം കണക്കിൽ) | | | തൊഴിലവസരങ്ങൾ |
|---|---|---|---|---|
| | 'എ' ജില്ലകൾ | 'ബി' ജില്ലകൾ | 'സി' ജില്ലകൾ | |
| ചെറുത് (100-250) | 15 % | 20 % | 25 % | 1000 |
| വലുത് (200-500) | 15 % | 20 % | 25 % | 2000 |
| മെഗാ(500-1000) | 18 % | 24 % | 30 % | 3000 |
| അൾട്രാ മെഗാ (1000-ന് മുകളിൽ) | 20 % | 30 % | 40 % | 5000 |

നിക്ഷേപവും തൊഴിൽ മാനദണ്ഡങ്ങളും പൂർത്തീകരിച്ച തീയതി മുതൽ 'എ' ജില്ലകൾക്ക് 12 വർഷത്തിലും 'ബി' 'സി' വിഭാഗങ്ങളിലുള്ള ജില്ലകൾക്ക് 15 വർഷത്തിലും തുല്യ വാർഷിക ഗഡുക്കളായി മൂലധന സബ്സിഡി വിതരണം ചെയ്യുന്നതാണ്.

| ജില്ലകളുടെ വിഭാഗം | ജില്ലകൾ |
|---|---|
| എ | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് |
| ബി | ആലപ്പുഴ, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് |
| സി | പത്തനംതിട്ട, കോട്ടയം, മലപ്പുറം, വയനാട്, ഇടുക്കി |

1. എസ്ജിഎസ്റ്റി റീഇംബേഴ്സ്മെന്റ്- 3 വർഷത്തേക്ക് പരമാവധി 10 കോടി രൂപയുടെ പരിധിയോടുകൂടി 25% വരെ
2. സർക്കാർ ഐടി പാർക്കുകൾക്ക് ബാധകമായ പവർ താരിഫ് സ്വകാര്യ ഐടി പാർക്കുകൾക്കും ബാധകമാക്കും
3. സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകൾ- 50% വരെ
4. രജിസ്ട്രേഷൻ ചാർജ്ജുകൾ ഒഴിവാക്കൽ
5. സ്ത്രീകൾ/ശാരീരിക വൈകല്യമുള്ളവർ/മൂന്നാം ലിംഗക്കാർ എന്നിവർക്കു തൊഴിൽ നൽകുന്ന യൂണിറ്റുകൾക്ക് പ്രോത്സാഹനങ്ങൾ
6. ഭൂമി പരിവർത്തന നിരക്കുകളുടെ കുറയ്ക്കൽ-ഭൂമിപരിവർത്തനത്തിന്റെ 50% വരെയുള്ള ഇളവ്
7. ഗുണനിലവാര സാക്ഷ്യപത്ര പ്രോത്സാഹനം (ISO, BIS, CMM ലെവൽ 3 മുതൽ 5 വരെ)- പരമാവധി 25 ലക്ഷം/യൂണിറ്റ്/വർഷത്തിന് വിധേയമായി ചെലവിന്റെ 50% റീഫണ്ട് ചെയ്യുക.
8. ഹരിത കാമ്പസ് സംരംഭങ്ങൾക്ക് പ്രത്യേക ഇളവുകൾ
9. അൾട്രാ-ലോ ലേറ്റൻസി കണക്ടിവിറ്റിയെ (ബിസിനസ് മാതൃകയുടെ അഭ്യർത്ഥനയിലും വിലയിരുത്തലിലും) പിന്തുണയ്ക്കുന്നതിനായി കാമ്പസിനു വേണ്ടി 5ജി സ്ട്രീറ്റ് അടിസ്ഥാന സൗകര്യ വികസനം.

## 4.7. ഐടി/ഇലക്ട്രോണിക്സ്/ഹൈ-ടെക് വ്യവസായ വികസനം

കേരള സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ (ഐടി പാർക്കുകൾ, KSPACE, KSITL-ഉം മറ്റുള്ളവയും) സംസ്ഥാനത്തെ ഐടി വ്യവസായ നിക്ഷേപ പ്രോത്സാഹനത്തിനുള്ള പ്രാഥമിക ഏജൻസികളായി പ്രവർത്തിക്കുന്നതാണ്. കേരള ഐടി പാർക്കുകൾ-ടെക്നോപാർക്കും (സ്ഥാപിതം-1990) ഇൻഫോപാർക്കും (സ്ഥാപിതം-2004) കേരളത്തിന്റെ ഐടി മേഖലയുടെ വളർച്ചയ്ക്കായി ഗണ്യമായി സംഭാവന നൽകി. സൈബർപാർക്ക് കോഴിക്കോട് (സ്ഥാപിതം 2009), ന്യായമായും കേരളത്തിലെ ഏകദേശം പുതിയ ഒരു ഐടി പാർക്ക്, സ്ഥിരമായി വളരുകയും തൊഴിലവസരങ്ങളിലേക്ക് സംഭാവന നൽകുകയും കമ്പനികളെ അതിന്റെ ഫോൾഡിലേക്ക് ചേർക്കുകയും ചെയ്യുന്നു. വർഷങ്ങൾ കൊണ്ട് കേരള ഐടി പാർക്കുകൾ അതിന്റെ കെട്ടിടങ്ങൾ, കൊ-ഡവലപ്പർ എന്നിവയിലൂടെ ഏകദേശം 20 ദശലക്ഷം ചതുരശ്ര അടി ഐടി ഇടങ്ങൾ നിർമ്മിച്ചു, അതിന്റെ സൗകര്യങ്ങൾ, ഏകദേശം 1.50 ലക്ഷം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 1000-ത്തിലധികം കമ്പനികളെ ഉൾക്കൊള്ളുന്നു.

ഐടി/ഐടിഇഎസ് കമ്പനികൾക്ക് സംസ്ഥാനത്ത് അവരുടെ പ്രവർത്തനം സജ്ജീകരിക്കുന്നതിന് സർക്കാർ ഐടി പാർക്കുകൾ ആകർഷകമായ ഒരു ലക്ഷ്യസ്ഥാനമാണ്. നിരവധി ബഹുരാഷ്ട്രകമ്പനികളും ആഭ്യന്തര കമ്പനികളും സംസ്ഥാനത്ത് തങ്ങളുടെ പ്രവർത്തനങ്ങൾ സ്ഥാപിക്കുകയും വിപുലീകരിക്കുകയും വളർച്ച തുടരുകയും ചെയ്യുന്നു. സർക്കാർ,

ഐടി പാർക്കുകൾക്കുള്ളിലും പുറത്തും ഊർജ്ജസ്വലവും മത്സരാധിഷ്ഠിതവുമായ ഒരു ഐടി ആവാസവ്യവസ്ഥയുടെ വികസനത്തിന് പാർക്കുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

വ്യവസായ വികസന അജണ്ടയുടെ ഭാഗമായി സ്പേയ്സ് ടെക് വ്യവസായത്തിനുവേണ്ടി പുതിയ 2023 ഐടി നയത്തിനോട് പ്രത്യേകമായ ഒരു പുതിയ അദ്ധ്യായം (അദ്ധ്യായം X) ചേർത്തിട്ടുണ്ട്.

ഇലക്ട്രോണിക് വ്യവസായത്തിന്റെ വികസനത്തിനായി ഒരു പ്രത്യേക ഇലക്ട്രോണിക് വ്യവസായ നയം പ്രത്യേകമായി പ്രസിദ്ധീകരിക്കുന്നതാണ്.

## ശ്രദ്ധ കേന്ദ്രീകരിക്കേണ്ട തന്ത്ര പ്രധാനമായ മേഖലകൾ

ഐടി പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വളർച്ച, ഐടി പാർക്കുകൾക്ക് അകത്തും പുറത്തുമുള്ള ഐടി ബിസിനസ്സുകൾ, സാങ്കേതിക മുന്നേറ്റങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ആഗോളനിക്ഷേപങ്ങളെ ആകർഷിക്കുകയും പാർക്കിനു ചുറ്റുമുള്ള സാമൂഹിക ആവാസ വ്യവസ്ഥ വർദ്ധിപ്പിക്കുന്നതിലേക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കും സോഫ്റ്റ്‌വെയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിലേക്കും നയിക്കുക എന്നിവയ്ക്ക് നയം ഊന്നൽ നൽകുന്നു.

ഇനിപ്പറയുന്ന സംരംഭങ്ങളിലൂടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട തന്ത്രപരമായ മേഖലകൾ സുഗമമാക്കേണ്ടതാണ്.

### 4.7.1. ഐടി പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

#### 4.7.1.1. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരമാവധി ഉപയോഗം

സർക്കാർ ഏജൻസികൾ (KSITIL, IT പാർക്കുകൾ അല്ലെങ്കിൽ മറ്റുള്ളവ) ഐടി വ്യവസായത്തിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നിന് അല്ലെങ്കിൽ IT/ITES/ഹൈ-ടെക് കമ്പനികൾക്ക് അനുവദിക്കുന്നതിന് ഹബ്ബിലും സാറ്റലൈറ്റ് കാമ്പസിലും ലഭ്യമായ തുണ്ട് ഭൂമികൾ വിവേകപൂർവ്വം വിനിയോഗിക്കേണ്ടതാണ്. ഇൻഫർമേഷൻ ടെക്നോളജി ഒരുക്കിയെടുത്ത ഇടങ്ങൾ, സർക്കാർ ഏജൻസികൾ നേരിട്ടോ സ്വകാര്യ നിക്ഷേപകരോ അല്ലെങ്കിൽ സംയുക്തമായോ വികസിപ്പിക്കേണ്ടതാണ്. പ്രത്യേക സാമ്പത്തിക മേഖലയിലുള്ളതോ (SEZ) അല്ലാത്തതോ ആയ തുണ്ടുഭൂമിക്ക് ഒരു സമയം പരമാവധി 99 വർഷത്തേക്ക് പാട്ടത്തിനു നൽകാവുന്നതാണ്.

പാർക്ക് ഓരോ സ്ഥലത്തും നിർമ്മിച്ചിട്ടുള്ള പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ/യൂട്ടിലിറ്റികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്, അതിന്റെ സാധ്യതയെ അടിസ്ഥാനമാക്കി അടുത്ത സ്ഥലങ്ങളിലേക്കുള്ള വിപുലീകരണം പരിഗണിക്കേണ്ടതാണ്.

#### 4.7.1.2. പുതിയ നഗരസ്ഥലങ്ങളിലേക്ക് ഐടി പാർക്ക്സ് പ്ലഗ് & പ്ലേ വർക്ക് സ്പെയ്സ് വിപുലീകരിക്കുന്നത്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ നഗരവൽക്കരിക്കപ്പെട്ട സംസ്ഥാനമാണ് കേരളം. അടിസ്ഥാന സൗകര്യം, ടാലന്റ് പൂൾ, വ്യാവസായിക പങ്കാളിത്തം എന്നിവ പ്രാപ്യമാക്കുന്ന സംസ്ഥാനമൊട്ടാകെ ഒരു സമഗ്ര ഐടി ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുടനീളമുള്ള

നഗരപ്രദേശങ്ങളിൽ ഐടി വ്യവസായത്തിനായി വിതരണം ചെയ്ത തൊഴിലിടങ്ങളുടെ വികസനത്തിന് സർക്കാർ അടിത്തറയിടും. വികസനം നേരിട്ടോ അല്ലെങ്കിൽ സ്വകാര്യ പങ്കാളിത്തത്തോടെയോ ഏറ്റെടുക്കേണ്ടതാണ്.

#### 4.7.1.3. ലാൻഡ് പൂളിംഗ് വഴി ഐടി പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുക:

ഭൂമിയുടെ ലഭ്യതയും അടിസ്ഥാനപരമായ അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാനത്തേക്ക് പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള നിർണ്ണായകമായ ആവശ്യകതയായി നിലകൊള്ളുന്നു. സെക്ഷൻ 4.5-ൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഐടി വ്യവസായത്തിന്റെ ആവശ്യകതകൾ നേരിടുന്നതിനായി ലാൻഡ് പൂളിംഗ് മാതൃകയിലൂടെ പൊതുസ്ഥാപനങ്ങളുടെയോ സ്വകാര്യ സ്ഥാപനങ്ങളുടെയോ പങ്കാളിത്തത്തോട് കൂടി ഒരു പുതിയ ഐടി പാർക്ക് വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്നു.

### 4.7.2. ഐടി പാർക്കുകൾക്ക് ഉള്ളിലും പുറത്തും ഐടി ബിസിനസ്സ് ശക്തിപ്പെടുത്തൽ

ഐടി പാർക്ക് കാമ്പസുകളിൽ നിന്ന് പ്രവർത്തിക്കുന്ന ചെറുതും ഇടത്തരവുമായ കമ്പനികളോടൊപ്പം, ഐടി പാർക്കുകളുടെ ആവാസ വ്യവസ്ഥയുടെ വെളിയിലായി ധാരാളം ചെറുതും ഇടത്തരവുമായ ഐടി/ഐടിഇഎസ് കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുള്ളതും, ആവയിൽ പലതിനും വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ അളവിൽ സോഫ്റ്റ്‌വെയർ കയറ്റുമതിക്കുമുള്ള വലിയ സാധ്യതയുള്ളവയാണ്. കേരള ഐടി പാർക്കുകൾ ഈ കമ്പനികളെ തിരിച്ചറിയുന്നതിനുള്ള ഒരു അനുബന്ധ പരിപാടി ആരംഭിക്കുന്നതും ബിസിനസ്സിൽ അവർക്കുള്ള വിവിധങ്ങളായ അപായ ഘടകങ്ങൾ കുറച്ചു കൊണ്ടു വരുന്നത് സുഗമമാക്കുന്നതും പരമ്പരാഗതമായ വിപണനത്തിന്റെയും കച്ചവട രീതിയുടെയും മുൻകൂർ ചെലവ് ഇല്ലാതെ വില്പന വർദ്ധിപ്പിക്കുന്നതിനും ഉപഭോക്തൃ സ്വാധീനത്തിനുമുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതുമാണ്. ഇത് ഈ മേഖലയിലുള്ള കമ്പനികളെ വളരുന്നതിന് സഹായിക്കുകയും തൊഴിൽ സൃഷ്ടിക്കുന്നതിനും സോഫ്റ്റ്‌വെയറിലുള്ള കയറ്റുമതി വർദ്ധിക്കുന്നതിലേക്ക് നയിക്കുകയും ചെയ്യും.

കൂടാതെ സ്വകാര്യ ഐടിപാർക്കുകളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി, കേരള ഐടി പാർക്കുകൾ, നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും തൊഴിൽ സൃഷ്ടിക്കുന്നതിനും പരസ്പരം ഉപകാരപ്രദമായ രീതിയിൽ ബ്രാൻഡ് നാമങ്ങളോ/അല്ലെങ്കിൽ സേവനമോ വാഗ്ദാനം ചെയ്തുകൊണ്ട് സ്വകാര്യ പാർക്കുകളുമായി സഹകരിക്കുന്നതായിരിക്കും.

### 4.7.3. ആഗോള നിക്ഷേപങ്ങൾ ആകർഷിക്കൽ

#### 4.7.3.1. വിപണനവും ബിസിനസ് വികസന പ്രവർത്തനങ്ങളും.

രാജ്യത്തെ ഐടി & ഐടിഇഎസ് നിക്ഷേപങ്ങൾക്കുള്ള ഒരു തിരഞ്ഞെടുക്കൽ ലക്ഷ്യസ്ഥാനമായി കേരള ഐടിയെ സ്ഥാപിക്കുന്നതിന് സർക്കാർ ദേശീയവും അന്തർദ്ദേശീയവുമായി വിവിധ ബ്രാൻഡ് പ്രൊമോഷനുകളും വിപണനസംരംഭങ്ങളും നടത്തും. കൂടാതെ വ്യവസായ പങ്കാളികളുടെ സഹായത്തോടെ ഇവന്റുകൾ മിനി കോൺഫറൻസുകൾ മുതലായവ നടത്തും.

നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ബിസിനസ്സ് വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഐടി പാർക്കുകൾ ട്രേഡ് ഫെയറുകളിലും എക്സ്പോകളിലും

പങ്കെടുക്കുകയും തിരഞ്ഞെടുത്ത പ്രദേശങ്ങളിലേക്ക്/രാജ്യങ്ങളിലേക്ക് പ്രതിനിധികളെ അയയ്ക്കുകയും ചെയ്യും.

പാർക്കുകൾ വിപണനവും ബിസിനസ്സ് വികസന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് ഇന്റർനാഷണൽ പ്രോപ്പർട്ടി കൺസൾട്ടന്റുമാരെ (IPC-കൾ) വിനിയോഗിക്കും.

### 4.7.3.2. വ്യവസായം സുഗമമാക്കൽ-ബിസിനസ്സ് ചെയ്യുന്നതിനുള്ള അനായാസത

ഐടി പാർക്കുകൾ/COES എന്നിവയ്ക്ക് കീഴിൽ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളിൽ വേഗത്തിൽ നടപടി എടുക്കുന്നതിനും ആവശ്യമായ ക്ലിയറൻസുകൾ നൽകുന്നതിനും കൊ-ഡവലപ്പർമാർക്കായി ഒരു പ്രത്യേക 'ഇ-ഏകജാലക ക്ലിയറൻസ് സംവിധാനം' സ്ഥാപിക്കുക

നടപ്പിലാക്കലിന് കാലതാമസം എടുക്കുന്നത് കുറയ്ക്കുന്നതിനായി ഐടി പാർക്കുകളുടെ കീഴിൽ നിക്ഷേപം സാധ്യമാകുന്ന പ്രതിബദ്ധതയുള്ള ഒരു ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഏകജാലക ക്ലിയറൻസ്.

### 4.7.3.3. ഒരു ഫാസ്റ്റ് ട്രാക്ക് ക്ലിയറൻസ് നടപടി ക്രമം സ്ഥാപിക്കൽ

അടിസ്ഥാന സൗകര്യങ്ങളുടെയോ യൂട്ടിലിറ്റികളുടെയോ സജ്ജീകരണവും/അല്ലെങ്കിൽ പ്രവർത്തനവും/അല്ലെങ്കിൽ പരിപാലനവും സംബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകളിലും/അല്ലെങ്കിൽ തദ്ദേശ സ്ഥാപനങ്ങളിലും, ഐടി പാർക്കുകൾ/KSPACE ഉന്നയിച്ചിട്ടുള്ള വിവിധ സേവനങ്ങൾക്കു വേണ്ടിയുള്ള അപേക്ഷകളുടെ അംഗീകരണ നടപടികൾ വേഗത്തിലാക്കാൻ സർക്കാർ ഒരു ഫാസ്റ്റ് ട്രാക്ക് ക്ലിയറൻസ് നടപടി ക്രമം സ്ഥാപിക്കേണ്ടതാണ്.

## 4.7.4. സാങ്കേതിക വിദ്യാപരമായ മുന്നേറ്റങ്ങൾ പ്രോത്സാഹിപ്പിക്കൽ

### 4.7.4.1. മാനവശേഷി വികസനം

ഐടി ആവാസ വ്യവസ്ഥയുടെ വികസനത്തിന് ഇത് ഒരു പ്രധാന ഘടകമാണ്. സാങ്കേതികവിദ്യയിലുള്ള പുതിയ പ്രവണതകൾക്കൊപ്പം ആവശ്യമായ ടാലന്റ് പൂളിന്റെ ലഭ്യത വളരെ നിർണ്ണായമായി മാറിയിട്ടുണ്ട്. നയത്തിന്റെ V-ാം അദ്ധ്യായത്തിൽ സമഗ്രമായ ഒരു മനുഷ്യവിഭവശേഷി ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള വിവിധ ശ്രമങ്ങൾ വിശദമായി വിവരിച്ചിട്ടുണ്ട്.

എന്നിരുന്നാലും, മൂല്യവത്തായ ഒരു ടാലന്റ് പൂളിന്റെ വികസനത്തിനും അതിന്റെ വിനിയോഗത്തിലും ടാലന്റ് പൂളും വിപണിബന്ധവും നിർണ്ണായക ഘടകമായി തുടരുന്നു. ശേഷിയുള്ള ഒരു ടാലന്റ് പൂൾ സംസ്ഥാനത്തേക്ക് പുതിയ നിക്ഷേപങ്ങളെ ആകർഷിക്കും. കേരള ഐടി പാർക്കുകൾ, പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിന് പ്രത്യേകിച്ച് പുതിയതും വികസിതവുമായ സാങ്കേതിക വിദ്യകളുടെ ഫോക്കസ് ഏരിയകളിൽ വ്യാവസായിക-അക്കാഡമിക പങ്കാളിത്തങ്ങൾ സുഗമമാക്കും.

കേരള ഐടി പാർക്കുകൾ, KSPACE, കേരള ICT അക്കാഡമി ഡിജിറ്റൽ സർവ്വകലാശാല IIITMK മുതലായവ പുതിയതും വികസിതവുമായ സാങ്കേതിക വിദ്യാമേഖലകൾക്കായി, ഗവേഷണ പരിപാടികളിൽ വ്യവസായ-അക്കാഡമിക പങ്കാളിത്തം സുഗമമാക്കും.

### 4.7.4.2. ഐടി വ്യവസായത്തിനു വേണ്ടി ആഭ്യന്തര വിപണിയുടെ വികസനം

ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ (ചാപ്റ്റർ ix) വ്യത്യസ്ത മേഖലകളുടെയും തൊഴിലുകളുടെയും ഡിജിറ്റൽ പരിവർത്തനം സാധ്യമാക്കും. സംരംഭങ്ങൾ മൂല്യശൃംഖലയിൽ വിവിധ നിക്ഷേപ അവസരങ്ങൾ തുറക്കുന്നതാണ്. കേരള ഐടി പാർക്കുകൾ, ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടുകൂടി ഡിജിറ്റൽ പരിവർത്തന പ്രക്രിയകൾ സ്വീകരിക്കുന്നതിന് വിവിധ മേഖലകളിലെ സാധ്യതയുള്ള അവസരങ്ങൾ കണ്ടെത്തും. ഈ സുസ്ഥിര ഡിജിറ്റൽ മാറ്റത്തിന്റെ ഭഗമാകാൻ ഓഹരി ഉടമകളെ ഒന്നിച്ചു കൊണ്ടു വരുന്നതിന് ആഭ്യന്തര അവസരങ്ങളെ ദേശീയമായും അന്തർദ്ദേശീയമായും മാർക്കറ്റ് ചെയ്യുന്നതിനും പാർക്ക് സൗകര്യമൊരുക്കും.

### 4.7.5. ഐടി പാർക്കുകളുടെ ചുറ്റിനും സാമൂഹിക ആവാസ വ്യവസ്ഥ വർദ്ധിപ്പിക്കൽ

സർക്കാർ, ഐടി പാർക്കുകളിലും പരിസരങ്ങളിലും വിദ്യാഭ്യാസം, വിനോദം, കായികവിനോദം കണക്ടിവിറ്റി എന്നിവയിലെ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സ്വയം പര്യാപ്തമായ സാമൂഹിക ആവാസവ്യവസ്ഥകളുടെ വികസനത്തിന് സൗകര്യമൊരുക്കും. പരസ്പരം ശക്തിപ്പെടുത്തുകയും ഉൾപ്പെട്ടിട്ടുള്ള എല്ലാ കക്ഷികളുടെയും ആരോഗ്യകരമായ നിലനില്പിന് പ്രയോജനം ചെയ്യുന്നതുമായ, പൊതുഅടിസ്ഥാന സൗകര്യങ്ങളുടെയും സ്വകാര്യ ബിസിനസ്സുകളുടേയും ഐടി പ്രൊഫഷണലുകളുടെയും ഒരു സഹജീവി അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പാർക്കുകൾ, നഗരാസൂത്രണ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ അംഗങ്ങൾ, ഐടി കമ്പനികൾ എന്നിവ നിലവിലുള്ളതും പുതിയതുമായ ഐടി പാർക്കുകൾക്ക് ചുറ്റും അത്തരമൊരു സാമൂഹിക ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിന് ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. ഒരു പ്രവർത്തന ചട്ടക്കൂട് സ്ഥാപിക്കേണ്ടതുണ്ട്.

### 4.7.6. ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (CIF) സ്ഥാപിക്കൽ

ഐടി പാർക്കുകളുടെ സുഗമമായി പ്രവർത്തനത്തിന്, അത്ഭുതപൂർവ്വമായ പ്രകൃതി ദുരന്തങ്ങൾ, പകർച്ചവ്യാധികൾ എന്നിവയ്ക്കായി ഒരു ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് സ്ഥാപിക്കേണ്ടതുണ്ട്.

- പ്രകൃതിദുരന്തത്തിൽ കേടുപാടുകൾ സംഭവിക്കുകയോ, നശിക്കുകയോ അല്ലെങ്കിൽ ആവശ്യമായി വരികയോ ചെയ്യുന്നതും പാർക്കിന്റെയോ അതിന്റെ ക്ലയന്റുകളുടെയോ പ്രവർത്തനങ്ങളെ ബാധിക്കാവുന്നതോ ആയ അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനും അല്ലെങ്കിൽ നിർമ്മിക്കുന്നതിനും ഫണ്ട് വിനിയോഗിക്കേണ്ടതാണ്.
- ഒരു മഹാമാരിയെ നേരിടുന്നതിന് ആവശ്യമായ ഏതെങ്കിലും അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനും.
- ബഡ്ജറ്റിൽ അംഗീകരിക്കപ്പെട്ട ഒരു പദ്ധതിക്ക് ഫണ്ട് ലഭ്യമല്ലാത്തത് കാരണം ഐടി പാർക്കിന് നിർണ്ണായകമായതോ പാർക്കിലെ അതിന്റെ ക്ലയന്റ് ബിസിനസ്സിനെ ബാധിക്കുന്നതോ ആയ ഏതെങ്കിലും ഫണ്ടിംഗ് ഗ്യാപ്പ് നികത്തുന്നതിന്.

- പ്രകൃതിദുരന്തങ്ങളോ പകർച്ചവ്യാധിയോ അല്ലെങ്കിൽ സാമ്പത്തിക മാന്ദ്യമോ കാരണം ഉണ്ടാകുന്ന അവസ്ഥകളുടെ പുനരുദ്ധാന നടപടികളായി ഗ്രാമീണ ഐടി പാർക്കുകൾ/വക്താക്കൾക്കുവേണ്ടി ധനസഹായം നൽകുന്നതിനായി ഉപയോഗിക്കുന്നതിന്.
- ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഐടി പാർക്കുകൾ കൈവശം വയ്ക്കുകയും ആവശ്യമുള്ളപ്പോൾ ഐടി സെക്രട്ടറിയുടെ ശുപാർശയോടും ഐടി മന്ത്രിയുടെ അംഗീകാരത്തോടും കൂടി നൽകേണ്ടതുമാണ്.

## 4.7.7. ജീവനക്കാരുടെ വൈവിധ്യത്തിനും ഉൾപ്പെടുത്തലിനുമുള്ള പ്രത്യേക സാമ്പത്തിക സഹായം

സർക്കാർ ഉടമസ്ഥതയിലുള്ള ഐടി പാർക്കിൽ പാട്ടത്തിനെടുത്ത ബിൽറ്റ് അപ്പ് സ്പെയ്സിൽ പ്രവർത്തിക്കുന്നതും 25 ജീവനക്കാരോ അതിൽ കൂടുതലോ ഉള്ളതുമായ ഒരു ഐടി/ഐടിഇഎസ് സ്ഥാപനം ട്രാൻസ്ജൻഡർ വ്യക്തികൾക്ക് സ്ഥിരം തൊഴിൽ ക്യാമ്പസിൽ ലഭ്യമാക്കുന്നതിന് മാസവാടകയുടെ 5% പ്രതിമാസം പരമാവധി 15,000 വരെ ശമ്പള റീഇംബേഴ്സ്മെന്റായി ക്ലെയിം ചെയ്യാം.

നാഡീ വൈവിധ്യത്തിനും (ന്യൂറോ ഡൈവർജന്റ്) ശാരീരിക വൈകല്യമുള്ള ആളുകൾക്കും സമാനമായ സാമ്പത്തിക സഹായം ബാധകമാണ്. സ്ഥാപനം ഒന്നിൽ കൂടുതൽ വിഭാഗങ്ങളിലുള്ള ആളുകളെ (ട്രാൻസ്ജന്റർ, ന്യൂറോഡൈവർജന്റ്, ശാരീരിക വൈകല്യമുള്ളവരും) നിയമിക്കുന്ന പക്ഷം ഓരോ വിഭാഗത്തിനും നൽകുന്ന സാമ്പത്തിക സഹായം കോമ്പൗണ്ട് ചെയ്യും.

സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ഐടി പാർക്കിൽ പാട്ടത്തിനെടുത്ത ബിൽറ്റ് അപ് സ്പെയ്സിൽ പ്രവർത്തിക്കുന്ന 25 ജീവനക്കാരോ അതിൽ കൂടുതലോ ഉള്ള ഒരു ഐടി/ഐടിഇഎസ് സ്ഥാപനത്തിന് അതിന്റെ ഉടമസ്ഥതയിലോ അല്ലെങ്കിൽ അതിന്റെ ഡയറക്ടർ ബോർഡിലോ ഒരു ട്രാൻസ്ജൻഡർ, ന്യൂറോ ഡൈവർജന്റ് അല്ലെങ്കിൽ ശാരീരിക വൈകല്യമുള്ള വ്യക്തിയോ അല്ലെങ്കിൽ ഇവയിലേതെങ്കിലും ചേർന്നോ അല്ലെങ്കിൽ എല്ലാം കൂടി ചേർന്നോ ഉണ്ടെങ്കിൽ അടിസ്ഥാന വാടകയുടെ 10% കിഴിവിന് അർഹതയുണ്ട്. ക്ലെയിം ചെയ്യുന്ന സഞ്ചിത തുകയ്ക്ക് ഒരു പരിധിയുമില്ല. സ്ഥാപനത്തിന് പ്രത്യേക സാമ്പത്തിക സഹായത്തിനു കീഴിലുള്ള 1-ാം വ്യവസ്ഥയുടെ കീഴിൽ കൂടുതൽ ക്ലെയിമുകൾ ഉന്നയിക്കാനുള്ള അർഹതയില്ല.

സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ഐടി പാർക്കിൽ പാട്ടത്തിനെടുത്ത ഒരു ബിൽറ്റ് അപ്പ് സ്പെയ്സിൽ 25 ജീവനക്കാരോ അതിൽ കൂടുതലോ ജോലി ചെയ്യുന്ന ഒരു ഐടി/ഐടിഇഎസ് സ്ഥാപനത്തിന് കാമ്പസിൽ 50% മോ അതിൽ കൂടുതലോ വനിതാ ജീവനക്കാരുണ്ടെങ്കിൽ 12 മാസത്തേക്ക് അടിസ്ഥാന വാടകയിൽ 10% കിഴിവിന് അർഹതയുണ്ട്. ക്ലെയിം ചെയ്യുന്ന സഞ്ചിത തുകയ്ക്ക് പരിധിയില്ല.

യോഗ്യത നേടുന്നതിന്, സ്ഥാപനത്തിൽ, കഴിഞ്ഞ 12 മാസക്കാലം കാമ്പസിൽ നിന്നും ജോലി ചെയ്യുന്ന 50% മോ അതിൽ കൂടുതലോ വനിതാ ജീവനക്കാർ ഉണ്ടായിരിക്കേണ്ടതാണ്. കിഴിവ് നടത്താത്ത അടിസ്ഥാന വാടകയിന്മേലാണ് വാടക വർദ്ധനവ് കണക്കാക്കുന്നത്. സാമ്പത്തിക സഹായം തുടർച്ചയായോ അല്ലെങ്കിൽ എപ്പോഴെങ്കിലും കഴിഞ്ഞ 12 മാസങ്ങൾ മുൻപറഞ്ഞ മാനദണ്ഡങ്ങൾ നിറവേറ്റുമ്പോഴോ നൽകാവുന്നതാണ്.

## 4.8. ആശയവിനിമയ അടിസ്ഥാനസൗകര്യം

ഐടി പാർക്കുകൾ, സ്വകാര്യ ഐടി പാർക്കുകൾ, ഐടി തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകളേയും സഹായിക്കുന്നതിനായി സർക്കാർ കെ-ഫോൺ ഇൻഫ്രാസ്ട്രക്ചർ വഴി അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കും. എല്ലാ യൂണിറ്റുകൾക്കും അവരുടെ പ്രവർത്തനത്തിന്റെ ആദ്യവർഷത്തിൽ വാണിജ്യ നിരക്കുകളിൽ 20% സബ്സിഡി ലഭ്യമാകുന്നതാണ്. കൂടാതെ സർക്കാർ എല്ലാ ഐടി പാർക്കുകളും സ്വകാര്യ ഐടി പാർക്കുകളും വാണിജ്യപരമായ സാധ്യതകൾക്ക് വിധേയമായി 5ജി പ്രാപ്തമാക്കും.

ചെലവ് കുറയ്ക്കുന്നതിനും കണക്ടിവിറ്റിയുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനുമായി ആഗോള വിവര ഹൈവേയുടെ ലാൻഡിംഗ് പോയിന്റുകൾ കേരളത്തിൽ സ്ഥാപിക്കുന്നതിനും സർക്കാർ ശ്രമിക്കുന്നതാണ്.

## 4.9. ഹൈ-ടെക് വ്യവസായങ്ങൾക്കുള്ള സവിശേഷമായ അടിസ്ഥാന സൗകര്യങ്ങൾ

ഹൈ-ടെക് വ്യവസായങ്ങളെ ആഗോള നായകരായി വളർത്തിയതിന്റെ വിജയകരമായ ട്രാക്ക് റെക്കോർഡ് കേരളത്തിനുണ്ട്. അതിവേഗം വളരുന്ന അത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി സംസ്ഥാന വ്യവസായിക നയത്തിൽ വിപുലമായി വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും സവിശേഷമായ അടിസ്ഥാന സൗകര്യങ്ങളും പ്രോത്സാഹന നടപടികളും സ്ഥാപിക്കുന്നതിലൂടെ ബഹിരാകാശ സാങ്കേതികവിദ്യകൾ, ഇലക്ട്രോണിക് ഹാർഡ്‌വെയർ മുതലായവ പോലുള്ള ഏതാനും മേഖലകളിൽ ഐടി നയം ഈ ശ്രമങ്ങൾക്ക് അനുബന്ധമായി പ്രവർത്തിക്കും. ബഹിരാകാശ മേഖലയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ഐടി വകുപ്പുമായി ചേർന്ന് KSPACE എന്ന പേരിൽ ഒരു പുതിയ ഏജൻസി സജ്ജീകരിച്ചിരിക്കുന്നു. ബഹിരാകാശ ശൂന്യാകാശ മേഖലകൾക്കുള്ള ഘടകങ്ങൾ, ഉപ-ഉൽപ്പന്നങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യാവസായിക യൂണിറ്റുകൾക്കായി തിരുവനന്തപുരത്ത് 20 ഏക്കർ കാമ്പസിൽ ഒരു ബഹിരാകാശ പാർക്ക് വികസിപ്പിച്ചു വരുന്നു. ബഹിരാകാശ പാർക്ക് സ്ഥാപിക്കുന്ന മുറയ്ക്ക് വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി പ്രത്യേക പ്രോത്സാഹനങ്ങളും പാക്കേജുകളും രൂപീകരിക്കുന്നതാണ്.

# അദ്ധ്യായം V

# നവീകരണവും സംരംഭകത്വവും സ്റ്റാർട്ടപ്പുകളും

## 5.1. ആമുഖം

2017 സ്റ്റാർട്ടപ്പ് നയം, കേരളത്തെ ഉത്തമമായ ഒരു സ്റ്റാർട്ടപ്പ് ഡസ്റ്റിനേഷൻ ആക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പുരോഗമനപരമായ ധാരാളം സംരംഭങ്ങൾ സ്ഥാപിക്കുകയും, അത് കേരള ടെക്നോളജി ഇന്നോവേഷൻ സോൺ (KTIZ) ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് (ISC) മാസച്യൂസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (MIT)യുടെ സഹായത്തോടെയുള്ള സൂപ്പർ ഫാബ്ലാബ് കേരള പോലുള്ള ഏറ്റവും ഉയർന്ന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിലേക്കും കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വലിയ തോതിലുള്ള വെഞ്ചർ കാപ്പിറ്റൽ ഫണ്ടിംഗ് നൽകുന്നതിനുള്ള ഫണ്ട്-ഓഫ് ഫണ്ട് സ്കീം ആരംഭിക്കുന്നതിലേക്കും നയിക്കപ്പെട്ടു.

ഈ നയം ഗ്രാന്റുകൾ, സോഫ്റ്റ് ലോണുകൾ സംസ്ഥാനത്തെ സംരംഭകർക്ക് പ്രാപ്തമാകുന്ന അത്യാധുനിക പ്ലഗ്-ആന്റ്-പ്ലേ ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ രൂപത്തിൽ പ്രാരംഘട്ട മൂലധനത്തിലേക്കുള്ള പ്രവേശനം സാധ്യമാക്കിയത് ശ്രദ്ധേയമാണ്. ഇത് സർക്കാർ വകുപ്പുകൾ മുഖേനയുള്ള നൂതനമായ പരിഹാരങ്ങൾ കാലേകൂട്ടി സ്വീകരിക്കുന്നതിനും അതുവഴി സ്റ്റാർട്ടപ്പുകൾക്ക് ആദ്യകാല റവന്യൂ ലഭ്യമാകുന്നതിനും സഹായകമായി. ഗവൺമെന്റ്-ആസ്-എ-മാർക്കറ്റ് പ്ലെയ്സ് (GaaM) പരിപാടി നടപ്പിലാക്കുന്നതിലേക്കും നയിച്ചു.

കൂടാതെ ഈ നയം വിദ്യാർത്ഥികളുടെ സംരംഭകത്വം വാണിജ്യവൽക്കരണം, സാങ്കേതികവിദ്യാകൈമാറ്റം എന്നീ പ്രവർത്തനങ്ങളുടെ വിപുലീകരണവും, സാങ്കേതികവിദ്യാധിഷ്ഠിതമായ സംരംഭങ്ങൾക്ക് ആദ്യഘട്ട നിക്ഷേപങ്ങൾ ലഭ്യമാകുന്നതിന് കേരളം അടിസ്ഥാനമായി ഏഞ്ചൽ നെറ്റ്വർക്ക് സൃഷ്ടിക്കുന്നതിന് സഹായകമായ സംരംഭകത്വ സംസ്കാരത്തിന്റെ പ്രോത്സാഹനവും വ്യാപകമായ സ്വീകാര്യതയും സാധ്യമാക്കി. ഇത് സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥാ റാങ്കിംഗിലും ദേശീയ അന്തർദേശീയ റാങ്കിംഗുകളിലും ഫോറങ്ങളിലും സംസ്ഥാനത്തിനു ലഭിച്ച മറ്റ് അംഗീകാരങ്ങളിലും പ്രതിഫലിക്കുകയുണ്ടായി.

## 5.2. ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും

2017 സ്റ്റാർട്ടപ്പ് നയത്തിന്റെ ഘടകങ്ങൾക്കു പുറമേ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവാസ വ്യവസ്ഥയുടെ വികസനത്തിനും സംരംഭകത്വം പ്രാപ്തമാക്കുന്നതിനുമായി കൂടുതൽ ഘടകങ്ങൾ കൂട്ടിച്ചേർക്കുന്നതിനും 2013 ടെക്നോളജി ഇന്നോവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് പോളിസി ലക്ഷ്യമിടുന്നു.

1. സംസ്ഥാനത്ത്, ബിസിനസ് ആരംഭിക്കുന്നതും ചെയ്യുന്നതും എളുപ്പമാക്കി കൊണ്ട് നവീകരണ സംസ്കാരം പ്രചരിപ്പിക്കുകയും പുതിയ സംരംഭങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

2. സംസ്ഥാനത്തൊട്ടാകെയുള്ള സ്റ്റാർട്ടപ്പുകൾക്കായി ഭൗതികവും ഡിജിറ്റലും സാങ്കേതികവുമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

3. സ്റ്റാർട്ടപ്പുകൾക്ക്, ഉപഭോക്താക്കളെ തിരിച്ചറിയുന്നതിനും ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും മൂല്യങ്ങൾ പ്രദാനം ചെയ്യുന്നതിനും ഉയർത്തുന്നതിനും പ്രധാന മേഖലകളിൽ പ്രോഗ്രാമുകൾ നടത്തുക.

4. ഇന്ത്യയിലെ മുൻനിര ഡിസൈൻ ആന്റ് പ്രോട്ടോടൈപ്പിംഗ് ഹബ്ബാക്കി കേരളത്തെ മാറ്റുന്നതിന് കൂടുതൽ ഡിസൈൻ ആന്റ് ഫാബ്രിക്കേഷൻ സെന്ററുകൾ സൃഷ്ടിക്കുക.

5. ഗ്രാമപ്രദേശങ്ങളിൽ സംരംഭം സൃഷ്ടിക്കുന്നതിന് പിന്തുണ നൽകുകയും സാമൂഹിക സംരംഭകത്വം സാധ്യമാക്കുകയും പാരമ്പര്യ വ്യവസായങ്ങളെ വ്യവസായം 4.0 ലേക്ക് പരിവർത്തനം ചെയ്യുന്നതിനും സഹായിക്കുക.

6. സമഗ്രതയും സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, ന്യൂനപക്ഷങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരുടെ പങ്കാളിത്തവും ഉറപ്പാക്കുക.

മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ സംസ്ഥാനത്തിനെ തടസ്സം സൃഷ്ടിക്കുന്ന സംരംഭങ്ങളുടെ ഒരു കേന്ദ്രമാക്കുന്നതിന് സഹായിക്കുകയും അടുത്ത 5 വർഷത്തിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്തിനെ സഹായിക്കുകയും ചെയ്യും.

| | | | | |
|---|---|---|---|---|
| 20000 ത്തിന്റെ മൊത്തം സ്റ്റാർട്ടപ്പുകളിൽ എത്തുക | കുറഞ്ഞത് 2,00,000 തൊഴിൽ സൃഷ്ടിക്കുക | STEAM -ൽ 10,000 ഹൈടെക് ജോലികൾ | 10 ലക്ഷം ചതുരശ്ര അടിയുടെ ഇൻകുബേഷൻ ഇടം | ₹10,000 കോടിയുടെ ആഭ്യന്തര നിക്ഷേപങ്ങൾ |

## 5.3 സമീപനം KSUN 3.0

സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കുമുള്ള നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷൻ, രാജ്യത്തെ മികച്ച സ്റ്റാർട്ടപ്പ് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുന്നതിന് ഒരു നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. 2014 ലെ സ്റ്റാർട്ടപ്പ് നയം സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകളിലും 2017-ലെ നയം വിജ്ഞാനാധിഷ്ഠിത നൂതനാശയങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ പുതിയ നയം സംരംഭ സൃഷ്ടി, മൂല്യസൃഷ്ടി സമ്പത്ത് സൃഷ്ടി എന്നിവയുടെ സുനിശ്ചിതമായ പ്രബലന ചക്രത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കും.

സംരംഭ സൃഷ്ടി ⟶ മൂല്യസൃഷ്ടി ⟶ സമ്പത്ത് സൃഷ്ടി



### 5.3.1. സംരംഭ സൃഷ്ടി

കഴിഞ്ഞ ദശകത്തിൽ, നവീകരണ സംസ്കാരം സംസ്ഥാനത്ത് പ്രബലമായി മാറിയിരുന്നു. എന്നിരുന്നാലും സംസ്ഥാനത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ തുടർച്ചയായ വളർച്ച ഉറപ്പുവരുത്തുന്നതിന് സുശക്തമായ ഒരു സ്റ്റാർട്ടപ്പ് മാർഗ്ഗം സൃഷ്ടിച്ചുകൊണ്ട് നിക്ഷേപം തുടരുന്നത് പ്രധാനമാണ്. ഒരു നൂതന ചിന്താഗതി നൽകുന്നതിനും പുതിയ ആശയങ്ങൾ പരീക്ഷിക്കുന്നതിനും പുതിയ സാങ്കേതിക സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനും അവർക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും KSUM ഇനിപ്പറയുന്ന ടാർഗെറ്റ് ഗ്രൂപ്പുകളുമായി പ്രവർത്തിക്കും.

#### 5.3.1.1.1. വിദ്യാർത്ഥികൾ

അക്കാദമിക് സ്ഥാപനങ്ങളിലെ IEDCS (ഇന്നോവേഷൻ ആന്റ് എന്റ്പ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെല്ലുകൾ) നെറ്റ്വർക്ക് വിദ്യാർത്ഥികൾക്കിടയിൽ വിജയസാധ്യതയുള്ള ആശയങ്ങൾ കണ്ടെത്തുന്നതിനും ഇത്തരം ടീമുകൾക്ക് ആവശ്യമായ ബിസിനസ് യുക്തി പകർന്നു നൽകുന്നതിനും ഒരു പ്രധാന പങ്ക് വഹിക്കുന്നതാണ്. വ്യവസായവും മറ്റു സർക്കാർ സ്ഥാപനങ്ങളുമായും സഹകരിച്ചു നടത്തുന്ന ആശയ ഫെസ്റ്റിലൂടെയും ഡിസൈൻ തിങ്കിംഗ് ചാലഞ്ചുകളിലൂടെയും നൂതന ആശയങ്ങളും പരിഹാരങ്ങളും കൊണ്ടുവരുന്നതിന് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കും.

സ്റ്റാർട്ടപ്പുകളുടെ ഒരു ശക്തമായ മാർഗ്ഗമുള്ള IEDCs- നെ ബിസിനസ്സ് ഇൻകുബേറ്ററുകളായി അംഗീകരിക്കുകയും DST അംഗീകൃത ഇൻകുബേഷൻ കേന്ദ്രങ്ങളാക്കുന്നതിന് ആവശ്യമായ പിന്തുണ നൽകുന്നതുമാണ്.

#### 5.3.1.2 ഗവേഷകർ

കേരള റിസർച്ച് ഇന്നവേഷൻ നെറ്റ്വർക്ക് വഴി (RINK) ഉപോൽപ്പന്ന സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് സാധ്യതയുള്ള ഗവേഷണ പദ്ധതികൾ കണ്ടെത്തുന്നതാണ്. വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ഇത്തരം പദ്ധതികൾ ഇൻകുബേറ്റ് ചെയ്യുകയും ടെക്നോളജി റഡിനസ്സ് ലവൽ വർദ്ധിപ്പിക്കുന്നതിന് റിസ്ക് കാപിറ്റൽ ലഭ്യമാക്കുകയും, ഗവേഷണത്തെ ഉൽപ്പന്നങ്ങളോ വിലമതിക്കാവുന്ന സേവനങ്ങളോ ആയ പരിവർത്തനം ചെയ്യുന്നതുമാണ്. കെഎസ്‌യുഎം പുതിയ സംരംഭങ്ങൾക്ക് സാങ്കേതികവിദ്യാ ലൈസൻസിംഗ് സുഗമമാക്കുന്നതിന് ആവശ്യമായ ചട്ടക്കൂടുകളും നയങ്ങളും സൃഷ്ടിക്കുന്നതിന് വിവിധ സർവ്വകലാശാലകളോടൊപ്പം പ്രവർത്തിക്കുന്നതാണ്. കൂടാതെ ആർഐഎൻകെ സംസ്ഥാനത്തെ വിവിധ ഗവേഷണ വികസന ടെസ്റ്റ് ഇൻഫ്രാസ്ട്രക്ചറുകൾ കണ്ടെത്തുന്നതിനും ഉപയോഗിക്കുന്നതിനും നൂതന ആശയക്കാർക്കും സംരംഭകർക്കു വേണ്ടിയുള്ള ഒരു വേദിയായി പ്രവർത്തിക്കുന്നതുമാണ്.

#### 5.3.1.3 ഡവലപ്പർമാർ എജിനീയർമാർ പ്രൊഫഷണലുകൾ

കെഎസ്‌യുഎം വ്യവസായ പ്രശ്ന പ്രസ്താവനകൾക്കായി വിവരം ശേഖരിക്കുകയും, അവയ്ക്ക് ഹാനികരമായ പരിഹാരവുമായി വരുന്നതിനുവേണ്ടി ഡവലപ്പർമാർക്കും എൻജിനീയർമാർക്കും പ്രൊഫഷണലുകൾക്കും വേണ്ടി തുറന്നിടുകയും ചെയ്യും. അപ്രകാരം വിജയസാധ്യതയുള്ള പരിഹാരങ്ങൾക്ക് കെഎസ്‌യുഎം റിസ്ക്ക് മൂലധനം ലഭ്യമാക്കുകയും ഈ പരിഹാരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി വ്യവസായവും സർക്കാർ ഏജൻസിയുമായും ചേർന്ന് പ്രവർത്തിക്കും.

### 5.3.1.4. സാമൂഹിക സംരംഭകർ

സാമൂഹിക സംരംഭകർ പ്രത്യേകിച്ച് ശാരീരിക വൈകല്യമുള്ളവരുടെ പുനരധിവാസം, ഗ്രാമീണ വിദ്യാഭ്യാസം, സ്ത്രീകളുടെ ആരോഗ്യം മുതലായ മേഖലയിലുള്ള വരെ കണ്ടെത്തുകയും വിലമതിക്കാവുന്ന സാങ്കേതിക വിദ്യപ്രാപ്തമാക്കിയ പരിഹാരങ്ങൾ സൃഷ്ടിക്കുന്നതിനോ പ്രയോജനപ്പെടുത്തുന്നതിനോ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. അപ്രകാരമുള്ള സംരംഭകർക്കും പരമ്പരാഗത വ്യവസായങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കും വ്യവസായം 4.0 സാങ്കേതികവിദ്യകൾ മനസ്സിലാക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും അവരുടെ ഉത്പാദന രീതികൾ പരിവർത്തനം ചെയ്യുന്നതിനും സേവനം പ്രദാനം ചെയ്യുന്നതിനും സഹായിക്കുന്നതിനുള്ള ബൂട്ട് ക്യാമ്പുകൾ ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

### 5.3.1.5 ഗ്രാമീണ സംരംഭകർ

ഗ്രാമീണ സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് ഫസിലിറ്റേഷൻ കേന്ദ്രങ്ങളും വിജ്ഞാനകേന്ദ്രങ്ങളും സ്ഥാപിക്കുകയും വിവിധ ബിസിനസ് അവസരങ്ങളും സർക്കാർ പദ്ധതികളും ഉപയോഗിക്കുന്നതിന് അവരെ സഹായിക്കുകയും ചെയ്യുന്നതാണ്. കൂടാതെ ഈ കേന്ദ്രങ്ങൾ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും വിവരങ്ങളിലേക്കുള്ള പ്രാപ്യത ജനാധിപത്യവൽക്കരിക്കുന്നതിനും ഇടയാക്കും.

### 5.3.1.6 എൻആർകെ-കൾ (നോൺ റസിഡന്റ് കേരളീയർ)

സമ്പത്തിലേക്കുള്ള പ്രാപ്യത, വ്യവസായ പരിചയം മികച്ച ആഗോള മാതൃകകളിലേക്കുള്ള എക്സ്പോഷർ എന്നിവയാൽ നോൺ റസിഡന്റ് കേരളീയർ ഞങ്ങളുടെ ഏറ്റവും വലിയ ആസ്തികളിൽ ഒന്നാണ്. സ്റ്റാർട്ടപ്പുകളിൽ സ്ഥാപകർ, സഹ-സ്ഥാപകർ, നിക്ഷേപകർ എന്നീ നിലകളിൽ എൻആർകെ-യുടെ പങ്കാളിത്തം കെഎസ്‌യുഎം പ്രോത്സാഹിപ്പിക്കും. ഉപഭോക്താക്കളെ കണ്ടെത്തുന്നതിനും അതുപോലെ മറ്റു ഭൂപ്രദേശങ്ങളിൽ അവരുടെ പ്രവർത്തനങ്ങൾ സ്ഥാപിക്കുന്നതിനും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിന് എൻആർകെ-കളിൽ നിന്നും സഹായം തേടുന്നതാണ്.

### 5.3.2 കമ്മ്യൂണിറ്റികൾ

കെഎസ്‌യുഎം, ഐടി/വ്യവസായ വകുപ്പിന്റെ മറ്റ് ഓഹരി ഉടമകളുമായി ചേർന്ന്, സ്ഥാപകൻ, നിർമ്മാതാവ്, ഓപ്പൺ സോഴ്സ് കമ്മ്യൂണിറ്റികൾ എന്നിവ സൃഷ്ടിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുകയും അത് കേരള സംസ്ഥാനത്ത് നവീകരണത്തിനും സംരംഭകത്വത്തിനുമുള്ള ഒരു ആവാസ വ്യവസ്ഥയ്ക്ക് പ്രചോദനമേകുകയും ചെയ്യും.

### 5.3.3 മൂല്യസൃഷ്ടി

മൂല്യസൃഷ്ടി സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ ലക്ഷണമാണ്. സ്റ്റാർട്ടപ്പുകൾ സൃഷ്ടിച്ച മൂല്യം അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ഉപഭോക്താക്കൾക്ക് വില്ക്കുന്നതിന് അവരെ സഹായിക്കുന്നു. ആവാസവ്യവസ്ഥ സാധ്യമാക്കുന്നവർ സൃഷ്ടിച്ച മൂല്യം മത്സരസ്വഭാവമുള്ള

ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നു. ഉത്പന്നങ്ങൾ വേഗത്തിൽ നിർമ്മിക്കുന്നതിനും ദീർഘകാലം നിലനിറുത്തുന്നതിനും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതും ചെലവ് താങ്ങാനാവുന്നതുമായ പരിപാടികളും പങ്കിട്ട അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് കെഎസ്‌യുഎം ഊന്നൽ നൽകും. കൂടാതെ ഇനിപ്പറയുന്ന ഘടകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചും മേഖലാധിഷ്ഠിത പരിപാടികൾ നടത്തിയും സംസ്ഥാനത്തേക്ക് കൂടുതൽ സ്റ്റാർട്ടപ്പുകളേയും ആവാസവ്യവസ്ഥ സാധ്യമാക്കുന്നവരേയും ആകർഷിക്കുന്നതാണ്.

### 5.3.3.1 സഹ-തൊഴിൽ അടിസ്ഥാന സൗകര്യങ്ങൾ

യുവസംരംഭകർക്ക് ബഹുദൂരം മുന്നേറുന്നതിന് മിതമായ നിരക്കിൽ ഉയർന്ന നിലവാരമുള്ള പ്ലഗ്-ആന്റ്-പ്ലേ ഇൻഫ്രാസ്ട്രക്ചറിലേക്കുള്ള പ്രാപ്യത, അത്യാന്താപേക്ഷിതമാണ്. 2017 നയം നിയമമാക്കിയതിനുശേഷം കെഎസ്‌യുഎം-നു കീഴിൽ സംസ്ഥാനത്ത് ലഭ്യമായിരുന്ന സ്ഥലം 3.5 ലക്ഷം ചതുരശ്ര അടിയിലേക്ക് വളർന്നു. 2030 തോടെ ഇത് 10 ലക്ഷം ചതുരശ്ര അടിയിലേക്ക് വർദ്ധിപ്പിക്കുന്നതിലേക്ക് കെഎസ്‌യുഎം പ്രവർത്തിക്കുന്നതാണ്. ഇതിൽ തിരുവനന്തപുരത്ത് 5 ലക്ഷം ചതുരശ്ര അടി സ്ഥലമുള്ള ഉയർന്നുവരുന്ന സാങ്കേതിവിദ്യാ ഹബിന്റെ നിർമ്മാണവും ഉൾപ്പെടുന്നതാണ്. സംസ്ഥാനത്ത് നിലവിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് മൂല്യം വെളിപ്പെടുത്തുന്നതിന് കെഎസ്‌യുഎം വിവിധ ജില്ലകളിലുള്ള വിതരണവും ഡിമാന്റും വിലയിരുത്തുകയും സംസ്ഥാനത്തുടനീളമുള്ള സ്റ്റാർട്ടപ്പുകൾക്ക് എളുപ്പത്തിൽ പ്രാപ്യമാകുന്ന വിഭജിച്ച സഹ-തൊഴിൽ ഇടങ്ങളുടെ ഒരു ശൃംഖല സൃഷ്ടിക്കുന്നതുമാണ്. കൂടാതെ, കെഎസ്‌യുഎം, പ്രധാനപ്പെട്ട ദേശീയ അന്തർദ്ദേശീയ നഗരങ്ങളിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെന്ററുകൾ എന്നറിയപ്പെടുന്ന സാറ്റലൈറ്റ് സൗകര്യങ്ങളും ആരംഭിക്കുന്നതാണ്. ഇത്തരം കേന്ദ്രങ്ങൾ, മറ്റ് ഭൂപ്രദേശങ്ങളിലേക്കും അവരുടെ സാന്നിധ്യം വിപുലമാക്കുന്നതിനായി പരിശ്രമിക്കുന്ന കേരള സ്റ്റാർട്ടപ്പുകൾക്ക് ഒരു ലോഞ്ച് പാഡ് ആയി പ്രവർത്തിക്കുന്നു.

### 5.3.3.2 ടെക്നോളജി ബണ്ടിൽ

കേരളത്തിലെ സാങ്കേതികാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് മറ്റെവിടെയെങ്കിലുമുള്ള സ്റ്റാർട്ടപ്പുകളുമായി മത്സരിക്കുന്നതിന് അത്യാധുനിക സാങ്കേതിക വിദ്യകളിലേക്കും ഉപകരണങ്ങളിലേക്കുമുള്ള ലഭ്യതയും പ്രാപ്യതയും അത്യാന്താപേക്ഷിതമാണ്. വിള്ളലുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ക്ലൗഡ് ആന്റ് ഹൈ-പെർഫോമൻസ് കമ്പ്യൂട്ടിംഗ്, സോഫ്റ്റ് വെയർ സ്യൂട്ടുകളും ലൈസൻസുകളും പരിശോധനയ്ക്കും മൂല്യനിർണ്ണയത്തിനുമുള്ള അത്യാധുനിക ഉപകരണങ്ങളും പോലുള്ള സാങ്കേതികവിദ്യാ ഇൻഫ്രാസ്ട്രക്ച്ചറിലേക്ക് താങ്ങാവുന്ന ചിലവിൽ പ്രാപ്യമാക്കുന്നത് ആവശ്യമായി വരുന്നതാണ്. കെഎസ്‌യുഎം, വ്യവസായവുമായി ചേർന്ന് പ്രവർത്തിക്കുകയും, അപ്രകാരമുള്ള ഉപകരണങ്ങൾ അടങ്ങുന്ന ഒരു 'ഡീപ്-ടെക്-ബണ്ടിൽ' സൃഷ്ടിക്കുകയും സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് താങ്ങാനാവുന്ന വിധത്തിൽ അവ പ്രാപ്യമാക്കുകയും ചെയ്യുന്നതാണ്.

### 5.3.3.3 പ്രോട്ടോടൈപ്പിംഗ് ലാബുകൾ

യുഎസ്എ-യിലെ എംഐറ്റിയുമായി സഹകരിച്ച് കൊച്ചി, ഐഎസ്സിയിൽ ഒരു സൂപ്പർ ഫാബ് ലാബ് സ്ഥാപിച്ചു. ഇതുകൂടാതെ കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ കീഴിലുള്ള ഒരു ഇൻകുബേറ്ററായ മേക്കർ വില്ലേജിൽ വിവിധങ്ങളായ നൂതന ഫാബ്രിക്കേഷൻ മെഷീനുകളും ഉണ്ട്. ഈ സൗകര്യങ്ങൾക്ക് ഒരുമിച്ച് മിക്കവാറും എല്ലാ ഹാർഡ്‌വെയർ പ്രോട്ടോടൈപ്പിംഗ് ആവശ്യങ്ങളും നിറവേറ്റാൻ സാധിക്കും. സ്റ്റാർട്ടപ്പുകൾക്ക് ഈ ഫാബ്രിക്കേഷൻ സൗകര്യങ്ങൾ എളുപ്പത്തിൽ

പ്രാപ്യമാകുന്നതിന്, ഈ രണ്ടു സൗകര്യങ്ങളും ഇന്ത്യയിലെ ഏറ്റവും വലിയ ഏക ഡിജിറ്റൽ ഫാബ്രിക്കേഷൻ സൗകര്യം എന്താണോ അതിൽ സംയോജിപ്പിക്കുന്നതാണ്.

കൂടാതെ കെഎസ്‌യുഎം, ഈ ഡിജിറ്റൽ ഫാബ്രിക്കേഷൻ ഇൻഫ്രാസ്ട്രക്ചർ കൂടുതൽ മെച്ചപ്പെടുത്തുകയും സംസ്ഥാനത്ത് ഒരു ഡിസ്ട്രിബ്യൂട്ടഡ് പ്രോട്ടോടൈപ്പ് നെറ്റ്‌വർക്ക് സൃഷ്ടിക്കുകയും ചെയ്യും. ഇത് സാധ്യമാകുന്നതിന് സംസ്ഥാനത്തുടനീളം നിർമ്മിക്കുന്നതിനും വിന്യസിക്കുന്നതിനും കഴിയുന്ന താങ്ങാനാവുന്ന വിലയിൽ ഓപ്പൺസോഴ്സ് ഫാബ്രിക്കേഷൻ മെഷീനുകൾ നിർമ്മിക്കുന്നതിന് സൂപ്പർ ഫബ്ലാബിലെ മെഷീൻ നിർമ്മാണ പദ്ധതികളിൽ ശ്രദ്ധ ചെലുത്തുന്നതാണ്. ഈ പുതിയ ലാബുകൾ നിലവിലുള്ള മിനി ഫാബ് ലാബുകളുടെ ശൃംഖലയോട് ചേർക്കുകയും, ദ്രുതഗതിയിലുള്ള പ്രോട്ടോടൈപ്പിംഗിനുള്ള ഉപകരണങ്ങളിലേക്കുള്ള പ്രാപ്യത ജനകീയമാക്കുകയും ചെയ്യുന്നതാണ്. കൂടാതെ കെഎസ്‌യുഎം, സ്റ്റാർട്ടപ്പുകൾക്ക് പ്രോഡക്ട് ഡിസൈൻ സേവനങ്ങൾ നൽകുന്നതിനും ഡിസൈൻ വൈദഗ്ധ്യം നൽകുന്നതിന് പരിപാടികൾ നടത്തുന്നതിനും സംസ്ഥാനത്ത് ഇന്നോവേറ്റർമാർക്ക്, സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ സൗകര്യങ്ങൾ നൽകുന്നതിനുമുള്ള ഡിസൈൻ സെന്റർ ഓഫ് എക്സലൻസ് സൃഷ്ടിക്കുകയും ചെയ്യുന്നതാണ്.

## 5.3.3.4 ഇൻക്യുബേഷൻ & ആക്സിലറേഷൻ പ്രോഗ്രാമുകൾ

വിജയകരമായ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനായി ഇന്നോവേറ്റർമാരേയും സംരംഭകരേയും കൈപിടിച്ചുയർത്തുന്നതിന് കെഎസ്‌യുഎം പ്രതീക്ഷ നൽകുന്ന സ്റ്റാർട്ടപ്പുകൾക്കു വേണ്ടി ഘടനാപരമായ ഇൻകുബേഷൻ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. കെഎസ്‌യുഎം, ആഗോളതലത്തിൽ പ്രസിദ്ധമായ ഇൻകുബേറ്റർമാരേയും ആക്സിലേറ്റർമാരേയും കേരളത്തിൽ അവരുടെ പരിപാടികൾ സജ്ജീകരിക്കുന്നതിനായി ക്ഷണിക്കും.

ഇതിനുപുറമേ കെഎസ്‌യുഎം, ഓഡിയോ വിഷ്വൽ കോമിക്സ് & ഗെയിമിംഗ് ഓട്ടോമോട്ടീവ്, ബഹിരാകാശ സാങ്കേതിക വിദ്യ, മെഡിക്കൽ ഉപകരണങ്ങൾ, എന്റർപ്രൈസ് സോഫ്റ്റ്‌വെയർ & ഇലക്ട്രോണിക്സ്, ജിനോമിക്സ് & ലൈഫ് സയൻസ് പുനർനിർമ്മിക്കാവുന്ന ഊർജ്ജം, അഗ്രിടെക് & ഫുഡ്ടെക്, താങ്ങാവുന്നതും ത്വരിതപ്പെടുത്തിയതുമായ നിർമ്മാണം ഡയറിയും മൃഗസംരക്ഷണവും കായികവിനോദവും സാഹസപരമായ വിനോദസഞ്ചാരവും മുതലായ ഉൾപ്പെടെയും എന്നാൽ അതിൽ പരിമിതപ്പെടുത്താതെയും പ്രധാന മേഖലകളിൽ സെക്ടർ-അധിഷ്ഠിതമായ ഇൻകുബേറ്ററുകളും ആക്സിലേറ്ററുകളും സ്ഥാപിക്കുന്നത് പരിശോധിക്കും. ആവശ്യമായിടത്തെല്ലാം നോളഡ്ജ് ക്ലസ്റ്റർ എസ്‌പിവി-കൾ സൃഷ്ടിക്കുകയും അവയിൽ ഇൻകുബേറ്റർമാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പാരമ്പരാഗത വ്യവസായങ്ങളും തദ്ദേശസ്ഥാപനങ്ങളും ഉൾപ്പെടുന്നതാണ്. അങ്ങനെയുള്ള എസ്‌പിവികൾ, ഇഎസ്ജി, ശുദ്ധജലം, ഭക്ഷ്യസുരക്ഷ മുതലായ പ്രധാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതാണ്.

## 5.3.3.5 ആദ്യഘട്ട റിസ്ക് മൂലധനം

സ്ഥാപനങ്ങൾക്ക്, അവരുടെ ഉദ്യമങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ആദ്യകാല ഉപഭോക്താക്കളെ ജോലിയിൽ ഏർപ്പെടുത്തുന്നതിനും ഉൾക്കൊള്ളുന്നതിനും അതിലൂടെ വരുമാനം ഉണ്ടാക്കുന്നതിനും പ്രാരംഭഘട്ട വളർച്ചാ മൂലധനത്തിലേക്കുള്ള പ്രാപ്യത അത്യന്താപേക്ഷിതമാണ്. വിപണനസാധ്യതയുള്ള നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സംസ്ഥാനത്തിനകത്ത് നടപടിക്രമങ്ങൾ ലഘൂകരിച്ചും മേഖലവിദഗ്ധരുടെയും ആവാസവ്യവസ്ഥ നയിക്കുന്നവരുടെയും

ഒരു വലിയ ശേഖരം വിനിയോഗിച്ചുകൊണ്ടും ആദ്യഘട്ട ഗ്രാന്റുകളും സോഫ്റ്റ് ലോണുകളും കൂടുതൽ പ്രാപ്യമാക്കുന്നതിന് കെഎസ്‌യുഎം തുടർച്ചയായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

അങ്ങനെയുള്ള ആദ്യഘട്ട ഫണ്ടിംഗിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്കും ഇന്നോവേറ്റർമാർക്കുമുള്ള ആശയ ഗ്രാന്റുകൾ, വളർച്ചാ ഗ്രാന്റുകൾ, ആർ & ഡി ഗ്രാന്റുകൾ വായ്പകൾ എന്നിവ ഉൾപ്പെടുന്നതാണ്. മറ്റ് സർക്കാരിൽ നിന്നോ സർക്കാതിര മാർഗ്ഗങ്ങളിൽ നിന്നോ ലഭ്യമായ മറ്റ് ഗ്രാന്റുകളും ഫണ്ടിംഗും വിനിയോഗിക്കുന്നതിന് സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി കെഎസ്‌യുഎം ഒരു ഹെൽപ്പ് ഡസ്ക് കൂടി ലഭ്യമാക്കുന്നതും പ്രവർത്തന മൂലധന സഹായത്തിനായി ആവശ്യമായ ക്രഡിറ്റ് രേഖകൾ സൃഷ്ടിക്കുന്നതിനും ബാങ്കിംഗ് സഹകാരികളുമായി പ്രവർത്തിക്കുകയും ചെയ്യും.

### 5.3.3.6 വളർച്ചയ്ക്കുള്ള പിന്തുണ

ദേശീയവും അന്തർദ്ദേശീയവുമായ വിപണി പ്രാപ്യമാക്കൽ പരിപാടി, വ്യാപാര പ്രദർശനങ്ങൾ/എക്സ്പോ എന്നിവയിലെ സാന്നിദ്ധ്യം ദേശീയ അന്തർദ്ദേശീയ പ്രശസ്തിയുള്ള പ്രതിനിധചശറ്റ, ആകർഷക പരിപാടികൾ എന്നിവയിലൂടെ കെഎസ്‌യുഎം കേരളം ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പുകളെ ബിസിനസ് വികസനത്തിനു സഹായിക്കുകയും ചെയ്യും. വിവിധ സർക്കാർ വകുപ്പുകൾ വഴി സ്റ്റാർട്ടപ്പ് ഉൽപ്പന്നങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് സഹായിക്കുന്നതിനായി ഒരു വിപണസ്ഥലപരിപാടി പോലെ സർക്കാരിനെ കൂടുതൽ ശക്തിപ്പെടുത്തും. സംസ്ഥാനത്തിനകത്ത് പ്രവർത്തിച്ചുകൊണ്ട് സംരംഭങ്ങളുടെ വികസനത്തെ സഹായിക്കുന്നതിനായി പ്രത്യേക ഊന്നൽ കൊടുക്കുന്ന മേഖലകളിൽ ഭാവിയുടെ ഒരു പ്രതിഭാ ശേഖരം സൃഷ്ടിക്കുന്നതിന്, കെഎസ്‌യുഎം ആവശ്യാധിഷ്ഠിതമായി പ്രശസ്തമായ വിവിധ ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നതാണ്.

### 5.3.4 സമ്പത്ത് സൃഷ്ടിക്കൽ

അടിസ്ഥാനസൗകര്യം മൂല്യവർദ്ധന പരിപാടികൾ എന്നിവയ്ക്കു പുറമേ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഡിജിറ്റലും ഭൂമി ശാസ്ത്രപരവുമായ സാന്നിധ്യം വിപുലീകരിക്കുന്നതിനും വില്പന വർദ്ധിപ്പിക്കുന്നതിനും വളർച്ചാ മൂലധനത്തിലുള്ള പ്രാപ്യതയും ആവശ്യമാണ്. സ്റ്റാർട്ടപ്പുകൾക്ക് അവരുടെ എതിരാളികളെ പരാജയപ്പെടുത്തുന്നതിനും പുതിയ വിപണികളിലേക്ക് കടക്കുന്നതിനും ഈ മൂലധനം നിർണ്ണായകമാണ്. 2017 നയത്തിൽ വിഭാവനം ചെയ്ത ഫണ്ട് ഓഫ് ഫണ്ട് പ്രോഗ്രാം കേരളം ആസ്ഥാനമായ സ്റ്റാർട്ടപ്പുകൾക്ക് 100 കോടിക്കകത്ത് സംരംഭക മൂലധന ഫണ്ട് (VC ഫണ്ട്) സമാഹരിക്കാൻ സഹായിച്ചു. കെഎസ്‌യുഎം ഫണ്ട് ഓഫ് ഫണ്ട് സ്കീമിനെ കൂടുതൽ ശക്തിപ്പെടുത്തും, കൂടാതെ സ്റ്റാർട്ടപ്പുകളിൽ നിക്ഷേപിക്കുന്നതിനും അവരുടെ വളർച്ചയുടെ ഭാഗമാകുന്നതിനും പ്രാദേശിക ആവാസവ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുകയും അതുവഴി സംസ്ഥാനത്ത് കൂടുതൽ സമ്പത്ത് സൃഷ്ടിക്കുകയും ചെയ്യും.

#### 5.3.4.1 ഫണ്ട് ഓഫ് ഫണ്ട്സ്

കെഎസ്‌യുഎം ഫണ്ട് ഓഫ് ഫണ്ട് സ്കീമിലൂടെ സ്റ്റാർട്ടപ്പുകളിൽ നിക്ഷേപിക്കുന്നത് തുടരുകയും, സംരംഭക മൂലധന (VC) സ്ഥാപന പങ്കാളിയിലൂടെ കുറഞ്ഞത് 1000 കോടിയുടെ മുതൽ ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യും കൂടാതെ കെഎസ്‌യുഎം കേരള ആസ്ഥാനമായ സ്റ്റാർട്ടപ്പുകളെ പ്രായോഗിക നിക്ഷേപ ഓപ്ഷനുകളായി സ്ഥാപിച്ച് സംസ്ഥാനത്തിനുപുറത്തും അന്തർദ്ദേശീയ തലത്തിലുമുള്ള നിക്ഷേപകരുമായി ഇടപഴകുകയും ചെയ്യും.

#### 5.3.4.2. ഏഞ്ചൽ നെറ്റ് വർക്കുകൾ

കെഎസ്‌യുഎം, എച്ച്എൻഐ-കളെ സജീവമായി അന്വേഷിക്കുകയും അഭ്യസിപ്പിക്കുകയും ഏഞ്ചൽ നിക്ഷേപകരായി പരിവർത്തനം ചെയ്യുകയും കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ മൂലധനം ലഭ്യമാക്കുന്നതിനായി എച്ച്എൻഐ-കളും ഐവിആർകെ-കളും ഉൾപ്പെടാവുന്ന കേരളം ആസ്ഥാനമായ ഏഞ്ചൽ നെറ്റ്‌വർക്ക് രൂപീകരണം സുഗമമാക്കും.

### 5.3.4.3 മൈക്രോ വിസി-കൾ

കെഎസ്‌യുഎം, മൈക്രോ-വിസികളുടെ മാതൃകയിലുള്ള കാമ്പസ് ഇന്നോവേഷൻ ഫണ്ടുകളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കും, ഇത് സ്ഥാപനങ്ങളുടെ പൂർവ്വവിദ്യാർത്ഥി നെറ്റ്‌വർക്കിലേക്ക് പ്രവേശിക്കുകയും അതത് കാമ്പസുകളിൽ നിന്നുള്ള നൂതനാശയങ്ങൾക്കും പ്രോജക്ടുകൾക്കും ധനസഹായം ലഭ്യമാക്കുകയും ചെയ്യും.

### 5.3.5 അധിക പ്രോത്സാഹനങ്ങൾ

### 5.3.5.1 ഒരു സമഗ്ര ആവാസവ്യവസ്ഥ സൃഷ്ടിക്കൽ

കൂടുതൽ സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്ക നില്ക്കുന്ന സമുദായങ്ങളിൽ നിന്നുള്ളവർ, ഗ്രാമപ്രദേശങ്ങൾ, പ്രത്യേക കഴിവുള്ള ആളുകൾ എന്നിവരെ സംരംഭങ്ങളും മൂല്യസൃഷ്ടിയും ജനകീയവും, പ്രാപ്യവും സമഗ്രവും ആക്കുന്നതിനായി നവീകരണത്തിന്റെയും സംരംഭകത്വത്തിന്റേയും സമൂഹത്തിലേക്ക് കൊണ്ടുവരുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് കെഎസ്‌യുഎം പദ്ധതികൾ രൂപീകരിക്കുകയും സഹായ നടപടികൾ നടപ്പിലാക്കുകയും ചെയ്യും.

### 5.3.5.2 സ്റ്റാർട്ടപ്പുകൾക്ക് എളുപ്പമാക്കൽ

ഒരു സ്റ്റാർട്ടപ്പ് സംരംഭം സ്ഥാപിക്കുന്ന ഇന്നോവേറ്റർമാരെ സഹായിക്കുന്നതിനും സാമ്പത്തിക കൈകാര്യത്തിനും നടപ്പിലാക്കുന്നതിനും ബിസിനസ് സംബന്ധമായ മറ്റ് പ്രവർത്തനങ്ങൾക്കും വേണ്ടി സ്റ്റാർട്ടപ്പ് കോമൺ എന്നു വിളിക്കപ്പെടുന്ന ഒരു പൊതു പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതാണ്.

### 5.3.5.3 നികുതി ആനുകൂല്യങ്ങൾ

സർക്കാർ തിരഞ്ഞെടുത്ത മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് എസ്ജിഎസ്റ്റി റീഇംബേഴ്സ്മെന്റ് വഴി നികുതി ആനുകൂല്യങ്ങൾ നൽകും. വലിയ തോതിലുള്ള വളർച്ചാസാധ്യതകളുള്ള മേഖലകളിൽ സംരംഭങ്ങളും മൂല്യനിർമ്മാണവും വർദ്ധിപ്പിക്കുന്നതിന് അങ്ങനെയുള്ള നടപടികളും വ്യവസ്ഥകളും രൂപപ്പെടുത്തും.

### 5.3.5.4 വൈൻഡിംഗ് അപ്പ് എളുപ്പമാക്കൽ

സംരംഭകർക്ക് ആരംഭിക്കുന്നതിനും അവസാനിപ്പിക്കുന്നതിനുമുള്ള പ്രക്രിയ എളുപ്പമാക്കുന്നതിന്, കെഎസ്‌യുഎം സംസ്ഥാന, കേന്ദ്രസർക്കാർ തലങ്ങളിലെ സർക്കാർ വകുപ്പുകളുമായി ചേർന്നു പ്രവർത്തിക്കും. ആവശ്യം വേണ്ട കൃത്യമായ ശ്രദ്ധയ്ക്കും വായ്പകളുടെ തീർപ്പിനും സമയബന്ധിതമായ രീതിയിൽ സൗകര്യപ്പെടുത്തും.

## 5.4 സുസ്ഥിരത

കെഎസ്‌യുഎം, സ്റ്റാർട്ടപ്പുകൾക്കും ഇന്നോവേറ്റർമാർക്കുമുള്ള ചെലവ് കുറയ്ക്കുന്നതിന് സഹ-തൊഴിൽ ഇടങ്ങളും ഇൻകുബേഷൻ പ്രോഗ്രാമുകളും മറ്റ് സഹായങ്ങളും ഡിസ്കൗണ്ട്

നിരക്കിൽ വാഗ്ദാനം ചെയ്യുകയും പകരം സ്റ്റാർട്ടപ്പുകളിൽ നിന്ന് ഓഹരി എടുക്കുകയും ചെയ്യും. ഇത് സ്റ്റാർട്ടപ്പുകളെ അതിജീവനത്തിന്റെ പാതയിൽ കൂടുതൽ ദൂരം സഞ്ചരിക്കാൻ ഇടയാക്കുകയും കൂടാതെ വളർച്ചാ യാത്രയിൽ കെഎസ്‌യുഎം-ഉം സംസ്ഥാനവും പങ്കാളികളാകുന്നതിനും ഇടയാക്കും. ഫണ്ട് ഓഫ് ഫണ്ട് സ്കീമിൽ നിന്നുള്ള അത്തരം ഓഹരിയും വരുമാനവും വഴി കെഎസ്‌യുഎം, സുസ്ഥിരത നേടുന്നതിനും ലാഭങ്ങൾ ആവാസവ്യവസ്ഥയിൽ പുനർനിക്ഷേപം നടത്തുന്നതിനും ലക്ഷ്യമിടുന്നു.

# അദ്ധ്യായം VI

# മനുഷ്യവിഭവശേഷി വികസനം

## 6.1 ആമുഖം

2023 ഐടി നയത്തിന്റെ പ്രധാന മുൻഗണനകളിലൊന്ന്, ഡിജിറ്റൽ ലോകത്തെ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ കഴിവുള്ള മാനവിഭവശേഷി വികസനമാണ്. ചരിത്രപരമായി രാജ്യത്തെ ഐടി മാനവശേഷിയുടെ ഗണ്യമായ പങ്ക് കേരളം സംഭാവന ചെയ്യുന്നു. വിദൂരജോലിയും, ഫ്രീലാൻഡ് രീതിയിലുള്ള ജോലിയും സ്വീകാര്യത നേടുന്നതോടെ അടുത്ത അഞ്ച് വർഷങ്ങൾക്കുള്ളിൽ ഏകദേശം 2 ദശലക്ഷം വിജ്ഞാന ജോലികൾ കേരളത്തിൽ നിന്ന് കണ്ടെത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതിൽ ഒരു ഗണ്യമായ പങ്ക് ഐടി മേഖലയിലും. ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി സ്വയം മാറാനുള്ള കേരളത്തിന്റെ സാധ്യതകൾ തിരിച്ചറിയുന്നതിനായി രൂപീകരിക്കപ്പെട്ട കേരള നോളജ് ഇക്കോണമി മിഷന്റെ തന്ത്രത്തോട് 2023 ഐടി നയം അങ്ങനെ സ്വയം അണിചേരുന്നു.

ഐടി-യിലും അനുബന്ധ മേഖലകളിലും മനുഷ്യവിഭവ ശേഷി സൃഷ്ടിക്കുന്നതിനായി നിരവധി വിദ്യാഭ്യാസ-നൈപുണ്യദാതാക്കൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും പുറമേ, പ്രത്യേക വൈദഗ്ദ്ധ്യം നൽകുന്ന സ്ഥാപനങ്ങളും ഏജൻസികളുമായ ITIS, ASAP, KASE തുടങ്ങിയവയും സംസ്ഥാനത്തു നിന്നുള്ള നൈപുണ്യ മനുഷ്യവിഭവശേഷി വികസനത്തിന് സംഭാവന ചെയ്യുന്നു. വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള KITE, സ്കൂൾ കുട്ടികളെ ഭാവിയിലെ സാങ്കേതിക വിദ്യകൾക്കു വേണ്ടി തയ്യാറാക്കുന്നതിനായി അവരുടെ വിദ്യാഭ്യാസത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ അവർക്കിടയിൽ ഐറ്റി വിദ്യാഭ്യാസം നൽകുന്നു. ഇങ്ങനെയുള്ള എല്ലാ ഏജൻസികളുടെയും പ്രവർത്തനങ്ങൾ, അവരെ ഭരിക്കുന്ന വിവിധ ഭരണവകുപ്പുകളുടെ നയങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതിനാൽ, അവ ഇവിടെ ചർച്ച ചെയ്യുന്നില്ല. ഡിജിറ്റൽ ലോകത്തെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കേരളത്തെ നയിക്കാൻ പ്രാപ്തമായ ഒരു സമഗ്ര മാനവവിഭവശേഷി ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള ഈ ശ്രമങ്ങൾക്ക് അനുബന്ധമായി ഐടിഡിക്ക് കീഴിൽ പ്രത്യേക സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

ഇതിൽ ഉൾപ്പെടുന്നത്:-

1. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നോവേഷൻ ആന്റ് ടെക്നോളജി (കേരള ഡിജിറ്റൽ സർവ്വകലാശാല)

2. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് (ICFOSS)

3. ഐസിറ്റി (ICT) അക്കാദമി ഓഫ് കേരള

4. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE)

## 6.2 കേരള ഡിജിറ്റൽ സർവ്വകലാശാല

രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാല എന്ന നിലയിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK) സ്ഥാപിക്കപ്പെട്ടത്, പ്രതിഭകളെ സൃഷ്ടിക്കുന്നതിനും ഗവേഷണത്തിന് നേതൃത്വം നൽകുന്നതിനും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനുമാണ്. ഭാവിയിലെ സാങ്കേതിക വിദ്യകളിൽ, കേരളത്തെ മാനവവിഭവശേഷിയുടെ പ്രധാന ഹബ് ആക്കി മാറ്റുന്നതിന്, വിവിധ വിജ്ഞാനശാഖകളിൽ നിന്നുള്ള ആളുകൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യകളിൽ വൈദഗ്ധ്യവും അറിവും പ്രദാനം ചെയ്യുന്നതിൽ ഡിജിറ്റൽ സർവ്വകലാശാല ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2023 ഐടി നയം ഇനിപ്പറയുന്ന നടപടികളിലൂടെ DUK-യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വിഭാവനം ചെയ്യുന്നു.

1. 2017 ഐടി നയം അനുസരിച്ച് നേരത്തേ രൂപീകരിച്ച കേരള ബ്ലോക്ക് ചെയിൻ അക്കാദമിക്ക് സമാനമായി സ്വകാര്യ പങ്കാളിത്തത്തോടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ബിഗ് ഡാറ്റാ അനലിറ്റിക്സ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, റോബോട്ടിക്സ് തുടങ്ങിയ പുതിയ സാങ്കേതിക വിദ്യകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.

2. മനുഷ്യവിഭവശേഷിയുടെ ഗുണമേന്മ വികസിപ്പിക്കുന്നതിൽ സമഗ്രതയും തുല്യതയും ഉറപ്പാക്കുന്നതിന് സംസ്ഥാനത്തുടനീളം DUK അതിന്റെ ഭാഗമായ കോളേജുകൾ സ്ഥാപിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളുടെ സാധ്യത വിപുലീകരിക്കുന്നതിന് 2023 ഐടി നയം വിഭാവനം ചെയ്യുന്നു.

3. ടൂറിസം, വിനോദം, മാധ്യമങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ പോലുള്ള സംസ്ഥാനത്തിന്റെ മുൻഗണനാ മേഖലകളിൽ ഡിജിറ്റൽ പരിവർത്തനം കൊണ്ടു വരുന്നതിന് ഡൊമെയ്ൻ വിജ്ഞാനത്തോടുകൂടിയ വൈദഗ്ധ്യ മനുഷ്യവിഭവശേഷി വികസിപ്പിക്കുന്നതിന് പ്രത്യേക പരിപാടികൾ രൂപകല്പന ചെയ്യും.

4. കാലാകാലങ്ങളിൽ, സംസ്ഥാനത്തിന് പ്രസക്തമായ മേഖലകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ പിന്തുടരുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും സൗജന്യങ്ങളും സ്ഥാപിക്കും.

5. ഇ-ഗവേണൻസ് സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സർക്കാരിനുള്ളിൽ കഴിവുള്ളവരെസൃഷ്ടിക്കുന്നതിനുവേണ്ടി സർവ്വകലാശാല വാഗ്ദാനം ചെയ്യുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ സാധ്യത വർദ്ധിപ്പിക്കും.

6. സ്മാർട്ട് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സർക്കാരിനുള്ളിലെ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാരിനുള്ളിൽ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിനുള്ള ഒരു പുതിയ പ്രോഗ്രാം.

7. വിജ്ഞാന സമ്പദ്‌വ്യവസ്ഥാ പരിശ്രമങ്ങളെ സമഗ്രമായ രീതിയിൽ ത്വരിതപ്പെടുത്തുന്നതിന് DUK-യുടെ അകത്ത് ഫ്രീലാൻഡ്, ഗിഗ് വർക്കുകൾക്കുള്ള ഒരു കേന്ദ്രം സ്ഥാപിക്കും.

8. ഡിജിറ്റൽ സർവ്വകലാശാല വികസിപ്പിച്ച ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പ്ലാറ്റ്ഫോമിനെ ഗിഗ് വർക്കുകൾക്കുള്ള പ്രതിഭകളെ സഹായിക്കുന്നതിനുള്ള ഒരു സമഗ്ര ഡിജിറ്റൽ ആവാസവ്യവസ്ഥയായി വികസിപ്പിക്കും.

### 6.3. സൗജന്യവും പൊതുവായതുമായ സോഫ്റ്റ്‌വെയറിനുള്ള അന്തർദ്ദേശീയ കേന്ദ്രം

സംസ്ഥാനത്ത് സൗജന്യവും പൊതുവായതുമായ സോഫ്റ്റ്‌വെയറുകൾ സ്വീകരിക്കുന്നത് പരസ്യപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും 2009-ൽ ഐറ്റിഡി സ്ഥാപിച്ച ഒരു പ്രത്യേക COE ആണ് ഐസിഫോസ്സ്. 2023 ഐടി നയം വിഭാവനം ചെയ്യുന്നത്, ICFoss-നെ പുതിയ സാങ്കേതികവിദ്യകളുടെ ഉത്തരവാദിത്തപരമായ ഉപയോഗത്തിൽ ഒരു അന്താരാഷ്ട്ര ആശയനേതൃത്വമായി രൂപാന്തരപ്പെടുത്തുക എന്നതാണ്. ഡിജിറ്റൽ വിപ്ലവത്തെ നയിക്കുന്ന മിക്ക സാങ്കേതിക വിദ്യകളും ജനകീയമാക്കപ്പെട്ടതും എളുപ്പത്തിൽ പ്രാപ്യമായതും ആണെങ്കിലും, അവയെ ഉപയോഗിക്കുന്ന വിപുലമായ വികസനങ്ങൾക്ക് ഇപ്പോഴും ബൃഹത്തായ കമ്പ്യൂട്ടേഷൻ ഉറവിടങ്ങൾ ആവശ്യമാണ്. ഓപ്പൺ സോഴ്സ് ഹാർഡ്‌വെയറും സോഫ്റ്റ് വെയറും ഉപയോഗിച്ച്, ചെലവ് കുറഞ്ഞ പരിഹാരങ്ങൾ സൃഷ്ടിച്ച് ഇത് പരിഹരിക്കാൻ ICFOSS ശ്രമിക്കുന്നതാണ്. വികസനപരമായ അത്തരം പരിശ്രമങ്ങൾക്ക് പുറമേ, ICFOSS വഴി സംസ്ഥാനത്തെ FOSS കമ്മ്യൂണിറ്റിയെ ശക്തിപ്പെടുത്തുന്നതിന് 2023 ഐടി നയം താഴെപ്പറയുന്ന നടപടികൾ വിഭാവനം ചെയ്യുന്നു.

1. AI ഡാറ്റാ അനലിറ്റിക്സ്, ബ്ലോക് ചെയിൻ, മെറ്റാവേഴ്സ് മുതലായവ പോലുള്ള പുതിയ സാങ്കേതിക വിദ്യാ ഡൊമെയ്നുകളിൽ FOSS സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പ്രതിഭ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക പിന്തുണ.

2. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ എല്ലാ കമ്പ്യൂട്ടേഷനുകൾക്കും ഫോസ്സിന്റെ പ്രയോജനപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ICFOSS ഒരു മിഷൻ സൃഷ്ടിക്കുന്നതാണ്. കോളേജുകളിൽ ഉപയോഗിച്ചിരുന്ന ആട്ടോകാഡ് MATLAB, ANSYS, കേഡൻസ് തുടങ്ങിയ പോലുള്ള കുത്തക സോഫ്റ്റ്‌വെയറുകളെ മാറ്റി തത്തുല്യമായ ഓപ്പൺ-സോഴ്സ് സ്ഥാപിക്കുന്തനിന് മുൻഗണന നൽകും.

3. അടുത്ത 5 വർഷത്തിൽ, സോഫ്റ്റ്‌വെയർ സംഭരണത്തിനുള്ള പൊതുചെലവ് കുറഞ്ഞത് 30% എങ്കിലും കുറയ്ക്കുന്നതിന്, സർക്കാർ ആപ്ലിക്കേഷനുകളിൽ ഉപയോഗിക്കുന്ന ഉയർന്ന മൂല്യമുള്ള കുത്തക സോഫ്റ്റ്‌വെയർ (ERP, ഉയർന്ന മൂല്യമുള്ള ശാസ്ത്രപരമായ സോഫ്റ്റ് വെയർ, ഗ്രാഫിക്സ് സോഫ്റ്റ്‌വെയർ പോലുള്ളവ) മാറ്റി സ്ഥാപിക്കുന്നതിന് ICFOSS ന് പിന്തുണ നൽകും. ഇതിൽ, FOSS അധിഷ്ഠിത ERP, ഫയൽ ഫ്ളോ സിസ്റ്റങ്ങൾ, നൂതന കമ്പ്യൂട്ടിംഗ് സിസ്റ്റങ്ങൾ, പ്രത്യേക സോഫ്റ്റ്‌വെയർ മുതലായവ സ്വീകരിക്കുന്നതും ഉൾപ്പെടുന്നു. ഈ പരിവർത്തനം കൊണ്ട് വരുന്നതിന് പ്രതിഭ വളർത്തുന്നതിനുള്ള പ്രോഗ്രാമുകൾ ICFOSS വികസിപ്പിക്കും.

4. ICFOSS -ന്റെ ഫോസ്സ ഹാർഡ്‌വെയർ ഓപ്പൺ ഹാർഡ്‌വെയറിന്റെ മികവിന്റെ ഒരു അന്തർദ്ദേശീയ കേന്ദ്രമായി വികസിപ്പിക്കും.

### 6.4 കേരള ഐസിറ്റി അക്കാദമി

1. പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ സ്ഥാപിക്കപ്പെട്ട ഒരു സ്ഥാപനമായ കേരള ICT അക്കാദമി (ICTAK) വിവിധ സാങ്കേതികവിദ്യാ മേഖലകളിൽ നൈപുണ്യ പരിശീലനത്തിൽ പങ്കുചേരുന്നു. 2023 ഐടി നയം സംസ്ഥാനത്ത് വിജ്ഞാനവിപ്ലവം കൊണ്ടുവരുന്നതിന് ICT അക്കാദമിയുടെ പ്രവർത്തനം അടുത്ത 5 വർഷത്തേക്ക് വർദ്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്നു. ICT അക്കാദമിയെ ശക്തീകരിക്കുന്നതിന്, ഇനിപ്പറയുന്ന നയപിന്തുണ നൽകുന്നതാണ്.

1. കേരളത്തിൽ നിന്ന് പ്രതിഭയുടെ ശക്തമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി വിവിധ സാങ്കേതികവിദ്യയിൽ അടുത്ത 5 വർഷക്കാലത്തിൽ ഒരു ദശലക്ഷം ആളുകളെ പരിശീലിപ്പിക്കുന്നതിനുള്ള പരിശീലന അടിസ്ഥാന സൗകര്യം ICTAK -ന് ലഭ്യമാക്കും.

2. ICTAK, ഐടിയിലും ബന്ധപ്പെട്ട മേഖലകളിലും സംസ്ഥാനത്തുള്ള വിവിധ ഏജൻസികളുടെ, പരിശീലന ശ്രമങ്ങളെ സമന്വയിപ്പിക്കും.

3. അടുത്ത 5 വർഷത്തിനുള്ളിൽ കുറഞ്ഞത് 100 സ്ഥാപനങ്ങളിലെങ്കിലും കേരള സ്കിൽ ഡലിവറി പ്ലാറ്റ് ഫോം വ്യാപിപ്പിക്കുന്നതിന് ഐസിറ്റിഎകെ അതിനെ ശക്തിപ്പെടുത്തും.

4. ഐടി വ്യവസായങ്ങളിലുള്ള പ്രതിഭകളെ, അവരുടെ വളർച്ച വർദ്ധിപ്പിക്കുന്നതിനായി, നിലനിറുത്തുന്നതിനുള്ള പ്രോഗ്രാറ്റുകൾ സൃഷ്ടിക്കുന്നതിന് ഐസിറ്റിഎകെ-യ്ക്ക് പിന്തുണ നൽകും.

5. ടെക്നോപാർക്ക്-ഫെസിലിറ്റേറ്റഡ് IGNITE പ്രോഗ്രാമിലൂടെ ICTAK & ഐടി പാർക്കുകൾ വ്യവസായത്തിനുവേണ്ടി ഇന്റേൺഷിപ്പുകാരെ നിയമിക്കുന്നത് പിന്തുണയക്കും; കേരള സർക്കാർ 5കെ ഇന്റേൺഷിപ്പ് ഫീസ് സംഭാവന ചെയ്യും.

6. കേരള നോളജ് എക്കോണമി മിഷനുമായി സഹകരിച്ച സംസ്ഥാനത്തെ ഐടി കമ്പനികൾക്ക് പ്ലേയ്സ്മെന്റ് സഹായത്തിനുള്ള പിന്തുണ നൽകും. അതുവഴി കമ്പനികൾക്കുള്ള പ്രതിഭാ നിയമനത്തിനുള്ള സമയം കുറയ്ക്കും.

## 6.5 കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE)

കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ സംസ്ഥാനത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആധുനീകരണം നടപ്പിലാക്കുന്നതിനുമുള്ള ഒരു സംസ്ഥാന സർക്കാർ സംരംഭമാണ്. KITE അതിന്റെ ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളിലൂടെ, സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിക്കുകയും അതിന്റെ വ്യാപ്തി ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, ശേഷി വർദ്ധിപ്പിക്കൽ, ഉള്ളടക്ക വികസനം, കണക്ടിവിറ്റി, ഇ-ലേണിംഗ്, ഡാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, സഹായസംരക്ഷണ സംവിധാനം, ഇ-ഗവേണൻസ് അല്ലെങ്കിൽ സ്കൂളുകളുടെ ഭൗതിക അടിസ്ഥാന സൗകര്യ നവീകരണവും എന്നിവ ഉൾപ്പെടുകയും ചെയ്യുന്നതാണ്. KITE-ന്റെ പരിശ്രമങ്ങൾ കൊണ്ട് ഇപ്പോൾ സംസ്ഥാനത്തെ സ്കൂളുകൾ ഹൈസ്പീഡ് ബോർഡ്ബാൻഡ് കണക്ടിവിറ്റിയുടെ സഹായമുള്ള ഏറ്റവും പുതിയ ഐസിറ്റി ഗാഡ്ജറ്റുകൾ ആവശ്യമായ ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അദ്ധ്യാപകർ എന്നിവയിൽ സജ്ജീകരിക്കപ്പെടുകയും അതുവഴി മൊത്തത്തിൽ ഒരു ഐടി സാധിത ആവാസവ്യവസ്ഥ ഉണ്ടാക്കുകയും ചെയ്തു. കൈറ്റിഇ വിക്ടേഴ്സ് ചാനലിലൂടെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസ്സുകളും തുടർന്ന് കസ്റ്റമൈസ്ഡ് ഡിജിറ്റൽ പ്ലാറ്റ് ഫോം ഉപയോഗിച്ച് ഓൺലൈൻ

ക്ലാസുകളും വഴി കോവിഡ്-19 മഹാമാരി കാലത്ത് 43 ലക്ഷത്തിൽ പരം വിദ്യാർത്ഥികൾക്ക് തുടർവിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് കെഐറ്റിഇ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനെ പ്രാപ്തമാക്കി.

2023 ഐറ്റി നയത്തിന്റെ ഭാഗമായി KITE ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

1. സൈബർ സുരക്ഷയും ഡിജിറ്റൽ മീഡിയ ലിറ്ററസിയും പോലുള്ള നവയുഗ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പുതിയ ഐസിറ്റി പാഠപുസ്തകങ്ങൾ വികസിപ്പിക്കുന്നതുവഴി പുതിയ കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.

2. പിയർ ഗ്രൂപ്പ് ലേണിംഗ് വഴി 60,000 ലിറ്റിൽ കൈറ്റ്സ് ഐടി അംഗങ്ങളിലൂടെ, റോബോട്ടിക്സ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IOT), AI തുടങ്ങിയ മേഖലകളിൽ അടുത്ത 5 വർഷത്തിനുള്ളിൽ 25 ലക്ഷം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുക.

3. സ്കൂൾ വിദ്യാഭ്യാസത്തിലെ സമാന പ്രവർത്തനങ്ങളുടെ തുടർച്ചയായി ഉന്നതവിദ്യാഭ്യാസ മേഖലയെ ഫോസ്സിന്റെ ഹബ് ആയി പരിവർത്തനം ചെയ്യുക.

## 6.6 ബൗദ്ധികസ്വത്ത് സൃഷ്ടിക്കൽ

സാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിൽ നവീകരണം നടത്തുന്നതും ബൗദ്ധിക സ്വത്ത് സൃഷ്ടിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുന്നതുമാണ് മറ്റൊരു പ്രധാന വശം. സംസ്ഥാനത്തെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുടെ ഒരു മുൻഗാമിയായി മാറ്റുന്ന നിർമ്മിത ബുദ്ധി സൃഷ്ടിക്കുന്നതിന് 2023 ഐടി നയം പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട നടപടികളിൽ ഇവ ഉൾപ്പെടുന്നു.

1. ഐപി അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രധാന കേന്ദ്രമായി ഡിജിറ്റൽ സയൻസ് പാർക്കിനെ വളർത്തുക.

2. അപ്ലൈഡ് റിസർച്ചിലൂടെ ഐപി സൃഷ്ടിക്കുന്നതിന് കേരളത്തിലെ ഡിജിറ്റൽ സർവ്വകലാശാലയേയും മറ്റു സർവ്വകലാശാലകളേയും സഹായിക്കുക.

3. ഉൽപ്പന്നങ്ങളും സേവനങ്ങളുമായി ഐപി പരിവർത്തനം ചെയ്യുന്നതിന് പിന്തുണ നൽകുക.

4. ഉൽപ്പന്നങ്ങളിലേക്കും സേവനങ്ങളിലേക്കും ഐപി പരിവർത്തനം ചെയ്യുന്നതിനായി സർവ്വകലാശാലകളുമായി ചേർന്ന് പ്രവർത്തിക്കുന്ന വ്യവസായങ്ങളേയും സ്റ്റാർട്ടപ്പുകളേയും സഹായിക്കുന്നതിനായി ഒരു റിസ്ക്ക് ഫണ്ട് സൃഷ്ടിക്കൽ.

5. ബൗദ്ധിക സ്വത്ത് വികസനത്തിനും പരിവർത്തനത്തിനും പിന്തുണ നൽകുന്നതിനായി പ്രധാന വിജ്ഞാനമേഖലകളിൽ അഡ്വാൻസ്ഡ് ഗവേഷണം നടത്തുന്നതിന് ഡിജിറ്റൽ സയൻസ് പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ.

6. ഐറ്റി പാർക്കുകളിലും കൽപ്പിത ഐറ്റി പാർക്കുകളിലും പ്രവർത്തിക്കുന്ന ഐറ്റി അധിഷ്ഠിത ഉൽപ്പന്ന കമ്പനികൾക്ക് പ്രത്യേക പ്രോത്സാഹന പാക്കേജുകൾ രൂപീകരിക്കും.

7. സംയുക്ത ഐപി വികസനത്തിനായി കേരളത്തിലെ ഏജൻസികളുമായി സഹകരിക്കുന്നതിന് അന്താരാഷ്ട്ര പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് ഫെലോഷിപ്പുകളും ചെയർഷിപ്പുകളും സ്ഥാപിക്കും.

# അദ്ധ്യായം VII

# പുതിയ ഡിജിറ്റൽ സാങ്കേതിക വിദ്യകളും ഉത്തരവാദിത്ത പ്രയോഗവും

7.1 ലോകം പുതിയ സാങ്കേതികവിദ്യാ വിപ്ലവത്തിന്റെ നെറുകയിലാണ് നിർമ്മിത ബുദ്ധി (A1), ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ, ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, റോബോട്ടിക്സ്, ഡേറ്റാ അനലിറ്റിക്സ് തുടങ്ങിയവ പോലുള്ള ഒരു കൂട്ടം പുതിയ സാങ്കേതിക വിദ്യകൾ തികച്ചും പുതിയ മാർഗ്ഗങ്ങളിലൂടെ ഭാവിയെ പുനർനിർമ്മിക്കുന്നു. 1990-കളിലെ ഇന്റർനെറ്റ് വിപ്ലവത്തിനു സമാനമായി, ഈ ഡിജിറ്റൽ വിപ്ലവവും ക്രിയാത്മകമായ നയനടപടികളിലൂടെ അഭിസംബോധന ചെയ്യപ്പെടേണ്ട അഭൂതപൂർവ്വമായ അവസരങ്ങളും വെല്ലുവിളികളും പ്രതീക്ഷിക്കുന്നു. 2023 ഐറ്റി നയം, പുതിയ സാങ്കേതികവിദ്യകൾക്ക് സമൂഹത്തിൽ കൊണ്ടുവരാൻ കഴിയുന്ന നാടകീയമായ മാറ്റങ്ങൾ മനസ്സിലാക്കി സമൂഹത്തിന്റെ മൊത്തത്തിലുള്ള സുസ്ഥിരമായ വളർച്ച കൈവരിക്കുന്നതിന് ധാർമ്മികവും ഉത്തരവാദിത്വപരവും സമഗ്രവുമായ മാർഗ്ഗത്തിലൂടെ അതിനെ ദ്രുതഗതിയിൽ സ്വീകരിക്കുന്നതിനുള്ള ചട്ടക്കൂടുകൾ നിർദ്ദേശിക്കുന്നു. നിർമ്മിത ബുദ്ധി, ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ, ബിഗ് ഡാറ്റാ അനലിറ്റിക്സ്, ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി, ക്വാണ്ടം കമ്പ്യൂട്ടിംഗ് എന്നിവയിൽ പ്രവർത്തിക്കുന്ന ബിസിനസ് യൂണിറ്റുകളുടെ പ്രോത്സാഹനത്തിനായി പ്രത്യേക നയനടപടികൾ നിർദ്ദേശിക്കുന്നു. ഇ-ഗവേണൻസ് സ്പെയ്സിൽ ഇത്തരം സാങ്കേതിക വിദ്യകളുടെ വിന്യാസത്തിലൂടെ സർക്കാർ പ്രക്രിയകളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിന് അവ സ്വീകരിക്കുന്നതിനുള്ള നടപടികളും നയം നൽകുന്നു.

## 7.2. ദ്രുതഗതിയിലുള്ള സ്വീകരിക്കലിനും ഉപയോഗത്തിനുമുള്ള പ്രധാന സാങ്കേതിക വിദ്യകളും പൊതു ചട്ടക്കൂടും

രാജ്യത്തെ പുതിയ സാങ്കേതിക വിദ്യകളിൽ ഐപി അധിഷ്ഠിത ഉൽപ്പന്ന വികസന ആവാസ വ്യവസ്ഥയിൽ നേതൃസ്ഥാനം കൈവരിക്കുന്നതിനുള്ള കാഴ്ചപ്പാടോടെ, 2023 ഐറ്റി നയം നാല് പ്രധാന സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിനുള്ള ഒരു പൊതു ചട്ടക്കൂട് നൽകുന്നു.

1. നിർമ്മിത ബുദ്ധി (AI)
2. ബിഗ് ഡാറ്റാ അനലിറ്റിക്സ്
3. ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യകൾ

4. ക്വാണ്ടം കമ്പ്യൂട്ടിംഗ്

5. അനിമേഷൻ, വിഷ്വൽ ഇഫക്ടുകൾ, ഗെയിമിംഗ്,

കോമിക്സ് എക്സ്റ്റൻഡഡ് റിയാലിറ്റി എന്നിവയും.

ഓരോ സാങ്കേതിക വിദ്യകൾക്കും ഇനിപ്പറയുന്ന നയനടപടികൾ നിർദ്ദേശിക്കുന്നു.

1. ഗവേഷണം നടത്തുന്നതിലും സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിലും ഈ ഓരോ സാങ്കേതികവിദ്യയും ഉപയോഗിച്ച് പരിഹാരങ്ങൾ ഉൽപ്പന്നങ്ങളാക്കുന്നതിന് പിന്തുണ നൽകുന്നതിനും ഒരു മികവിന്റെ കേന്ദ്രം സൃഷ്ടിക്കുന്നതിനും

2. ഓരോ ഉൽപ്പന്നങ്ങളിലും ഐപി അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ വികസനത്തിനുള്ള പങ്കിടാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഡിജിറ്റൽ സയൻസ് പാർക്ക് സൃഷ്ടിക്കുക.

3. ഉയർന്നുവരുന്ന ഈ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനത്തിനായി വളരുന്ന ഒരു സാങ്കേതികവിദ്യാ ഹബ് സൃഷ്ടിക്കുക.

4. ഉപകരണങ്ങളിലും ഐപി-യിലും മൂലധന സബ്സിഡി പോലുള്ള ധനപരമായ പ്രോത്സാഹനങ്ങൾ, ഈ സാങ്കേതികവിദ്യകളിൽ സൊല്യൂഷനുകൾ വികസിപ്പിക്കുന്ന കമ്പനികൾക്ക് പ്രവർത്തന പിന്തുണ.

5. കേരളം ആസ്ഥാനമായിട്ടുള്ള സ്റ്റാർട്ടപ്പുകളും കമ്പനികളും വികസിപ്പിച്ച സാങ്കേതിക വിദ്യാ സൊല്യൂഷനുകൾ സ്വീകരിക്കുന്നതിനുവേണ്ടി വാണിജ്യസ്ഥാപനങ്ങൾക്ക് പ്രത്യേക പോത്സാഹന പാക്കേജുകൾ.

6. ഈ സാങ്കേതികവിദ്യകൾക്കുവേണ്ടി മനുഷ്യവിഭവശേഷി വികസിപ്പിക്കുന്നതിനുള്ള ധനസഹായം

7. സർക്കാർ സേവന വിതരണം മെച്ചപ്പെടുത്തുന്നതിനും അതുപോലെ സർക്കാർ പ്രക്രിയകൾ ഉത്തമമാക്കുന്നതിനുമായി ഇ-ഗവേണൻസ് സൊല്യൂഷനുകളിലെ സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിനുള്ള നടപടികൾ.

8. സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന്, ഈ സാങ്കേതികവിദ്യയുടെ ഉത്തരവാദിത്തപരവും ധാർമ്മികവുമായ ഉപയോഗത്തിനുള്ള നിയന്ത്രണ ചട്ടക്കൂട്

9. പൗരന്മാർ, പുതിയ സാങ്കേതിക വിദ്യകളെ സുരക്ഷിതവും ധാർമ്മികവുമായി പ്രയോജനപ്പെടുത്തുന്നതിന് അവബോധവും സാക്ഷരതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക കാമ്പെയിനുകൾ.

ഓരോ സാങ്കേതിക വിദ്യയുടെയും ചട്ടക്കൂട് നടപ്പിലാക്കുന്നതിനായി പ്രത്യേക നയരേഖകൾ പിന്നീട് നിർമ്മിക്കും.

# അദ്ധ്യായം VIII

# ഡിജിറ്റൽ പൗരത്വവും ജീവിതശൈലിയും ഡിജിറ്റൽ പരിവർത്തന ദൗത്യം

## 8.1 പശ്ചാത്തലം

മനുഷ്യചരിത്രത്തിലുടനീളം സാങ്കേതികവിദ്യയുടെ അവലംബം ആളുകളുടെ ജോലിയുടെ സ്വഭാവത്തിലും ജീവിതശൈലിയിലും മാറ്റം വരുത്തുന്നതിന് ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. വർഷങ്ങൾക്കപ്പുറം, സ്റ്റീംഎൻജിനുകൾ, വൈദ്യുതി, ഓട്ടോമൊബൈലുകൾ, കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് തുടങ്ങിയ പ്രധാന സാങ്കേതിക വിദ്യകൾ പല തൊഴിലുകളേയും അടിമുടി മാറ്റുകയും നിരവധി സംരംഭങ്ങൾക്ക് തടസ്സം വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ മാറ്റങ്ങൾ വളർച്ചയ്ക്ക് അഭൂതപൂർവ്വമായ അവസരങ്ങൾ സംഭാവന ചെയ്യുമ്പോൾ, അവ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കാത്ത ആളുകളുടെ അതിജീവനത്തിന്റെ ചോദ്യവും ഉയർത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ അഭാവം, അനേകം വ്യവസായങ്ങളെ വിസ്മൃതിയിലേക്ക് തള്ളിവിടുകയും അതിനെ ആശ്രയിച്ചിരുന്ന ആളുകളെ ദുരതത്തിലാക്കുകയും ചെയ്തു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പുതിയ തരംഗത്തിന്റെ പരിണാമത്തിനൊപ്പം iv-ാം വ്യവസായിക വിപ്ലവത്തിൽ മികവ് പുലർത്തുന്നതിന് അവരുടെ ജോലികൾ പുനർ നിർവ്വചിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിന് ജീവിതത്തിന്റെ എല്ലാ തുറകളിൽ നിന്നുമുള്ള ആളുകളെ പിന്തുണയ്ക്കുന്നതിന് സജീവമായ നടപടികൾ സ്വീകരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

2017, ഐടി നയം പൗരന്മാർക്ക് ഡിജിറ്റലി ശാക്തീകരിച്ച ജീവിതശൈലിയെ പിന്തുണയ്ക്കുന്നതിനായി നിരവധി നയപരിപാടികൾ അവതരിപ്പിച്ചു. എന്നിരുന്നാലും കഴിഞ്ഞ 6 വർഷങ്ങളിൽ സാങ്കേതികവിദ്യ ജീവിതത്തിലേക്ക് ആഴത്തിലുള്ള കടന്നുകയറ്റം നടത്തുകയും മഹാമാരിക്കാലത്തെ ദ്രുതഗതിയിലുള്ള പ്രയോജനപ്പെടുത്തൽ കാരണം തൊഴിൽ വർദ്ധിക്കുകയും ചെയ്തു. നിലവിലുള്ള സേവനങ്ങളെ പിന്തുണയ്ക്കുന്ന ഡിജിറ്റൽ സാങ്കേതികവിദ്യ ഇനിമേൽ പരിധിക്കുള്ളിൽ ഇല്ലെങ്കിലും സമൂഹത്തിന്റെ മിക്ക പരമ്പരാഗത മാർഗ്ഗങ്ങളെയും തടസ്സപ്പെടുത്തി കൊണ്ട് അകക്കാമ്പിലേക്ക് നീങ്ങി. നിരവധി പരമ്പരാഗത ബിസിനസ്സുകളെ തടസ്സപ്പെടുത്തുന്ന, ഡിജിറ്റൽ പേയ്മെന്റുകൾ, വീഡിയോ അധിഷ്ഠിത ആശയവിനിമയം, മൊബൈൽ അധിഷ്ഠിത വിനോദം, ഓൺലൈൻ വിദ്യാഭ്യാസം, ഓൺലൈൻ ഉൽപ്പന്ന വിതരണം മുതലായവ ഇന്ന്

സർവ്വസാധാരണമാണ്. നിർമ്മിത ബുദ്ധി റാപിഡ് കറൻസി നേടുന്നതോടെ, തടസ്സം തുടരുന്നതും, ഡിജിറ്റൽ ലോകപൗരന്മാരുടെ പൗരത്വവും ജീവിതശൈലിയും മെച്ചപ്പെടുത്തുന്നതിന് അതിന്റെ ആസകലവും സമഗ്രവുമായ ഏറ്റെടുക്കൽ സുഗമമാക്കുന്നതിന്റെ അടിയന്തര ആവശ്യമുണ്ട്. ഇത് 2023 ഐറ്റി നയത്തിന്റെ പുതിയ ശ്രദ്ധാകേന്ദ്രമാണ്.

## 8.2 ഡിജിറ്റൽ യുഗവും പരിവർത്തനത്തിനുള്ള ആവശ്യവും

വ്യാവസായിക യുഗം മനുഷ്യരുടെ ശാരീരിക അദ്ധ്വാനത്തെ അതേ ജോലി കൂടുതൽ ഫലപ്രദമായി ഒരു തോതിൽ ചെയ്യാൻ കഴിയുന്ന മെക്കാനിക്കൽ യന്ത്രങ്ങൾ ഉപയോഗിച്ച് മാറ്റി സ്ഥാപിച്ചു. ഇത് വലിയ ഫാക്ടറികളുടെ ആവിർഭാവത്തിനും വ്യാവസായിക രാഷ്ട്രങ്ങളുടെ സമ്പത്തിൽ ക്രമാതീതമായ വളർച്ചയ്ക്കും കാരണമായി. ഡിജിറ്റൽ യുഗം വിജ്ഞാന സാങ്കേതിക വിദ്യയാൽ സവിശേഷമായതും അത് മനുഷ്യരുടെ വൈജ്ഞാനിക അദ്ധ്വാനത്തെ തുടക്കത്തിൽ പോരായ്മ നികത്തുകയും അത്യന്തികമായി മാറ്റി സ്ഥാപിക്കുകയും ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു. വ്യാവസായിക കാലഘട്ടത്തിലെ കായിക ജോലികളുടെ തടസ്സപ്പെടുത്തലിനു സമാനമായി സമീപഭാവിയിൽ സേവനജോലികൾ ബുദ്ധിശക്തിയുള്ള യന്ത്രങ്ങളാൽ മാറ്റി സ്ഥാപിക്കപ്പെടുമെന്ന് കരുതുന്നു. ഈ സാങ്കേതിക വിദ്യകളുടെ ഡിജിറ്റൽ സ്വഭാവം അവയെ ലോകമെമ്പാടും എളുപ്പത്തിൽ പ്രാപ്യമാക്കുന്നതിനും അതുവഴി, ഏറ്റെടുക്കലിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. സ്ഥലത്തിന്റേയും സമയത്തിന്റേയും പ്രതിബന്ധം ഇല്ലാതാക്കുന്ന ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഏറ്റെടുക്കൽ സാർവ്വത്രികവും മാത്രമല്ല ജീവിതത്തിന്റെ എല്ലാ തുറകളിലും ഇതിനകം തന്നെ സ്വാധീനം ചെലുത്തുന്നുമുണ്ട്. ആമസോൺ, ഉബർ, എക്സ്പിഡിയ മുതലായവ പോലുള്ള വലിയതോതിലുള്ള സംയുക്ത പ്ലാറ്റ്ഫോമുകളുടെ ആവിർഭാവത്താൽ, കിരണ സ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ, ടാക്സി കമ്പനികൾ, ട്രാവൽ ഏജന്റുമാർ മുതലായ പരമ്പരാഗത സേവന യൂണിറ്റുകളുടെ നിലനില്പ് പോലും വെല്ലുവിളിയിലാണ്. കോവിഡ്-19 മഹാമാരിക്കാലത്ത് ഏർപ്പെടുത്തിയ നിയന്ത്രിത ചലനക്ഷമത, ഈ തടസ്സങ്ങളെ കൂടുതൽ വേഗത്തിലാക്കി. വിദ്യാഭ്യാസം മുതൽ തിയേറ്റർ വരെയുള്ള നിരവധി സേവനമേഖലകൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഭീഷണി ഉയർത്തുമ്പോൾ അതിനെ ഫലപ്രദമായി പ്രയോഗിക്കുന്നവർക്ക് അത് ബൃഹത്തായ വളർച്ചാ അവസരങ്ങൾ നൽകുകയും ചെയ്യുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യകൾ, വിശാലവും വേഗത്തിലുമുള്ള പ്രാപ്യത, ആശയവിനിമയത്തിന്റെ ഒന്നിലധികം ഫോർമാറ്റുകളുടെ കേന്ദ്രീകരണം അനായാസമായ വളർച്ച മുതലായവ ലഭ്യമാക്കുന്നതിനാൽ, ഡിജിറ്റൽ പരിവർത്തനം അങ്ങേയറ്റം പ്രയോജനകരമാണെന്നു തെളിയിക്കാൻ സാധിക്കുന്നതും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വേഗത്തിലുള്ള വളർച്ചയ്ക്കും വഴിയൊരുക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, ഇതിന് വ്യവസ്ഥാപിത പരിശ്രമങ്ങൾ ആവശ്യവും, സമ്പദ്‌വ്യവസ്ഥ അടിസ്ഥാനപരമായി സേവനമേഖലയിലെ വരുമാനത്തെ ആശ്രയിക്കുന്ന ഒരു പുരോഗമന സംസ്ഥാനമെന്ന നിലയിൽ, കേരളം ഈ പരിവർത്തനത്തിന് നേതൃത്വം നൽകേണ്ടത് ആവശ്യമാണ്.

## 8.3 പരിവർത്തനത്തിനുള്ള മാതൃക

ഈ സാഹചര്യത്തിൽ, നിലവിൽ സേവന മേഖലയിലുള്ള ജോലികളെ തടസ്സപ്പെടുത്തുന്നതിനും പരിവർത്തനം ചെയ്യുന്നതിനും ത്വരിതപ്പെടുത്തുന്നതിനും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ശേഷിയുള്ള എല്ലാ സാങ്കേതിക വിദ്യകളും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ഉൾപ്പെടുന്നു. ഇതിൽ, ഡാറ്റാ അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, വെർച്ചൽ/ഓഗ്മെന്റഡ് റിയാലിറ്റി, കോഗ്നിറ്റീവ് കമ്പ്യൂട്ടിംഗ്, സിന്തറ്റിക്

ബയോളജി തുടങ്ങിയ വളർന്നുവരുന്ന സാങ്കേതിക വിദ്യകളും അതുപോലെ ഇന്റർനെറ്റിന്റേയും മൊബൈൽ വാണിജ്യത്തിന്റേയും കൂടുതൽ സ്ഥാപിതമായ സാങ്കേതിക വിദ്യകളും ഉൾപ്പെടുന്നു. ഈ സാങ്കേതിക വിദ്യകളുടെ ആഘാതം വിവിധ പരമ്പരാഗത മേഖലകളിലുടനീളം വ്യത്യാസപ്പെട്ടിരിക്കുമ്പോൾ, സാധ്യതകൾ മനസ്സിലാക്കുകയും ദ്രുതഗതിയിലുള്ള ഏറ്റെടുക്കലിനെ പിന്തുണയ്ക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്. അവ ഫലപ്രദമായി ഏറ്റെടുക്കാൻ കഴിയുന്ന ചില മേഖലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

1. വ്യാപാരവും വാണിജ്യവും
2. എംഎസ്എംഇ
3. പരമ്പരാഗത കലാരൂപങ്ങൾ
4. വിദ്യാഭ്യാസം
5. ട്രാവൽ ആൻഡ് ടൂറിസം
6. വിനോദം
7. കൃഷി

കേരളത്തിലെ ഒരു പ്രധാന മേഖലയായ വ്യാപാരവും വാണിജ്യവും ഓൺലൈൻ റിടെയിലർമാരിൽ നിന്നും ആഗോള സംയോജിത പ്ലാറ്റ് ഫോമുകളിൽ നിന്ന് കടുത്ത ഭീഷണി നേരിടുന്നു. ഡിജിറ്റൽ മാർക്കറ്റിംഗ് സ്കീമുകൾ പ്രയോജനപ്പെടുത്തിയും ചെലവ് കുറഞ്ഞ പരിഹാരങ്ങളിലൂടെ ഡിജിറ്റലായി പ്രവർത്തനക്ഷമമാക്കിയ ഹൈപ്പർ-ലോക്കൽ മാർക്കറ്റിംഗിന് ശക്തമായ പ്രോത്സാഹനം നൽകിയും ഈ മേഖലയെ പുനർനിർവ്വചിക്കാനും ഈ പങ്കാളികളുടെ പ്രവർത്തനങ്ങൾ സമയത്തും സ്ഥലത്തും വിപുലീകരിക്കാനും സാധിക്കും. സംയോജിത പ്ലാറ്റ്ഫോമുകൾ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കാൻ സഹായിക്കുന്ന ഡാറ്റാ അനലിറ്റിക്സിന്റെ പ്രയോജനം ചെറുകിട പങ്കാളികൾക്കും അവരുടെ പരിവർത്തനത്തിന് സഹായകമാകുന്നതിന് നൂതനമാർഗ്ഗങ്ങളിലൂടെ വ്യാപിപ്പിക്കേണ്ടതുണ്ട്.

'സ്മാർട്ട്' ഉൽപ്പന്നങ്ങളുടെ ആവിർഭാവവും ഈ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ബിസിനസ്സ് പ്രക്രിയകളുടെ ദ്രുതഗതിയിലുള്ള പരിവർത്തനത്താൽ പുതിയ യുഗം സവിശേഷമാക്കപ്പെട്ടിരിക്കുന്നു. ഡിജിറ്റൽ മാർഗ്ഗത്തിലേക്കുള്ള സ്ഥിതിമാറ്റം കാരണം വിതരണ ശൃംഖലകളുടെ പല ഘടകങ്ങളും ഡീമെറ്റീരിയലൈസ് ചെയ്യപ്പെടുന്നതിനാൽ മൂല്യശൃംഖല പ്രക്രിയകളുടെ പരമ്പരാഗത മാതൃകകളോട് പറ്റിനില്ക്കുന്ന MSME യൂണിറ്റുകൾക്ക് കനത്ത നഷ്ടം സംഭവിക്കുന്നു. താഴോട്ടുള്ള ഈ വ്യതിയാനത്തിനെ തടഞ്ഞുനിറുത്താൻ വളർന്നുവരുന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉൽപ്പന്നം, പ്രക്രിയകൾ വിതരണ സംവിധാനങ്ങൾ എന്നിവ നവീകരിക്കേണ്ടതുണ്ട്. ഈ ബിസിനസ് നവീകരണത്തിലൂടെ മൂല്യ ശൃംഖലയുടെ ദ്രുതഗതിയിലുള്ള പരിവർത്തനത്തിന് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനും തർക്കമില്ലാത്ത വിപണിയിടത്തിന്റെ പുതിയ ബ്ലൂ ഓഷ്യനിലേക്ക് കടക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും സാധിക്കും.

സാങ്കേതികവിദ്യ വിനോദ വ്യവസായത്തിനും പരമ്പരാഗത കലയ്ക്കും സംസ്കാരത്തിനും എപ്പോഴും ഗുരുതരമായ ഭീഷണി ഉയർത്തുന്നു. ടെലിവിഷൻ, ഇന്റർനെറ്റ്, ഡിജിറ്റൽ സംഗീതം, ഒറ്റിറ്റി പ്ലാറ്റ്ഫോമുകൾ മുതലായവയുടെ ആവിർഭാവം പ്രത്യേക സ്ഥലങ്ങളോടും ഭൗതിക അടിസ്ഥാന സൗകര്യങ്ങളോടും ബന്ധപ്പെട്ടിരിക്കുന്ന ചില കലാരൂപങ്ങളുടെയും വിനോദങ്ങളുടെയും നിലനില്പിനു തന്നെ വെല്ലുവിളിയാണ്. പാൻഡെമിക് മൂലമുണ്ടായ തടസ്സം ഈ സാഹചര്യത്തെ കൂടുതൽ തീവ്രമാക്കി. ഗുരുതരമായ തൊഴിൽ നഷ്ടത്തിലേക്കും ദുരതത്തിലേക്കും നയിച്ചു. എന്നിരുന്നാലും, ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഈ പരമ്പരാഗത കലാരൂപങ്ങളെ

രൂപാന്തരപ്പെടുത്തുന്നതിനും പുതിയ വിപണികൾ സൃഷ്ടിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും. നവയുഗ സാങ്കേതിക വിദ്യകൾ വാഗ്ദാനം ചെയ്യുന്ന സംയോജനത്തിന്റെ ശക്തി ശരിയായി വിനിയോഗിക്കുന്നതിലൂടെ അങ്ങനെയുള്ള പരമ്പരാഗതമായ കലാരൂപങ്ങളുടെ വ്യാപകമായ സ്വീകാര്യത പരിമിതപ്പെടുത്തുന്ന പ്രതിബന്ധങ്ങൾ നീക്കുന്നതിന് അക്സസ് ഉപയോഗിക്കാൻ സാധിക്കും. പരിവർത്തനം വഴി പാരമ്പര്യങ്ങളുടെ സത്തയും മൂല്യവും നഷ്ടമാകാതിരിക്കാൻ ബിസിനസ്സ് നവീകരണവും സാങ്കേതിക വിദ്യയുടെ ശ്രദ്ധാപൂർവ്വമുള്ള പ്രയോജനപ്പെടുത്തലും ഇതിന് ആവശ്യമാണ്.

അങ്ങനെയുള്ള പരിവർത്തന അവസരങ്ങൾ കൃഷി, വിദ്യാഭ്യാസം, യാത്ര, വിനോദസഞ്ചാരം തുടങ്ങി വിവിധ മേഖലകളിലും നിലവിലുണ്ട്.

കഴിഞ്ഞ ഭാഗങ്ങളിൽ ചർച്ച ചെയ്തതുപോലെ മിക്ക പരമ്പരാഗത മേഖലകൾക്കും ഡിജിറ്റൽ സാങ്കേതികവിദ്യ അവലംബിച്ച് സ്വയം പുനർനിർമ്മിക്കുന്നതിനുള്ള അവസരങ്ങൾ നിലവിലുണ്ടെങ്കിലും, ഈ പ്രക്രിയ സുഗമമാക്കുന്നതിന് അത്തരമൊരു ഡിജിറ്റൽ പരിവർത്തനത്തിനുള്ള സമഗ്രമായ ഒരു മാതൃക സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ചില വ്യക്തിഗത യൂണിറ്റുകളും സംരംഭങ്ങളും സ്വയം സ്വീകരിക്കുമെങ്കിലും ധനപരമായ മുന്നേറ്റത്തിലൂടെ മാത്രമേ വ്യാപകമായ സ്വീകരിക്കൽ സാധ്യമാകുകയുള്ളൂ. ഇത്, പുതിയ സാങ്കേതിക വിദ്യയാൽ ഭീഷണി നേരിടുന്ന ഓരോ മേഖലയ്ക്കും പ്രസക്തമായതും ഉചിതവുമായ സ്ക്രീമുകളും രീതികളും വികസിപ്പിക്കുന്ന 2023 ഐറ്റി നയത്തിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ട ഒരു ഡിജിറ്റൽ ട്രാൻസ്ഫോമേഷൻ മിഷന്റെ (ഡിജിറ്റൽ പരിവർത്തന ദൗത്യം) ആവശ്യകതയ്ക്ക് പ്രേരണ നൽകുന്നു. ഇ-ഗവേണൻസ് സംരംഭത്തിന് നേതൃത്വം നൽകുന്ന കേരള സ്റ്റേറ്റ് ഐടി മിഷനെപോലെ സാങ്കേതികവിദ്യ കാരണമുള്ള പാർശ്വവൽക്കരണം ഒഴിവാക്കുന്നതിനായി, കേരള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷനും വിവിധ മേഖലകളിലെ ഡിജിറ്റൽ പരിവർത്തനത്തെ പിന്തുണയ്ക്കുന്നതിന് ഊന്നൽ നൽകും.

മിഷന്റെ ചില പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്

1. വിവിധ ബിസിനസ് യൂണിറ്റുകൾക്ക് അവരുടെ പരിവർത്തനത്തെ സഹായിക്കുന്നതിന് പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ നൽകുക. ഇതിൽ, ഡിജിറ്റൽ ഉപകരണങ്ങളുടെ ഒരു പൊതുശേഖരം, ബിസിനസ് അനലിറ്റിക്സ് സൊല്യൂഷനുകൾ ബുദ്ധിപരമായ കഴിവുകളുള്ള സംയോജിത പ്ലാറ്റ്ഫോമുകൾ, സുരക്ഷിതവും സബ്സിഡിയുള്ളതുമായ ക്ലൗഡ് സ്പേയ്സ് തുടങ്ങിയവ ഉൾപ്പെടുന്നു.

2. സൊല്യൂഷനുകളുടെ ക്രിയാത്മകമായ വികസനത്തിലൂടെ വ്യക്തിഗത മേഖലകളുടെ പരിവർത്തനത്തിനു പിന്തുണ. വളരെ ചെലവ് കുറഞ്ഞ രീതിയിൽ ഈ പരിവർത്തനത്തെ പിന്തുണയ്ക്കുന്നതിന് സ്റ്റാർട്ടപ്പുകളുടെ ഉപയോഗം.

3. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രമുഖ ഗവേഷണ, സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സാങ്കേതിക വിദ്യയിലേക്ക് സബ്സിഡിയുള്ള പ്രാപ്യതയും വിദഗ്ധ മാർഗ്ഗനിർദ്ദേശവും. ഇതിനായി സംസ്ഥാന സ്ഥാപനങ്ങൾക്കും പ്രത്യേക പിന്തുണ നൽകും.

4. വ്യക്തിഗത യൂണിറ്റുകൾക്ക് അവരുടെ മൂല്യശൃംഖല വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യയുടെ സ്വീകാരത്തിന് ധനപരമായ പ്രോത്സാഹനങ്ങൾ. പുതിയ സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിന് ജീവനക്കാർക്ക് പുനർപഠനത്തിനുള്ള സഹായം

5. ഈ പരിവർത്തനം നയിക്കാൻ കഴിയുന്ന അനേകം ഡിജിറ്റൽ വിദഗ്ധരെ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക നടപടികൾ. ഈ വിദഗ്ധർ ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനും സാങ്കേതിക വിദ്യ നിസംശയമായി സ്വീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കും.

ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ, വിവിധ മേഖലകളിലും തൊഴിലുകളിലും അവരുടെ ഡിജിറ്റൽ പരിവർത്തനം സാധ്യമാക്കുന്നതിന് പ്രത്യേക പരിപാടികൾ രൂപകല്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യും. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് (ITD), DTM-ന് അടിത്തറയിടുന്നതും ഡിജിറ്റൽ സർവ്വകലാശാലയുടെ വിജ്ഞാന പിന്തുണയോടെ നടപ്പിലാക്കുന്നതുമാണ്. ഈ പരിവർത്തന പ്രക്രിയയിൽ ഡിജിറ്റൽ സർവ്വകലാശാല കേരളത്തിലെ മറ്റ് സർവ്വകലാശാലകളുമായും മറ്റ് ഐടി സേവന ദാതാക്കളുമായും ചേർന്ന് പ്രവർത്തിക്കും. ഉദാഹരണത്തിന് ജിയോസ്പേഷ്യൽ അനലിറ്റിക്സ്, സെൻസർ-അധിഷ്ഠിത പ്രിസിഷൻ അഗ്രികൾച്ചർ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കർഷകരുടെ വിളവ് വർദ്ധിപ്പിക്കുന്നതിന് ''സ്മാർട്ട് ഫാമുകൾ'' വികസിപ്പിക്കുന്നതിനുള്ള പൈലറ്റ് പ്രോഗ്രാം ആരംഭിക്കുന്നതിന് ഡിജിറ്റൽ സർവ്വകലാശാല കാർഷിക സർവ്വകലാശാലയുമായി ചേർന്നു പ്രവർത്തിക്കും. വിദ്യാഭ്യാസം, വിനോദസഞ്ചാരം, വ്യാപാരവും വാണിജ്യവും തുടങ്ങിയ വിവിധ സുപ്രധാന മേഖലകളിൽ ആധുനിക സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനുള്ള സമാന പദ്ധതികൾ ഡിജിറ്റൽ സർവ്വകലാശാല മറ്റ് വിജ്ഞാനപങ്കാളികളുമായി ചേർന്ന് DTM-നു കീഴിൽ നയിക്കും. വിവിധ മേഖലകളുടെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ആരംഭിക്കുന്നതിന് മുകളിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന വിവിധ ഘടകങ്ങൾക്കു കീഴിലുള്ള ചെലവുകൾ നിറവേറ്റുന്നതിനായി പോളിസിയുടെ കീഴിൽ 5 വർഷക്കാലയളവിലേക്ക് പ്രതിവർഷം ₹100 കോടി വരുന്ന തുക നിർദ്ദേശിക്കുന്നു. DTM-ലൂടെ ട്രാൻസ്ഫോർമേഷനായി തിരഞ്ഞെടുത്ത വിവിധ മേഖലകൾക്ക് വേണ്ടി ഉത്പാദനക്ഷമതയിലും മാർക്കറ്റ് റീച്ചിനും മറ്റ് മൂല്യശൃംഖല മെച്ചപ്പെടുത്തുന്നതിനും സമൂലമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും, സംസ്ഥാനത്തെ ഡിജിറ്റൽ ചെയ്ഞ്ച് ഏജന്റുമാരുടെ പുതിയ ഒരു ബ്രീഡിന് തൊഴിൽ നൽകുന്നതിനും പ്രതീക്ഷിക്കുന്നു.

# അദ്ധ്യായം IX

# കെഎസ്പിഎസിഇ പ്രത്യേക പ്രോത്സാഹനങ്ങൾ

നിക്ഷേപകർക്ക് ആകർഷകമായ പ്രോത്സാഹനങ്ങൾ നൽകുന്നതിനുള്ള പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്.

1. സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയെ കൂടുതൽ സഹായിക്കുന്നതിനായി സംസ്ഥാനത്തെ ശൂന്യാകാശ സാങ്കേതികവിദ്യാ മേഖലയിലും പ്രതിരോധവും ബഹിരാകാശവുമായി ബന്ധപ്പെട്ട മേഖലകളിലും വലിയ തോതിലുള്ള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്.
2. സംസ്ഥാനത്തെ യുവജനങ്ങൾക്ക് വലിയ തോതിലുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന്.

KSPACE ഇനിപ്പറയുന്ന പ്രവർത്തന മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നു.

1. KSPACE ഉടമസ്ഥതയിലുള്ള സ്ഥലത്തിനുള്ളിൽ പ്രവർത്തിക്കുന്ന കമ്പനികൾ/യൂണിറ്റുകൾ
2. KSPACE പിന്തുണ നൽകുന്നതും സംയുക്തമായി പ്രോത്സാഹിപ്പിക്കുന്നതുമായ വ്യവസായ പാർക്കുകൾക്കുള്ളിൽ പ്രവർത്തിക്കുന്ന കമ്പനികൾ/യൂണിറ്റുകൾ
3. KSPACE മായി അഫിലിയേറ്റ് ചെയ്തതും മറ്റ് സർക്കാർ/സ്വകാര്യ വ്യവസായ പാർക്കുകളിൽ പ്രവർത്തിക്കുന്നതുമായ കമ്പനികൾ/യൂണിറ്റുകൾ
4. KSPACE മായി അഫിലിയേറ്റ് ചെയ്തതും അവരവരുടെ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതുമായ കമ്പനികൾ/യൂണിറ്റുകൾ

29-3-2023 ൽ കാബിനറ്റ് അംഗീകരിച്ച 2023 സംസ്ഥാന വ്യവസായ നയത്തിനനുസൃതമായി KSPACE പ്രോത്സാഹന നയം തയ്യാറാക്കിയിരിക്കുന്നു. ആ പറഞ്ഞ പ്രോത്സാഹനങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | പ്രോത്സാഹന വിഭാഗം | പദ്ധതി വിഭാഗം | വിവരണം |
|---|---|---|---|
| 1 | കുറഞ്ഞ | MSME | 4% പലിശയിൽ ₹10 ലക്ഷം വരെയുള്ള |

| | | | |
|---|---|---|---|
| | പലിശ നിരക്കിൽ വായ്പ | | വായ്പകൾ (6% വരെ പലിശ ഇളവിലൂടെ) |
| 2 | മൂലധന സബ്സിഡി പ്രോത്സാഹനം | MSME | • മൈക്രോ- 45% വരെ, പരമാവധി ₹40 ലക്ഷത്തിനു വിധേയമായി<br>• ചെറുത് 45% വരെ പരമാവധി ₹1.0 കോടിക്ക് വിധേയമായി<br>• ഇടത്തരം 45% വരെ പരമാവധി ₹2.0 കോടിക്കു വിധേയമായി |
| 3 | വൈദ്യുതികരം ഒഴിവാക്കൽ | MSME | അഞ്ച് വർഷത്തേക്ക് 100% ഇളവ് |
| 4 | IPO വഴി ഫണ്ട് സമാഹരണം | | NSE യുടെയും BSE യുടെയും SME പ്ലാറ്റ് ഫോമിലൂടെ IPOയ്ക്കായി ചെലവായതിന്റെ 50% പരമാവധി 1.5 കോടി രൂപ വരെ റീഇംബേഴ്സ്മെന്റ് (ഇപ്രകാരം സമാഹരിക്കുന്ന ഫണ്ട് സംസ്ഥാനത്ത് പുതിയ യൂണിറ്റ് സ്ഥാപിക്കുന്നതിനോ നിലവിലുള്ള യൂണിറ്റ് വിപുലീകരിക്കുന്നതിനോ വിനിയോഗിച്ചാൽ മാത്രമാണ് അർഹതയുണ്ടായിരിക്കുകയുള്ളൂ.) |
| 5. | നിക്ഷേപ സബ്സിഡി | ലാർജും മെഗായും | പരമാവധി ₹10.0 കോടിക്ക് വിധേയമായി 10% |
| 6. | SGPT റീഇംബേഴ്സ്മെന്റ് | ലാർജും മെഗായും | 5 വർഷത്തേക്ക് മൂലധന നിക്ഷേപത്തിന്മേൽ 100% റീഇംബേഴ്സ്മെന്റ് |
| 7. | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനം | ലാർജും മെഗായും | • സ്ഥിരം ജോലികളിൽ 50%ത്തിൽ കൂടുതൽ പ്രാദേശിക നിവാസികളിൽ നിന്നും നികത്തപ്പെടുകയാണെങ്കിൽ, അപ്രകാരം സൃഷ്ടിച്ച ഓരോ അധിക ജോലിയുടെയും പ്രതിമാസ വേതനത്തിന്റെ 25% പരമാവധി ₹5000/വ്യക്തി/മാസത്തിന് വിധേയമായി ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് തിരികെ നൽകും.<br>• സ്ഥിരം ജീവനക്കാരിൽ 50% ത്തിലധികം സ്ത്രീജീവനക്കാരാണെങ്കിൽ അങ്ങനെ സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക ജോലിയുടെയും പ്രതിമാസ വേതനത്തിന്റെ 25% പരമാവധി 5000/മാസം/വനിതാ ജീവനക്കാർ-ത്തിന് വിധേയമായി ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് തിരികെ നൽകും<br>• സ്ഥിരം ജോലി സംസ്ഥാനത്തെ ട്രാൻസ്ജെൻഡർമാർക്ക് നൽകിയാൽ ഒരു വർഷത്തേക്ക് ₹7500/മാസം/ട്രാൻസ്ജെൻഡർ തൊഴിലാളി റീഇംബേഴ്സ് ചെയ്യും |
| 8. | നിർമ്മാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജുകളും ഒഴിവാക്കൽ (എല്ലാവർക്കും ബാധകമാകുന്നത്) | എല്ലാ വിഭാഗങ്ങളും | • സർക്കാരിന്റേയും വിജ്ഞാപനം ചെയ്യപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ യൂണിറ്റ് (എല്ലാവർക്കും ബാധമാക്കേണ്ടത്) സ്ഥാപിക്കുന്നതിനുള്ള പാട്ടക്കരാർ/ഭൂമിയുടെ/കെട്ടിടത്തിന്റെ വാങ്ങൽ എന്നിവയിൽ 100% വരെ<br>• സംസ്ഥാനത്തെവിടെയും നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സ്ത്രീകൾ SC/ST/ഭിന്നശേഷിക്കാരും ട്രാൻസ്ജെൻഡേഴ്സും ആയ സംരംഭകർ എന്നിവർക്ക് കെട്ടിടം പാട്ടത്തിനു വാങ്ങുന്നതിന് 100% വരെ |
| 9 | സ്വകാര്യ വ്യാവസായിക എസ്റ്റേറ്റുകൾ | എല്ലാ വിഭാഗങ്ങളും | അടിസ്ഥാന സൗകര്യ വികസനത്തിന് ₹3.0 കോടി വരെ |
| 10 | വ്യാപാരമേള കളിൽ പങ്കെടുക്കുന്നതി നുള്ള പ്രോത്സാഹനങ്ങൾ | എല്ലാ വിഭാഗങ്ങളും | പരമാവധി ₹5.0 ലക്ഷത്തിനു വിധേയമായി പ്രതിവർഷം ഒരു ആഭ്യന്തര അന്താരാഷ്ട്ര മേള/പ്രദർശനത്തിൽ സ്റ്റാൾ ചാർജ്ജുകളായി വരുന്ന തുകയുടെ 100% റീഇംബേഴ്സ്മെന്റ് |
| 11 | ബൗദ്ധികസ്വ ത്തവ കാശം (IPR) | എല്ലാ വിഭാഗങ്ങളും | പരമാവധി ₹30.0 ലക്ഷത്തിനു വിധേയമായി പേറ്റന്റ് ഫയൽ ചെയ്യുന്നതിനുള്ള ചെലവ് പകർപ്പവകാശം, ട്രേഡ്മാർക്ക്, ജിഐ രജിസ്ട്രേഷൻ തുടങ്ങിയവയ്ക്ക് 50% റീഇംബേഴ്സ്മെന്റ് |
| 12 | ഗുണനിലവാ ര സർട്ടിഫിക്കേഷൻ | എല്ലാ വിഭാഗങ്ങളും | പ്രതിവർഷം യൂണിറ്റിന് പരമാവധി ₹25 ലക്ഷത്തിനു വിധേയമായി CE, FDA, ISO, BIS തുടങ്ങിയ നിർബന്ധിത മാർക്കിംഗുകൾ നേടുന്നതിന് ചെലവഴിച്ച തുകയുടെ 50% റീഫണ്ട് |
| 13 | സുസ്ഥിരതയ് ക്കും ഉത്തരാവാദിത്ത യന്ത്രവൽക്കരണ ത്തിനുമുള്ള പ്രോത്സാഹനങ്ങൾ | എല്ലാ വിഭാഗങ്ങളും | (സിവിൽ ചെലവുകൾ ഒഴികെ) ETP, ഓഫ് ഗ്രിഡ് ഇൻസ്റ്റാളേഷനുകൾ, മഴവെള്ള സംഭരണം സിറോ ഡിസ്ചാർജ് സാങ്കേതിക വിദ്യകൾ, ഇ-മാലിന്യങ്ങളുടെ പുനരുപയോഗം, മലിനജല പുനരുപയോഗം, ഊർജ്ജം ജലസംരക്ഷണ ഓഡിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്ലാന്റ്/മെഷിനറി/ഉപകരണങ്ങൾ എന്നിവയ്ക്ക് പോളിസി കാലയളവിൽ പരമാവധി ₹25 ലക്ഷം രൂപയ്ക്ക് വിധേയമായി ചെലവിന്റെ 25% റീഫണ്ട് |
| 14 | നിർമ്മാണ മേഖലയിൽ വ്യവസായം 4.0 സംരംഭങ്ങൾ (എല്ലാവർക്കും ബാധകമാകേണ്ടത്) | എല്ലാ വിഭാഗങ്ങളും | പോളിസി കാലയളവിൽ ഒരു സംരംഭത്തിന് പരമാവധി ₹25 ലക്ഷത്തിനുവിധേയമായി സോഫ്റ്റ് വെയർ മെഷിനറി മുതലായവയുടെ (ബിഗ് ഡാറ്റാ അനലിറ്റിക് ഉപകരണങ്ങൾ) വിലയുടെ 20% റീഇംബേഴ്സ്മെന്റ് |
| 15 | ഗവേഷണവും വികസനവും | എല്ലാ വിഭാഗങ്ങളും | സംസ്ഥാന സർവ്വകലാശാലകൾ/സ്ഥാപനങ്ങൾ എന്നിവയിൽ ഗവേഷണ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്ക് (ചേർക്കുക) ഒരു എന്റർപ്രൈസ്/വർഷത്തിൽ പരമാവധി 1 കോടി രൂപയ്ക്ക് വിധേയമായി അപ്രകാരമുള്ള ചെലവുകളുടെ 20% റീഫണ്ട് ലഭിക്കും. |
| 16 | സ്കെയിൽഅ പ് പ്രോത്സാഹനങ്ങൾ | എല്ലാ വിഭാഗങ്ങളും | സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെഎസ്ഐഡിസി വഴി 1 കോടി വരെയുള്ള സ്കെയിൽ അപ്പ് ലോണുകൾ ലഭിക്കും |
| 17 | മേയ്ഡ്-ഇൻ കേരള (ബ്രാൺ സിംഗും മാർക്കറ്റിംഗും) | എല്ലാ വിഭാഗങ്ങളും | 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ് |
| 18 | പിഎൽഐ (പ്രൊഡക്ഷൻ ലിങ്ക്സ് ഇൻസെന്റീവ്) ന് | എല്ലാ വിഭാഗങ്ങളും | കേന്ദ്രസർക്കാരിന്റെ പിഎൽഐ സ്കീമുകൾക്ക് കീഴിൽ ഷോർട്ട് ലിസ്റ്റ് ചെയ്ത സംസ്ഥാനത്തെ വ്യാവസായിക യൂണിറ്റുകൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% |

| | | | |
|---|---|---|---|
| | അർഹതയുള്ള എല്ലാ നിക്ഷേപകരെയും ആകർഷിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് | | ഒറ്റത്തവണ ടോപ് അപ് ഇൻസെന്റീവ് പരമാവധി ₹1.0 കോടി വരെ നൽകും പ്രസ്തുത സംരംഭങ്ങൾക്കുള്ള മറ്റ് സബ്സിഡികൾ കൂടാതെയാണ് ഇത്തരം ടോപ് അപ് ഇൻസന്റീവ് |
| 19 | അപ്രന്റീസ്ഷിപ്പ് ഇൻസന്റീവ് (ഉൽപ്പാദന മേഖല) | ഉൽപ്പാദന മേഖല | ഒരു അപ്രന്റീസിന് പരമാവധി ₹5000/-ത്തിനു വിധേയമായി 1000 അപ്രന്റീസുകൾക്ക് (വാർഷികം) 6 മാസത്തേക്ക് സ്റ്റൈപ്പന്റിന്റെ 50% |

മേൽപ്പറഞ്ഞ എല്ലാ പ്രോത്സാഹന പദ്ധതികളും സംസ്ഥാന നോഡൽ ഏജൻസിയായ കെഎസ്ഐഡിസി മുഖേന നടപ്പിലാക്കാവുന്നതാണ്. KSPACE ഫസിലിറ്റേറ്റർ ആയി പ്രവർത്തിക്കുന്നതാണ്.

**KSPACE-ലെ യൂണിറ്റുകൾക്ക് അധിക പ്രോത്സാഹനങ്ങൾ**

| | | | |
|---|---|---|---|
| 0 | മൂലധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം | എല്ലാ വിഭാഗങ്ങളും | • 50 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള ഓരോ ഉപകരണങ്ങൾക്കും ഇത് ബാധകമായിരിക്കും<br>• പരമാവധി സഹായം ഉപകരണവിലയുടെ 10%<br>• ഭൂമി/സിവിൽ ജോലികൾക്ക് ബാധകമല്ല<br>• ഒരു യൂണിറ്റിനുള്ള സഹായം വാങ്ങൽ ചെലവിന്റെ 10% ആയി പരിമിതപ്പെടുത്തും<br>• ഈ സഹായം 50 ലക്ഷം/യൂണിറ്റ്/വർഷം ആയി പരിമിതപ്പെടുത്തും<br>• ആദ്യ 5 വർഷത്തിലെ പ്രവർത്തനത്തിന് ഈ സഹായം ലഭിക്കും<br>• ഇറിവോക്കബിൾ ബാങ്ക് ഗ്യാരണ്ടിയിന്മേൽ വീണ്ടെടുക്കാനാകും<br>• സംസ്ഥാന സർക്കാരിനു നൽകുന്ന എസ്ജിപിടി വഴി പലിശയില്ലാതെ സഹായധനം ഈടാക്കുന്നതിന്മേൽ ബിജി നൽകുന്നതാണ്. എസ്ജിപിറ്റി സ്റ്റേറ്റ്മെന്റിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനെ അടിസ്ഥാനമാക്കി ബിജി ലഘൂകരിക്കും. |
| 1 | ഭൂമിപാട്ട ചെലവിന്മേൽ സബ്സിഡി | എല്ലാ വിഭാഗങ്ങളും | • ഭൂമി/കെട്ടിടത്തിന് 99 വർഷത്തെ പാട്ട പ്രീമിയത്തിൽ 50% സബ്സിഡി<br>• പദ്ധതിയിൽ സർക്കാർ ഓഹരിയായോ അല്ലെങ്കിൽ അനുയോജ്യമായ മറ്റൊരു കരാർ വഴിയോ സബ്സിഡി തുക വാഗ്ദാനം ചെയ്യാം<br>• 10 വർഷത്തെ മോറട്ടോറിയം കാലാവധിക്കുശേഷം സർക്കാർ തിരിച്ചുപിടിക്കും<br>• ഓഹരിയുടെ 50% പ്രവർത്തനത്തിന്റെ 11-ാം വർഷത്തിലും ബാക്കിയുള്ളത് തുല്യഗഡുക്കളായി പ്രവർത്തനത്തിന്റെ 12-ാം വർഷത്തിലും 13-ാം വർഷത്തിലും തിരികെ എടുക്കാം |

| | | | |
|---|---|---|---|
| 2 | നിയമപരമായ എല്ലാ ക്ലിയറൻസുകൾക്കും ഏക ജാലക ക്ലിയറൻസ് | എല്ലാ വിഭാഗങ്ങളും | നിയമപരമായ എല്ലാ ക്ലിയറൻസുകളും ഒരു ഫാസ്റ്റ്-ട്രാക്ക് രീതിയിൽ അവലോകനം ചെയ്യുന്നതിന് സർക്കാർ ഒരു എംപവേഡ് കമ്മിറ്റി രൂപീകരിക്കും |
| 3 | വൈദ്യുതി ബില്ലുകളിന്മേലുള്ള സബ്സിഡി | എല്ലാ വിഭാഗങ്ങളും | പ്രവർത്തനത്തിന്റെ ആദ്യ 5 വർഷത്തിൽ വൈദ്യുതി ബില്ലിന്മേൽ 10% സബ്സിഡി |
| 4 | വെള്ളക്കരത്തിന്മേലുള്ള സബ്സിഡി | എല്ലാ വിഭാഗങ്ങളും | ആദ്യത്തെ 5 വർഷത്തിൽ വാട്ടർബില്ലിന്മേൽ 10% സബ്സിഡി |
| 5 | മുൻകൂർ സബ്സിഡി | എല്ലാ വിഭാഗങ്ങളും | KSPACE സ്ഥലത്തിനുള്ളിൽ നിർമ്മിത ഇടമോ ഭൂമിയോ പ്രയോജനപ്പെടുത്തുന്ന സംരംഭങ്ങൾക്ക് 10 വർഷത്തേക്ക് (ജാനുവരി 2024 മുതൽ 2034 വരെ) പ്രാരംഭ പാട്ട/വാടക മുൻകൂർ പേയ്മെന്റിന്മേൽ 25% കിഴിവ് |

# അദ്ധ്യായം X:

# നടപ്പിലാക്കുന്ന ഏജൻസികൾ

| ക്രമ നം. | ഡിവിഷൻ | പോളിസി മാനേജ്മെന്റിന്റെ മേഖലകൾ | പ്രവർത്തന മേഖലകൾ/സുഗമമാക്കൽ |
|---|---|---|---|
| 1 | KSITM | ഇ-ഗവേണൻസ് നയനിരീക്ഷണം | ഡിജിറ്റൽ പൗരത്വപിന്തുണ സാങ്കേതിക വിദ്യയുടെ ഉത്തരവാദിത്വ ഉപയോഗം |
| 2 | KSITIL | ഐടി അടിസ്ഥാന സൗകര്യവികസനം | E&IT വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഐടി ഇൻഫ്രാസ്ട്രക്ചറിന്റേയും ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിന്റേയും (ഡാറ്റാ സെന്ററുകൾ നോളജ് സെന്ററുകൾ) ആശയവൽക്കരണം, രൂപകൽപ്പന നിർമ്മാണം |
| 3 | ഐറ്റി പാർക്കുകൾ | വ്യവസായ വികസനം | 1. ബിൽറ്റ്-അപ്പ് ഐടി സ്പെയ്സുകളുടെ മാർക്കറ്റിംഗ്<br>2. ഐടി പാർക്കുകളുടെ പ്രവർത്തനവും പരിപാലനവും |
| 4 | KSUN | നവീകരണം, സംരംഭകത്വവും സ്റ്റാർട്ടപ്പുകളും | വളർന്നുവരുന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കുക |
| 5 | ഡിജിറ്റൽ സർവ്വകലാശാല | ഗവേഷണം പുതിയ സാങ്കേതിക വിദ്യാവികസനം ഡിജിറ്റൽ സയൻസ് പാർക്ക് | ഐപി അധിഷ്ഠിത ഉൽപ്പന്ന ആവാസ വ്യവസ്ഥയുടെ വികസനത്തെ പിന്തുണയ്ക്കുന്ന ഇ-ഗവേണൻസിലെ എല്ലാ പുതിയ സാങ്കേതിക വിദ്യകളും സ്വീകരിക്കൽ |
| 6. | ഐസിറ്റി അക്കാദമി | ശേഷി വർദ്ധിപ്പിക്കൽ പരിശീലന സബ്സിഡി | അപ്പ് സ്കില്ലിംഗ് ആവശ്യകതകൾ ഉൾപ്പെടെ, വിദ്യാർത്ഥികൾക്കും ഫാക്കൽറ്റികൾക്കുമുള്ള നൈപുണ്യ പരിശീലന പരിപാടികൾ, വ്യവസായ പങ്കാളിത്തവും അക്കാദമിക് അംഗത്വവും |

| | | | |
|---|---|---|---|
| 7 | ICFOSS | ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും ഹാർഡ് വെയറും ഉപയോഗ്ച്ച ഡിജിറ്റൽ പൗരത്വവും ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുക | സൗജന്യമായ ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറിന്റെയും അറിവിന്റെയും മേഖലയിൽ ഗവേഷണത്തിനും വികസനത്തിനും പരിശീലനവും കൺസൾട്ടേഷനും ഇൻകുബേഷൻ എന്നിവയ്ക്കായി സൗകര്യമൊരുക്കുക |
| 8 | സി-ഡിറ്റ് | ഇ-ഗവേണൻസ് കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടിംഗ് | ഡിജിറ്റൽ മീഡിയ ഇൻഫർമേഷൻ ടെക്നോളജി സംവിധാനങ്ങൾ ഉപകരണങ്ങൾ ആപ്ലിക്കേഷനുകൾ പിഎംസി കരാറുകൾ നടപ്പിലാക്കൽ, സയൻസ് ആന്റ് ഡവലപ്മെന്റ് ആശയവിനിമയത്തിനുള്ള ഉള്ളടക്കവികസനം ഓപ്റ്റിക്കൽ ഇമേജ് പ്രോസസിംഗ് ഉപകരണങ്ങൾ ഉപയോഗിച്ച് രൂപകല്പനയും നിർമ്മാണവും എന്നീ മേഖലയിലെ സംഘടനകൾക്ക് സൗകര്യമൊരുക്കുക, ആശയവിനിമയം ഡിജിറ്റൽ മീഡിയ ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ വിദ്യാഭ്യാസവും പരിശീലനവും നൽകുക |
| 9 | KFON | ടെലികോം ഇൻഫ്രാസ്ട്രക്ചർ | ടെലികോം ഇൻഫ്രാ (5ജി ഫൈബർ ഓപ്റ്റിക് കണക്ടിവിറ്റി മുതലായവ) നടപ്പിലാക്കുന്നതിന് സ്ഥാപനങ്ങൾക്ക് സൗകര്യമൊരുക്കുക |
| 10 | KSPACE | സംസ്ഥാനത്ത് സ്പേസ് ടെക് ആവാസ വ്യവസ്ഥ വികസിപ്പിക്കുന്നത് | സ്പെയ്സ് ടെക് കമ്പനികളേയും സ്റ്റാർട്ടപ്പുകളേയും സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും/പൊതുസൗകര്യങ്ങൾ നിർമ്മിക്കുന്നതിനും/നയങ്ങൾ നടപ്പിലാക്കുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് അന്തരീക്ഷം വികസിപ്പിക്കുന്നതിന് മറ്റ് അന്തർദ്ദേശീയ സ്പെയ്സ് ഏജൻസികളും കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും അന്തർദ്ദേശീയ ഗവേഷണവികസന സംഘടനകളുമായി ശക്തമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും |
| 11 | KITE | ICT വിദ്യാഭ്യാസം, വിദ്യാർത്ഥികൾക്കുള്ള പരിശീലനം<br>സ്കൂളുകളിൽ ICT അടിസ്ഥാന സൗകര്യ വിദ്യാഭ്യാസം | FOSS ഉപയോഗിച്ച് സംസ്ഥാനത്തെ 16000 സ്കൂളുകളിൽ ICT വിദ്യാഭ്യാസം KITE, VICTERS ചാനൽ ഉൾപ്പെടെ വിവിധ പ്ലാറ്റ് ഫോമുകൾക്കു വേണ്ടി ICT ഉള്ളടക്കവികസനം, പൊതുജനങ്ങൾക്കുള്ള കൂടിയുള്ള ഡിജിറ്റൽ മീഡിയ ലിറ്ററസി പ്രോഗ്രാം ഉൾപ്പെടെ ICT പരിശീലനം പ്രദാനം ചെയ്യുന്നതിന് എല്ലാ സ്കൂളുകളിലും ലിറ്റിൽ KITES ഐടി ക്ലബുകളുടെ പ്രവർത്തനം എന്നിവ സൗകര്യപ്പെടുത്തുക |

**''ഡോക്കുമെന്റിന്റെ അവസാനം''**